# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

MARCH 2026 | Vol - 6 ● Issue - 3 ● 16 Page Tabloid | www.syromalabarvision.com


# നോമ്പുകാലം: ശ്രവണത്തിന്റെയും മാനസാന്തരത്തിന്റെയും സമയം

## പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പായുടെ 2026-ലെ നോമ്പുകാലസന്ദേശം



**മാനസാന്തരത്തിന്റെ ഓരോ വഴിയും ആരംഭിക്കുന്നത് നമ്മുടെ ഹൃദയങ്ങൾ ദൈവവചനത്താൽ സ്പർശിക്കപ്പെടാൻ അനുവദിക്കുകയും ആ വചനത്തെ അനുഭാവമുള്ള ചൈതന്യത്താൽ സ്വാഗതം ചെയ്യുകയും ചെയ്യുമ്പോഴാണ്.**

പ്രിയ സഹോദരീസഹോദരന്മാരേ,

മാതൃസഹജമായ കരുതലാൽ പ്രചോദിതയായി ദൈവത്തിന്റെ രഹസ്യം നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാക്കി തീർക്കാനുള്ള ക്ഷണവുമായി തിരുസഭ കാത്തു നില്ക്കുന്ന സമയമാണ് നോമ്പുകാലം. അതിന്റെ ലക്ഷ്യം നമ്മുടെ വിശ്വാസത്തിന്റെ നവീകരണവും നമ്മുടെ ഹൃദയങ്ങൾ ദൈനംദിന ജീവിതത്തിന്റെ ഉതകണ്ഠകളാലും ശ്രദ്ധ വ്യതിചലിക്കലുകളാലും ഗ്രസിക്കപ്പെടാതിരിക്കുകയും ചെയ്യുക എന്നതത്രേ.

മാനസാന്തരത്തിന്റെ ഓരോ വഴിയും ആരംഭിക്കുന്നത് നമ്മുടെ ഹൃദയങ്ങൾ ദൈവവചനത്താൽ സ്പർശിക്കപ്പെടാൻ അനുവദിക്കുകയും ആ വചനത്തെ അനുഭാവമുള്ള ചൈതന്യത്താൽ സ്വാഗതം ചെയ്യുകയും ചെയ്യുമ്പോഴാണ്. വചനവും അതിന്റെ സ്വീകരണവും അതു വരുത്തിവെക്കുന്ന പരിവർത്തനവും തമ്മിൽ യഥാർഥ ബന്ധമുണ്ട്. ഇക്കാരണത്താൽ, തപസ്സുകാലതീർത്ഥാടനം കർത്താവിന്റെ സ്വരം ശ്രവിക്കാനും ക്രിസ്തുവിനെ അനുധാവനം ചെയ്യുന്നതിനുള്ള നമ്മുടെ പ്രതിജ്ഞാബദ്ധത പരിഷ്കരിക്കാനുമുള്ള സ്വീകാര്യമായ അവസരമാണ്; അത് ജറുസലേമിലേക്കുള്ള വഴിയിൽ അവിടുത്തെ അനുഗമനം ചെയ്യുക എന്നതാണ്; അവിടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യം പൂർത്തീകരിക്കപ്പെടും.

### ശ്രവണം

ശ്രവിക്കുന്നതുവഴിയാണ് നാം വചനത്തിന് ഇടംനല്കുന്നത് എന്നതാണ് ഈ വർഷം ഒന്നാമത്തെ ചിന്തയായി ഞാൻ പങ്കുവയ്ക്കുന്നത്. ഒരാളെ ശ്രവിക്കാനുള്ള സന്നദ്ധതയാണ് നാം ആരെങ്കിലുമായി ബന്ധത്തിൽ ആയിരിക്കാൻ താത്പര്യപ്പെടുന്നു എന്നതിന്റെ ആദ്യലക്ഷണം.

എരിഞ്ഞടങ്ങാത്ത മുൾപ്പടർപ്പിൽനിന്നു മോശയ്ക്ക് തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ട്, തന്നെ നിർവചിക്കുന്ന ലക്ഷണങ്ങളിൽ ഒന്ന് ശ്രവണമാണെന്ന് ദൈവം നമ്മെ പഠിപ്പിക്കുന്നു: "ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ദുരിതം ഞാൻ കാണുകതന്നെ ചെയ്തിരിക്കുന്നു. അവരുടെ രോദനം ഞാൻ കേട്ടിരിക്കുന്നു' (പുറ 3:7). അടിച്ചമർത്തപ്പെട്ടവരുടെ രോദനം കേൾക്കുന്നത് വിമോചനത്തിന്റെ കഥയുടെ ആരംഭമാണ്; അങ്ങനെയാണ് കർത്താവ് മോശയെ വിളിക്കുകയും അടിമത്തത്തിലേക്കു വലിച്ചിഴയ്ക്കപ്പെട്ട തന്റെ മക്കൾക്കു രക്ഷയുടെ വഴിതുറന്നുകൊടുക്കാൻ മോശയെ അയയ്ക്കുകയും ചെയ്യുന്നത്.

നമ്മുടെ ദൈവം നമ്മെയും കൂടെനിർത്താൻ താത്പര്യപ്പെടുന്നവനാണ്. ഇന്നും തന്റെ ഹൃദയത്തിലുള്ളത് അവിടന്ന് നമ്മോടു പങ്കുവയ്ക്കുന്നു. ഇക്കാരണത്താൽ, ആരാധനക്രമത്തിൽ വചനം ശ്രവിക്കുന്നതുവഴിയായി യാഥാർഥ്യത്തിന്റെ സത്യം എന്താണെന്ന് ശ്രവിക്കാൻ അത് നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ വ്യക്തിജീവിതങ്ങളിലും സമൂഹത്തിലുമുള്ള നിരവധി സ്വരങ്ങളുടെ മധ്യേ വേദന നിറഞ്ഞവരും സഹിക്കുന്നവരുമായുള്ളവരുടെ രോദനം തിരിച്ചറിയാനും അതിനോടു പ്രതികരിക്കാനും വിശുദ്ധലിഖിതം നമ്മെ സഹായിക്കുന്നു. ശ്രവിക്കാനുള്ള ആന്തരിക തുറവ് പരിപോഷിപ്പിക്കാനായി എപ്രകാരമാണ് ശ്രവിക്കേണ്ടതെന്നു നമ്മെ പഠിപ്പിക്കാൻ ദൈവത്തെ അനുവദിക്കണം, അവിടുന്ന് തന്നെ ശ്രവിക്കുന്നതുപോലെ. 'മാനവചരിത്രത്തിൽ ദരിദ്രരുടെ അവസ്ഥ ഒരു വിലാപം ആണ്. അത് നിരന്തരം നമ്മുടെ ജീവിതങ്ങളെയും സമൂഹങ്ങളെയും രാഷ്ട്രീയ, സാമ്പത്തിക സംവിധാനങ്ങളെയും, അങ്ങേയറ്റം സഭയെയും വെല്ലുവിളിക്കുന്നു' (1)

### ഉപവാസം

തപസ്സുകാലം ശ്രവണത്തിന്റെ സമയമാണെങ്കിൽ, ദൈവവചനം സ്വീകരിക്കാനായി നമ്മെ ഒരുക്കുന്ന ഒരു മൂർത്തമായ മാർഗമാണ് ഉപവാസം. ഭക്ഷണം ഉപേക്ഷിക്കുക എന്ന പുരാതന സന്യാസപ്രവർത്തനശൈലി (Ancient Ascetic Practice) മാനസാന്തരത്തിന്റെ പാതയിൽ അവശ്യംവേണ്ട ഒന്നാണ്. ഉപവാസം ശരീരത്തെ സംബന്ധിച്ചുള്ളതാണ്; അതിനാൽ, എന്തിനുവേണ്ടിയാണ് നമുക്ക് വിശപ്പും ദാഹവും ഉള്ളതെന്നും, എന്താണ് നമ്മുടെ ജീവൻ നിലനിന്നുപോകാൻ നമുക്ക് ആവശ്യമുള്ളതായി തോന്നുന്നതെന്നും മനസ്സിലാക്കാൻ ഉപവാസം നമ്മെ സഹായിക്കുന്നു. മാത്രമല്ല, നമ്മുടെ 'ഭക്ഷണേച്ഛകൾ' (appetites) തിരിച്ചറിയാനും അവ ക്രമപ്പെടുത്താനും നമ്മെ സഹായിക്കുന്നു. അതുപോലെ നീതിക്കായുള്ള നമ്മുടെ വിശപ്പും ദാഹവും സജീവമാക്കി നിർത്തുന്നതിനും നമ്മെ അമിതാത്മവിശ്വാസത്തിൽനിന്ന് (from complacency) മോചിപ്പിക്കുന്നതിനും സഹായകമാകുന്നു. അത് നമ്മെ പ്രാർഥിക്കാനും നമ്മുടെ അയൽക്കാരനോട് ഉത്തരവാദിത്വപൂർവം പെരുമാറാനും പഠിപ്പിക്കുന്നു.

തന്റെ ആത്മീയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ. വിശുദ്ധ അഗസ്റ്റിനോസ്, ഈ കാലഘട്ടത്തിലെ ഇപ്പോഴത്തെ നിമിഷവും ഭാവിയിലെ സാക്ഷാത്കാരവും തമ്മിലുള്ള സംഘർഷം എന്താണെന്ന് മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു; അത് നമ്മുടെ ഹൃദയത്തിന്റെ സൂക്ഷിപ്പിന്റെ ഭാഗമാണ്. അദ്ദേഹം പറയുന്നു: "ഈ ഭൂമിയിലെ ജീവിതത്തിന്റെ കാലഘട്ടത്തിൽ സ്ത്രീപുരുഷന്മാരുടെ ഉത്തരവാദിത്വമാണ് നീതിക്കുവേണ്ടി വിശപ്പും ദാഹവും അനുഭവിക്കുക എന്നത്; എന്നാൽ അത് ശമിപ്പിക്കപ്പെടുന്നത് അടുത്ത ലോകത്തിലാണ്. മാലാഖമാർ ഈ അപ്പംകൊണ്ട്, ഈ ഭക്ഷണം കൊണ്ട്, സംതൃപ്തരാക്കപ്പെടുന്നു. മറുവശത്ത്, മനുഷ്യരാശിയാകട്ടെ അതിനായി വിശപ്പ് അനുഭവിക്കുന്നു; നാമെല്ലാവരും ആഗ്രഹത്താൽ അതിലേക്കു നയിക്കപ്പെടുന്നു. ആഗ്രഹത്താലുള്ള ഈ എത്തിനില്ക്കൽ ആത്മാവിനെ വിസ്തൃതമാക്കുന്നു (expands); അതിന്റെ പ്രാപ്തി (capacity) വർധമാനമാക്കുകയും ചെയ്യുന്നു'(2), ഈ രീതിയിൽ മനസ്സിലാക്കപ്പെടുമ്പോൾ, ഉപവാസം നമ്മുടെ ആഗ്രഹത്തെ ശുദ്ധിവരുത്തി അതിനെ കൂടുതൽ സ്വതന്ത്രമാക്കി നിയന്ത്രിക്കാൻ അനുവദിക്കുന്നതോടൊപ്പം അതിനെ വിപുലമാക്കാനും അങ്ങനെ ദൈവത്തിലേക്കു തിരിക്കാനും നന്മചെയ്യാനും പ്രാപ്തമാക്കുന്നു.

എന്നാൽ, സുവിശേഷാത്മക ചൈതന്യമനുസരിച്ച് ഉപവാസം അനുഷ്ഠിക്കാനും അത് അഹംഭാവം എന്ന പ്രലോഭനത്തിലേക്കു നയിക്കാതിരിക്കാനും ഇടവരണമെങ്കിൽ അത് വിശ്വാസത്തിലും വിനയത്തിലുമാണ് നടത്തേണ്ടത്. കർത്താവുമായുള്ള കൂട്ടായ്മയിൽ ആയിരിക്കണം അത് അടിസ്ഥാനപ്പെടുത്തേണ്ടത്; എന്തെന്നാൽ, 'ദൈവവചനത്താൽ സ്വയം പരിപോഷിതരാകാൻ സാധിക്കാത്തവർക്ക് ശരിയായ രീതിയിൽ ഉപവസിക്കാനാവില്ല' (3). പ്രസാദവരത്തിന്റെ സഹായത്താൽ പാപത്തിലും തിന്മയിലും നിന്ന് ഒഴിഞ്ഞിരിക്കാനുള്ള നമ്മുടെ ആന്തരിക പ്രതിജ്ഞാബദ്ധതയുടെ പ്രത്യക്ഷമായ അടയാളമായി ആചരിക്കുന്ന ഉപവാസം കൂടുതൽ സമചിത്തമായ ഒരു ജീവിതശൈലി നേടിയെടുക്കാനുള്ള ലക്ഷ്യത്തിനു സഹായകമായ സ്വയനിഗ്രഹത്തിന്റെ ഇതര രൂപങ്ങളും ഉൾക്കൊള്ളുന്നതാകണം; കാരണം 'തീവ്രവിരക്തി (austerity) മാത്രമാണ് ക്രൈസ്തവ ജീവിതം ബലമുള്ളതും ആധികാരികവും ആക്കിത്തീർക്കുന്നത്' (4).

ഈ അർഥത്തിൽ. വളരെ പ്രായോഗികവും സാധാരണ രീതിയിൽ കാര്യമായി വിലകല്പിക്കപെടാത്തതുമായ ഒരു വർജനമാർഗത്തിലേക്കു ഞാൻ നിങ്ങളെ ക്ഷണിക്കാൻ ഉദ്ദേശിക്കുന്നു: നമ്മുടെ അയൽക്കാരനെ അവഹേളിക്കുകയും മുറിപ്പെടുത്തുകയും ചെയ്യുന്ന വാക്കുകളിൽനിന്ന് ഒഴിഞ്ഞിരിക്കുക. നമുക്ക് നമ്മുടെ ഭാഷ നിരായുധീകരിച്ചുകൊണ്ട് ആരംഭിക്കാം: അതായത്, പരുഷമായ വാക്കുകളും വിവേകരഹിതമായ വിധിപറച്ചിലും പരദൂഷണവും ഒഴിവാക്കാം; സന്നിഹിതരല്ലാത്തവർക്കും സ്വയം പ്രതിരോധിക്കാൻ കഴിയാത്തവർക്കും എതിരായി സംസാരിക്കാതിരിക്കാം. അതിനുപകരം നമ്മുടെ കുടുംബങ്ങളിലും സുഹൃത്തുക്കളുടെ ഇടയിലും ജോലിസ്ഥലത്തും സമൂഹമാധ്യമങ്ങളിലും രാഷ്ട്രീയസംവാദങ്ങളിലും മാധ്യമങ്ങളിലും ക്രൈസ്തവസമൂഹങ്ങളിലും നമുക്ക് നമ്മുടെ വാക്കുകൾ അളന്ന് നിശ്ചയിച്ച് ഉപയോഗിക്കുകയും ദയയും ബഹുമാനവും പരിശീലിക്കുകയും ചെയ്യാം. ഈ രീതിയിൽ വെറുപ്പിന്റെ വാക്കുകൾക്കു പകരം പ്രത്യാശയുടെയും സമാധാനത്തിന്റെയും വാക്കുകൾ പുലരും.

ശേഷം പേജ് 3-ൽ

## എഡിറ്റോറിയൽ

# യുദ്ധകാലത്തെ നോമ്പ്: മാനസാന്തരത്തിലേക്കും ഉത്തരവാദിത്തത്തിലേക്കുമുള്ള വിളി

ധ്യാനത്തിനും മാനസാന്തരത്തിനും നവീകരണത്തിനുമായി തിരുസഭ നല്കുന്ന വലിയനോമ്പെന്ന പുണ്യകാലത്തിലേക്കു നമ്മൾ പ്രവേശിച്ചിരിക്കുകയാണ്. ഇത്തവണത്തെ നോമ്പു മുന്നോട്ടുപോകുമ്പോൾ ഗൾഫുമേഖലയിലെ യുദ്ധത്തിന്റെ കരിനിഴൽ എല്ലായിടത്തും പരക്കുന്നുണ്ട്. നമ്മുടെ വാർത്താമുറികളിൽ ഓരോ ദിവസവും എത്തുന്ന നാശത്തിന്റെയും പലായനത്തിന്റെയും ഭയത്തിന്റെയും അസ്വസ്ഥത ജനിപ്പിക്കുന്ന ചിത്രങ്ങൾ കേവലം വിദൂര യാഥാർത്ഥ്യങ്ങളല്ല; അവ നാമുൾപ്പെടുന്ന മനുഷ്യസമൂഹത്തിന്റെ മുറിവുകളാണ്.

ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ, പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ, നിസ്സംഗതയിലേക്കും നിരാശയിലേക്കുമുള്ള പ്രലോഭനത്തെ ചെറുത്തു പ്രത്യാശയിൽ ഒരുമിച്ച് നടക്കാൻ വിശ്വാസികളെ ക്ഷണിക്കുന്നുണ്ട്. പരിവർത്തനം എന്നതു കേവലം ശീലങ്ങളുടെ മാറ്റമല്ല, മറിച്ച്, മനുഷ്യൻ ദൈവവുമായും പരസ്പരവും സൃഷ്ടവസ്തുക്കളുമായുമുള്ള ബന്ധം പുനഃസ്ഥാപിക്കുന്ന ഹൃദയത്തിന്റെ രൂപാന്തരീകരണമാണെന്നു പരിശുദ്ധ പിതാവു നമ്മെ ഓർമിപ്പിക്കുന്നു.

യുദ്ധം എപ്പോഴും മനുഷ്യരാശിയുടെ ഒരു പരാജയമാണ്. ഗൾഫുസംഘർഷം ഇതിനോടകം ആഗോളസ്ഥിരതയെ തടസ്സപ്പെടുത്തുകയും സമ്പത്വ്യവസ്ഥയെ ഞെരുക്കുകയും സാധാരണ കുടുംബങ്ങളിൽ ഉത്കണ്ഠ വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കുടിയേറ്റ തൊഴിലാളികൾ അനിശ്ചിതത്വം നേരിടുന്നു; വിതരണശൃംഖലകൾ ഇളകിയിരിക്കുന്നു; ദുർബലരായ ജനങ്ങൾ നിശബ്ദമായി കഷ്ടപ്പെടുന്നു. സാമൂഹികസാമ്പത്തിക പ്രത്യാഘാതങ്ങൾ യുദ്ധക്കളത്തിനപ്പുറത്തേക്കു വളരെ ദൂരെയാണ് അനുഭവപ്പെടുന്നത്. എന്നാലും, തിട്ടപ്പെടുത്താവുന്ന ഈ അനന്തരഫലങ്ങൾക്കപ്പുറം യുദ്ധം കൊണ്ടുവരുന്ന ആഴത്തിലുള്ള ഒരു ആത്മീയ പ്രതിസന്ധിയുണ്ട്: അപരനെ സഹോദരനോ സഹോദരിയോ ആയിക്കാണുന്ന സാഹോദര്യബോധത്തിന്റെ അപചയം.

നോമ്പ് നമ്മെ പഠിപ്പിക്കുന്ന വഴി മറ്റൊന്നാണ്. പ്രാർഥന, ഉപവാസം, ദാനധർമ്മം എന്നിവയിലൂടെ, യുദ്ധത്തിന്റെ യുക്തിയെ എതിർക്കുന്ന മൂർത്തമായ മനോഭാവങ്ങൾ സഭ നിർദ്ദേശിക്കുന്നു. പ്രാർഥന ആന്തരിക നിശബ്ദത വളർത്തുന്നു; പ്രചാരണത്തിന്റെയും മുൻവിധിയുടെയും ശബ്ദത്തിനുപകരം ദൈവത്തിന്റെ ശബ്ദം കേൾക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. ഉപവാസം നമ്മുടെ ആഗ്രഹങ്ങളെ ക്രമപ്പെടുത്തുന്നു; എല്ലാ ആഗ്രഹങ്ങളും നിറവേറ്റപ്പെടേതില്ലെന്നും എല്ലാ ശക്തിയും പ്രയോഗിക്കേണ്ടതില്ലെന്നും നമ്മെ ഓർമിപ്പിക്കുന്നു. ദാനധർമം, സംഘർഷത്തിന്റെ ഏറ്റവും വലിയ ഭാരം വഹിക്കുന്നവരിലേക്കു നമ്മുടെ കൈകളും ഹൃദയങ്ങളും തുറക്കുന്നു.

നോമ്പിന്റെ കേന്ദ്രമായി നിലകൊള്ളുന്നത് കുരിശാണ്. അവസാന വാക്ക് അക്രമത്തിന്റേതല്ല എന്ന യാഥാർഥ്യത്തിന്റെ ശക്തമായ വെളിപ്പെടുത്തലാണ് അത്. ക്രിസ്തുവിന്റെ മുറിവേറ്റ തിരുമാറിൽനിന്ന് ഒഴുകിയത് പ്രതികാരമല്ല, അനുരഞ്ജനമാണ്. നോമ്പിന്റെ കൃപ നമ്മുടെ ഹൃദയങ്ങളെ തുളച്ചുകയറാൻ അനുവദിച്ചാൽ, നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും പൊതുജീവിതത്തിലും അനുരഞ്ജനത്തിന്റെ ഉപകരണങ്ങളായി മാറാൻ നമുക്കു സാധിക്കും.

കുടുംബങ്ങളിലും ജോലിസ്ഥലങ്ങളിലും സഭയിലും സമൂഹത്തിലും അറിഞ്ഞോ അറിയാതെയോ നമ്മളും യുദ്ധങ്ങളിലേർപ്പെട്ടിരിക്കുകയാണ്. ഈ നിശബ്ദയുദ്ധങ്ങൾ മറ്റുള്ളവരുടെ അഭിമാനത്തിനു മുറിവേല്പ്പിക്കുകയും നമ്മുടെ വിലയേറിയ സമയവും ഊർജ്ജവും നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. അഹങ്കാരത്തിലും സ്വാർഥതയിലും വേരൂന്നിയ സംഘർഷങ്ങളുടെ ഇരകളാകുന്ന പലർക്കും തങ്ങളുടെ സമാധാനം മാത്രമല്ല, ജീവിതത്തിന്റെ അന്തസ്സും നഷ്ടപ്പെടുന്നു. സ്വാർഥതയെ ഉയർത്തിപ്പിടിക്കാനും സംരക്ഷിക്കാനുംവേണ്ടി ചെയ്യുന്ന ഈ യുദ്ധങ്ങൾ നമ്മൾ അവസാനിപ്പിക്കണം. അപ്പോൾ മാത്രമേ നോമ്പുകാലം നമ്മുടെ ആത്മാവിലും നമുക്കു ചുറ്റുമുള്ള ലോകത്തിന്റെ മുറിവുകളിലും സൗഖ്യത്തിന്റെയും സ്നേഹത്തിന്റെയും അനുഭവം പകരുകയുള്ളു. ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**എക്സിക്യൂട്ടിവ് എഡിറ്റർ**
ഫാ. ടോം ഓലിക്കരോട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ
ഫാ. ജിഫി മേക്കാട്ടുകളം
ഫാ. ജോഷി പാണംപറമ്പിൽ
ഫാ. മാത്യു തുരുത്തിപ്പള്ളി
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
സി. നവ്യ ടോം DST
സി. റോസ്മിത SMC
സി. ജെസ്സി മരിയ OP
**ഡിസൈൻ & പ്രിന്റ്**: ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്**: ജോബ് ജോസഫ്
For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

# ഓർമിക്കാനൊരു ദിനം

**മാർച്ച് 11:** പാതിനോമ്പ്
**മാർച്ച് 18:** മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ ചരമം (2023)
**മാർച്ച് 19:** വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
**മാർച്ച് 23:** മേജർ ആർച്ചുബിഷപ് മാർ ആന്റണി പടിയറയുടെ ചരമം (2000)
**മാർച്ച് 25:** മാർ ആന്റണി ചിറയത്തിന്റെ അഭിഷേകം (2006)
മംഗളവാർത്തത്തിരുനാൾ
**മാർച്ച് 27:** നാല്പതാം വെള്ളി
**മാർച്ച് 28:** മാർ ജാനുവാരിയൂസ് പാലാത്തുരുത്തി മെത്രാന്റെ ചരമം (1995)
**മാർച്ച് 29:** ഓശാന ഞായർ
**മാർച്ച് 30:** ഓശാന ഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ പള്ളിക്കൂദാശകാലം അവസാനംവരെ മാർ അദ്ദായി-മാർ മാറിയുടെ കൂദാശക്രമം ഉപയോഗിക്കുന്നു.

# നാമഹേതുകതിരുനാൾ മംഗളങ്ങൾ

**മാർച്ച് 19**


ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി


ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം


മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ


മാർ ജോസഫ് കുന്നത്ത് സിഎംഐ


മാർ ജോസഫ് കല്ലറങ്ങാട്ട്


മാർ ജോസ് പൊരുന്നേടം


മാർ ജോസഫ് പണ്ടാരശ്ശേരി


മാർ ജോസഫ് അരുമച്ചാടത്ത് എംസിബിഎസ്


മാർ ജോസ് ചിറ്റൂപറമ്പിൽ സിഎംഐ


മാർ ജോസഫ് കൊല്ലംപറമ്പിൽ സിഎംഐ


മാർ ജോസഫ് കൊടകല്ലിൽ


മാർ ജോസ് കല്ലുവേലിൽ


മാർ ജോസ് പുളിക്കൽ


മാർ ജോസഫ് സ്രാമ്പിക്കൽ


മാർ ജോസഫ് തച്ചാപറമ്പത്ത് സിഎംഐ


മാർ ജോസ് പുത്തൻവീട്ടിൽ


മാർ ജോസഫ് കൊല്ലംപറമ്പിൽ

**മാർച്ച് 23**


മാർ വിജയാനന്ദ് നെടുമ്പുറം

# നീസായിലെ വി. ഗ്രിഗറി

വഴികാട്ടികൾ

റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം

കപ്പദോസിയൻ പിതാക്കന്മാരിൽ ഒരാളായ നീസായിലെ വിശുദ്ധ ഗ്രിഗറി അടിയുറച്ച ക്രൈസ്തവകുടുംബത്തിലാണ് പിറന്നത്. ഒരു രക്തസാക്ഷിയുടെ മകളായിരുന്നു അദ്ദേഹത്തിന്റെ അമ്മ എമേലിയ. അദ്ദേഹത്തിന്റെ സഹോദരന്മാരായ ബേസിലും പീറ്ററും മെത്രാന്മാരായിരുന്നു. (കപ്പദോക്യായുടെ മെത്രാനായിരുന്ന വിശുദ്ധ ബേസിൽ ഗ്രീക്കുസഭാപിതാക്കന്മാർക്കിടയിൽ മഹാനായി ഗണിക്കപ്പെടുന്നു). മൂത്ത സഹോദരിയായ മക്രീനായാകട്ടെ വിശുദ്ധയായി അൾത്താരയിൽ വണങ്ങപ്പെടുന്നു. ഗ്രിഗറിയുടെ ആദ്യഅധ്യാപകൻ ജ്യേഷ്ഠനായ വി. ബേസിലായിരുന്നു.' തന്റെ പിതാവും പരിശീലകനും' എന്നാണ് ഗ്രിഗറി അദ്ദേഹത്തെ വിളിക്കുന്നത്.

ഗ്രിഗറിയും തന്നെപോലെ ദൈവശാസ്ത്രം പരിശീലിച്ച് ക്രൈസ്തവആത്മീയതയിൽ വളരണമെന്ന് ബേസിൽ ആഗ്രഹിച്ചു. എന്നാൽ പ്രഭാഷണകല അഭ്യസിച്ച് അധ്യാപകവൃത്തി ആരംഭിച്ച അദ്ദേഹം തെയോസേബിയ എന്ന യുവതിയെ വിവാഹം ചെയ്തു കുടുംബജീവിതം ആരംഭിക്കുകയാണ് ചെയ്തത്.



എ.ഡി 371–ൽ ബേസിൽ കപ്പദോക്യായുടെ മെത്രാനായപ്പോൾ ഗ്രിഗറിയെ നീസായുടെ മെത്രാനായി നിയമിച്ചു. അദ്ദേഹത്തിന്റെ മെത്രാഭിഷേകവും ബേസിലിന്റെ കൈവയ്പുവഴിയായിരുന്നു. പിന്നീട് അദ്ദേഹം തന്റെ ഭാര്യയോടുകൂടെ സഹോദരിയോടൊപ്പമെന്ന പോലെയാണ് ജീവിച്ചതെന്ന് നസിയാൻസൂസിലെ വിശുദ്ധ ഗ്രിഗറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

മെത്രാൻസ്ഥാനം ഏറ്റെടുത്തതോടെ ആരിയൻ പാഷണ്ഡതയ്ക്കെതിരെ ശക്തമായ നിലപാടെടുത്ത അദ്ദേഹം സത്യവിശ്വാസത്തിന്റെ പോരാളിയായി. അതുകൊണ്ടുതന്നെ ആരിയൻ സമൂഹത്തിന്റെ എതിർപ്പുകളാൽ സ്വസ്ഥമായ രൂപതാഭരണം അദ്ദേഹത്തിന് സാധ്യമായിരുന്നില്ല. അറേബിയായും പാലസ്തീനയും സന്ദർശിച്ച അദ്ദേഹം അവിടെയും ആരിയൻ പാഷണ്ഡതയ്ക്കെതിരെ സത്യവിശ്വാസം പഠിപ്പിച്ചു.

തന്റെ ജ്യേഷ്ഠനെപോലെ ഭരണപാടവം ഗ്രിഗറിക്ക് ഉണ്ടായിരുന്നില്ല. എന്നാൽ ദൈവശാസ്ത്രബോധ്യങ്ങളിലുള്ള ഉറപ്പ് അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. എ.ഡി. 376–ൽ വാലൻസ് ചക്രവർത്തിയാൽ മെത്രാൻസ്ഥാനത്തുനിന്ന് നിഷ്കാസിതനായ അദ്ദേഹം 378 ൽ ഗ്രാസിയന്റെ കാലത്താണ് പിന്നീട് സ്ഥാനം ഏറ്റെടുക്കുന്നത്.

പരിശുദ്ധാത്മാവിന്റെ പൂർണ്ണ ദൈവത്വം നിഷേധിച്ച മാസിഡോണിയനിസത്തിനെതിരെ എ. ഡി 381–ൽ കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ വിളിച്ചുചേർക്കപ്പെട്ടപ്പോൾ പ്രധാന ദൈവശാസ്ത്രജ്ഞന്മാരിലൊരാൾ ഗ്രിഗറിയായിരുന്നു. പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പൂർണ്ണദൈവത്വത്തെക്കുറിച്ച് കൗൺസിലിൽ അദ്ദേഹം നടത്തിയ പ്രഭാഷണം ഏറെ ശ്രദ്ധിക്കപ്പെട്ടു. പരിശുദ്ധാത്മാവ് പിതാവിൽ നിന്ന് പുത്രനിലൂടെ (from the Father through the son) പുറപ്പെടുന്നു എന്ന വ്യക്തത കൗൺസിലിനു നല്കിയത് അദ്ദേഹമാണ്.

എ. ഡി 394–ൽ അറേബ്യായിൽ കൂടിയ പ്രാദേശികസിനഡിൽ അദ്ദേഹത്തിന്റെ സാന്നിധ്യം ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ■

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

**മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**

# കുരിശിന്റെ വഴിയിലൂടെ ഉത്ഥാനത്തിന്റെ പ്രകാശത്തിലേക്ക്





**ആദിപാപം വഴി മനുഷ്യന് നഷ്ടമായ ദൈവിക തേജസ്സും സാദൃശ്യവും വീണ്ടെടുക്കാനുള്ള ആത്മീയ പോരാട്ടത്തിന്റെ വേദിയാണ് ഈ പുണ്യകാലം. കുരിശിന്റെ ചുവട്ടിലെ അനുതാപത്തിലൂടെയും മരുഭൂമിയിലെ പ്രാർത്ഥനയിലൂടെയും പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടാൻ ഈ നോമ്പുകാലം നമ്മെ ഓരോരുത്തരെയും ആഹ്വാനം ചെയ്യുന്നു.**

സീറോ മലബാർ സഭയുടെ ആരാധനാക്രമ വത്സരത്തിലെ ഏറ്റവും ചൈതന്യവത്തായ 'നോമ്പുകാലത്തിലൂടെ' നാം പ്രവേശിക്കുകയാണ്. നമ്മുടെ സഭാപാരമ്പര്യത്തിൽ നോമ്പുകാലം എന്നത് കേവലം ചില ഭൗതിക നിരാസങ്ങളുടെ കാലഘട്ടമല്ല; മറിച്ച്, മിശിഹായുടെ രക്ഷാകരമായ രഹസ്യങ്ങളിൽ സജീവമായി പങ്കുചേരുന്നതിനും അവിടുത്തെ പീഡാനുഭവങ്ങളിലൂടെ കടന്നുപോയി ഉത്ഥാനത്തിന്റെ മഹനീയതയിലേക്ക് പ്രവേശിക്കുന്നതിനുമുള്ള ഒരു ആത്മീയ തീർത്ഥാടനമാണ്. ആരാധനാക്രമവത്സരത്തിൽ നൂറോളം ദിവസങ്ങൾ നോമ്പിനായി സഭ നീക്കിവെച്ചിരിക്കുന്നുവെന്നത് നമ്മുടെ ആത്മീയ ജീവിതത്തിൽ ഈ കാലയളവിനുള്ള അനിഷേധ്യമായ പ്രാധാന്യത്തെ വിളിച്ചോതുന്നു. ആദിപാപംവഴി മനുഷ്യന് നഷ്ടമായ ദൈവിക തേജസ്സും സാദൃശ്യവും വീണ്ടെടുക്കാനുള്ള ആത്മീയ പോരാട്ടത്തിന്റെ വേദിയാണ് ഈ പുണ്യകാലം. അനുതാപത്തിലൂടെയും മരുഭൂമിയിലെ പ്രാർഥനയിലൂടെയും പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടാൻ ഈ നോമ്പുകാലം നമ്മെ ഓരോരുത്തരെയും ആഹ്വാനം ചെയ്യുന്നു.

നോമ്പ് നമ്മെ ഏകാന്തതയുടെ മരുഭൂമിയിലേക്ക് വിളിക്കുന്നു. മിശിഹാ മരുഭൂമിയിൽ അനുഷ്ഠിച്ച 40 ദിവസത്തെ ഏകാന്തത നമ്മുടെ ആത്മീയ ജീവിതത്തിന്റെ മാതൃകയാണ്. ഏകാന്തതയെന്നാൽ ലോകത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല, മറിച്ച് ദൈവത്തിന്റെ സ്വരം കേൾക്കാൻ തടസ്സമാകുന്ന ലൗകിക ശബ്ദങ്ങളെ നിശബ്ദമാക്കലാണ്. 'മരുഭൂമിയിൽ വെച്ച് ഞാൻ അവളോട് സംസാരിക്കും' (ഹോസിയാ 2:14) എന്ന വചനം പോലെ, നമ്മുടെ ഹൃദയമാകുന്ന മരുഭൂമിയിൽ കർത്താവിനെ കണ്ടുമുട്ടാൻ ഈ ഏകാന്തത അനിവാര്യമാണ്. പൗരസ്ത്യ പിതാക്കന്മാർ ഈ അവസ്ഥയെ 'നിശബ്ദതയിലുള്ള വിശ്രമം' എന്ന് വിളിക്കുന്നു. നിനവേയിലെ വി. ഇസഹാക്ക് പഠിപ്പിക്കുന്നു, 'നീ നിന്നെത്തന്നെ നിശബ്ദനാക്കിയാൽ, നിന്റെ നിശബ്ദത നിനക്കായി ഒരു രഥമായി മാറും; അത് നിന്നെ ദൈവത്തിലേക്ക് എത്തിക്കും.' വിശുദ്ധ എഫ്രേം മരുഭൂമിയെയും ഏകാന്തതയെയും വിശേഷിപ്പിക്കുന്നത് മണവാളനായ ക്രിസ്തുവിനെ മണവാട്ടിയായ ആത്മാവ് കണ്ടുമുട്ടുന്ന ഇടമായിട്ടാണ്. ഈ നോമ്പുകാലത്തെ ഏകാന്തത നമ്മുടെ ആത്മാവിനെ ദൈവസ്നേഹത്തിന്റെ അഗ്നിയിൽ ശുദ്ധീകരിക്കുന്ന ഇടമാണ്. മരുഭൂമിയിലെ ക്രിസ്തുവിന്റെ 40 ദിവസങ്ങൾ നമുക്ക് നൽകുന്ന പാഠം ഇതാണ്: പിശാചിന്റെ പ്രലോഭനങ്ങളെ ജയിക്കാനും പിതാവിന്റെ ഇഷ്ടം തിരിച്ചറിയാനും ഏകാന്തത അനിവാര്യമാണ്. ഈ നോമ്പുകാലത്ത് നമ്മുടെ വീടുകളിലും ജോലിസ്ഥലങ്ങളിലും ഹൃദയത്തിന്റെ ഒരു 'മരുഭൂമി' സൃഷ്ടിക്കാൻ നമുക്ക് സാധിക്കണം. അവിടെ നാം ഒറ്റയ്ക്കല്ല, മറിച്ച് പ്രപഞ്ചനാഥനായ ദൈവത്തോടൊപ്പമാണ്.

നമ്മുടെ സഭയുടെ പാരമ്പര്യത്തിൽ നോമ്പ് എന്നത് കണ്ണുനീരിലൂടെയുള്ള ശുദ്ധീകരണമാണ്. സുവിശേഷത്തിലെ മൂന്ന് വ്യക്തിത്വങ്ങൾ ഈ പരിവർത്തനത്തിന് വഴികാട്ടികളാണ്: നല്ല കള്ളൻ: കുരിശിന്റെ ചുവട്ടിൽ നിൽക്കുമ്പോൾ, നല്ല കള്ളൻ തിരിച്ചറിഞ്ഞത് മിശിഹായുടെ ദൈവത്വമാണ്. ഒരു നിമിഷത്തെ ആത്മാർത്ഥമായ അനുതാപം അവന് സ്വർഗ്ഗവാതിൽ തുറന്നു നൽകി. സഭയുടെ പ്രാർത്ഥനകളിൽ നല്ല കള്ളൻ 'പറുദീസയുടെ താക്കോൽ' കൈവശമാക്കിയവനാണ്. അനുതാപത്തിലൂടെ നമ്മിലെ പഴയ മനുഷ്യനെ കുരിശിൽ തറയ്ക്കാനും മിശിഹായോടൊപ്പം ഉയിർക്കാനും അവൻ നമ്മെ പഠിപ്പിക്കുന്നു. മഗ്ദലന മറിയം: പാപത്തിന്റെ അന്ധകാരത്തിൽ നിന്ന് സ്നേഹത്തിന്റെ പ്രകാശത്തിലേക്ക് അവൾ നടന്നുകയറി. അവിടുത്തെ പാദങ്ങളിൽ കണ്ണീരൊഴുക്കിയ അവൾ കാണിച്ചുതരുന്നത്, ദൈവം ആഗ്രഹിക്കുന്നത് ബലികളല്ല, മറിച്ച് തകർന്ന് അനുതപിക്കുന്ന ഹൃദയമാണെന്നാണ്. നിക്കോദേമോസ്: പകൽവെളിച്ചത്തിൽ ക്രിസ്തുവിനെ പരസ്യമായി ഏറ്റുപറയാൻ മടിച്ച നിക്കോദേമോസ്, നോമ്പുകാലത്തെ ആത്മീയ വളർച്ചയുടെ പ്രതീകമാണ്. രാത്രിയുടെ നിഗൂഢതയിൽ നിന്ന് ക്രിസ്തു എന്ന വെളിച്ചത്തിലേക്ക് അവൻ പടിപടിയായി വളർന്നു. ക്രൂശിതന്റെ ചുവട്ടിൽ വിലയേറിയ സുഗന്ധദ്രവ്യങ്ങളുമായി എത്തിയ നിക്കൊദേമൂസിനെപ്പോലെ, നമ്മുടെ കഠിനാധ്വാനത്തിന്റെ ഫലങ്ങൾ ദരിദ്രർക്കും അഗതികൾക്കുമായി പങ്കുവയ്ക്കാൻ തയ്യാറാകുമ്പോഴാണ് നമ്മുടെ നോമ്പ് അനുഷ്ഠാനം അർഥപൂർണ്ണമാകുന്നത്. ഉപവാസമെന്നത് ശരീരത്തിന്റെ വിശപ്പിലൂടെ ആത്മാവിന്റെ വിശപ്പിനെ ഉണർത്തുന്ന പ്രക്രിയയാണ്. ഈ വിശപ്പ് നമ്മെ സഹോദരനിലേക്ക് നയിക്കണം.

ഈ വലിയ നോമ്പുകാലം കേവലം ചടങ്ങുകളിലോ ആചാരങ്ങളിലോ ഒതുങ്ങിനിൽക്കേണ്ട ഒന്നല്ല; മറിച്ച്, മിശിഹായുടെ പീഡാനുഭവങ്ങളോടും മരണത്തോടും താദാത്മ്യപ്പെട്ടുകൊണ്ട് അവിടുത്തെ മഹത്വപൂർണ്ണമായ ഉത്ഥാനത്തിൽ പങ്കുചേരാനുള്ള ഒരു 'ദൈവികീകരണ' (Theosis) പ്രക്രിയയാണ്. നമ്മുടെ ഉപവാസം ശരീരത്തിന്റെ വിശപ്പിലൂടെ ആത്മാവിനെ ഉണർത്തുകയും, പ്രാർഥന നമ്മുടെ ഹൃദയങ്ങളെ സ്വർഗീയ നിശബ്ദതയിലേക്ക് ഉയർത്തുകയും ദാനധർമ്മം സഹോദരന്റെ മുറിവുകളിൽ മിശിഹായെ ദർശിക്കാൻ നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. നിക്കോദേമോസിനെപ്പോലെ ഭയത്തിന്റെ രാത്രികളിൽ നിന്ന് സത്യത്തിന്റെ വെളിച്ചത്തിലേക്കും നല്ല കള്ളനെപ്പോലെ കുരിശിന്റെ ചുവട്ടിലെ അനുതാപത്തിലേക്കും, മഗ്ദലന മറിയത്തെപ്പോലെ സ്നേഹത്തിന്റെ പരിമളതൈലവുമായും നമുക്ക് കർത്താവിനെ അനുഗമിക്കാം. വിജനമായ മരുഭൂമിയിലെ ഏകാന്തതയിൽ നമ്മെത്തന്നെ ശൂന്യമാക്കുമ്പോൾ, ഉയിർത്തെഴുന്നേറ്റ ക്രിസ്തു നമ്മിൽ പുതിയ സൃഷ്ടിയായി ജന്മമെടുക്കും. കുരിശിന്റെ വഴിയിൽ നിന്ന് ഉത്ഥാനത്തിന്റെ പ്രഭയിലേക്കുള്ള ഈ തീർഥാടനത്തിൽ മിശിഹായുടെ വലിയ കൃപ നമ്മെ ഓരോരുത്തരെയും നയിക്കട്ടെ. ■

## മാർപാപ്പയുടെ നോമ്പുകാല സന്ദേശം

1-ാം പേജ് തുടർച്ച

### ഒരുമിച്ച്

അവസാനമായി, നോമ്പുകാലം വചനശ്രവണത്തിന്റെയും ഉപവാസത്തിന്റെയും സാമൂഹ്യതലത്തിന് ഊന്നൽ നല്കുന്നു. വിവിധങ്ങളായ മാർഗങ്ങളിലൂടെ ബൈബിൾ തന്നെയും ഈ തലത്തിന് അടിവരയിടുന്നു. ഉദാഹരണത്തിന്, നിയമപുസ്തകത്തിന്റെ പൊതുവായ വായനയ്ക്ക് ജനം ഒരുമിച്ചു കൂടിയതിന്റെ വിവരണം നെഹെമിയായുടെ പുസ്തകം നല്കുന്നു. ദൈവവുമായുള്ള ഉടമ്പടിയുടെ നവീകരണത്തിനായി അവരുടെ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടും ഉപവസിച്ചുകൊണ്ട് ആരാധന നടത്തിക്കൊണ്ടും അവർ തയ്യാറെടുക്കുകയായിരുന്നു (9:13 കാണുക).

അതുപോലെ, നമ്മുടെ ഇടവകകൾ, കുടുംബങ്ങൾ, സഭാത്മക ഗ്രൂപ്പുകൾ, സന്യസ്തസമൂഹങ്ങൾ എന്നിവ ഒരുമിച്ചുള്ള യാത്രയ്ക്കായി തപസ്സുകാലത്ത് ക്ഷണിക്കപ്പെടുന്നു; ഈ കാലയളവിൽ, ദൈവവചനശ്രവണവും, ദരിദ്രരുടെ രോദനവും, ഭൂമിയുടെ പോലും രോദനവും, നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി മാറുന്നു: ഉപവാസം ആത്മാർഥമായ മനസ്താപത്തിന്റെ അടിസ്ഥാനമായും തീരുന്നു. ഈ പശ്ചാത്തലത്തിൽ, മാനസാന്തരം എന്നു പറയുന്നത്, വ്യക്തിയുടെ മനഃസാക്ഷിയെ മാത്രം ബാധിക്കുന്നതല്ല, മറിച്ച് അത് നമ്മുടെ ബന്ധങ്ങളുടെയും സംഭാഷണത്തിന്റെയും ഗുണമേന്മ നിർണയിക്കുന്നതുമായി ഭവിക്കുന്നു. അതിന്റെ അർഥം യാഥാർഥ്യത്താൽ നാം വെല്ലുവിളിക്കപ്പെടാൻ അനുവദിക്കുകയും, എന്താണ് യഥാർഥമായും നമ്മുടെ ആഗ്രഹങ്ങളെ നയിക്കുന്നതെന്ന് തിരിച്ചറിയുകയും ചെയ്യുക എന്നതാണ്; അത് നമ്മുടെ സഭാത്മക സമൂഹങ്ങളെയും അതോടൊപ്പം മനുഷ്യരാശിയുടെയും നീതിക്കും അനുരഞ്ജനത്തിനുമുള്ള അഭിവാഞ്ഛയെയും ബാധിക്കുന്നതാണ്.

പ്രിയ സുഹൃത്തുക്കളേ, ദൈവത്തോടും നമ്മുടെ ഇടയിലുള്ള ഏറ്റവും എളിയവരോടും കൂടുതൽ ശ്രദ്ധ പുലർത്താൻ നമ്മെ നയിക്കുന്ന നോമ്പുകാലത്തിന്റെ കൃപയ്ക്കായി നമുക്ക് പ്രാർഥിക്കാം. നമ്മുടെ ഭാഷയുടെ ഉപയോഗത്തിൽപോലും വ്യത്യാസം വരുത്തുന്ന തലത്തിലുള്ള ഒരു ഉപവാസനുഷ്ഠാന രീതിക്കായുള്ള ശക്തിക്കായി നമുക്ക് അപേക്ഷിക്കാം; അങ്ങനെ മുറിപ്പെടുത്തുന്ന വാക്കുകൾ കുറഞ്ഞ് മറ്റുള്ളവരുടെ ശബ്ദത്തിന് കൂടുതൽ ഇടംനൽകുന്ന ഭാവം ഉണ്ടാകട്ടെ. സഹനത്തിൽ ആയിരിക്കുന്നവരുടെ രോദനം സ്വാഗതം ചെയ്യുന്ന ഇടങ്ങളാക്കി നമ്മുടെ സമൂഹങ്ങളെ മാറ്റാൻ നമുക്ക് ശ്രമിക്കാം: നമ്മുടെ ശ്രവണം മോചനത്തിന്റെ പാതകൾ തുറക്കട്ടെ; അങ്ങനെ സ്നേഹത്തിന്റെ ഒരു നാഗരീകത പടുത്തുയർത്തുന്നതിന് സംഭാവന നല്കാൻ നാം സന്നദ്ധരായിരിക്കുകയും ഉത്സുകരാവുകയും ചെയ്യട്ടെ.

നിങ്ങളുടെ നോമ്പുകാലതീർഥാടനത്തെയും നിങ്ങളെ എല്ലാവരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

2026 ഫെബ്രുവരി അഞ്ചാം തീയതി കന്യകയും രക്തസാക്ഷിയും ആയ വിശുദ്ധ ആഗത്തയുടെ സ്മരണാ ദിനത്തിൽ വത്തിക്കാനിൽനിന്നു നല്കിയത്. ■

# വലിയ നോമ്പ്: സീറോമലബാർസഭയുടെ ആരാധനക്രമത്തിലൂടെയുള്ള ഒരു വിശകലനം



റവ ഡോ. അനീഷ് കിഴക്കേവീട്



## ആമുഖം

മാർത്തോമാ നസ്രാണികളുടെ ആത്മീയ ജീവിതത്തിലെ ഏറ്റവും തീക്ഷ്ണമായ കാലഘട്ടമാണ് വലിയ നോമ്പ്. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പീഡാനുഭവത്തെയും കുരിശുമരണത്തെയും ഹൃദയത്തിൽ ധ്യാനിച്ച്, ഉപവാസത്തിലും പ്രാർത്ഥനയിലും ധർമ്മദാനങ്ങളിലും മുഴുകി ഉത്ഥാന തിരുനാളിനായി വിശ്വാസികൾ ഒരുങ്ങുന്ന ഏഴാഴ്ചകളാണിത്. നോമ്പാചരണം എന്നത് കേവലം വ്യക്തിപരമായ ഒരു ഭക്തിപ്രവൃത്തിയല്ല, മറിച്ച് മിശിഹായുടെ മൗതികശരീരമായ സഭ മുഴുവൻ ഒന്നുചേർന്ന് നടത്തുന്ന ഒരു ആത്മീയ ബലിയാണെന്ന ചിന്ത ഇവിടെ ഏറെ പ്രസക്തമാണ്. സഭാഗാത്രത്തിന്റെ ഐക്യവും കൂട്ടായ ഉത്തരവാദിത്തവുമാണ് 'ആരാണ് നോമ്പെടുക്കുന്നത്?' എന്ന ചോദ്യത്തിന് 'സഭയാണ് നോമ്പെടുക്കുന്നത്' എന്ന ഉത്തരത്തിലൂടെ, വെളിപ്പെടുന്നത്. സഭ ഒന്നാകെ പ്രായശ്ചിത്തം ചെയ്യുകയും പരിഹാരപ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്ന ഈ വിശുദ്ധ കാലയളവിൽ, ആ ഗാത്രത്തിലെ ജീവനുള്ള അവയവങ്ങളായ ഓരോ വിശ്വാസിക്കും നോമ്പിന്റെ ചൈതന്യത്തിൽ നിന്ന് മാറിനിൽക്കാനാവില്ല. വ്യക്തിഗതമായ താല്പര്യങ്ങൾക്കപ്പുറം, സഭയോട് ചേർന്നുനിന്ന് ലോകത്തിന്റെ പാപപരിഹാരത്തിനായി മിശിഹായുടെ പീഡാനുഭവങ്ങളിൽ പങ്കുചേരുമ്പോഴാണ് നോമ്പ് അതിന്റെ പൂർണ്ണതയിലെത്തുന്നത്.

## വലിയ നോമ്പ്: പേരും പൊരുളും

സുറിയാനി ഭാഷയിൽ ഈ പുണ്യകാലത്തെ 'സൗമ റമ്പാ' (Sawma Ramba) എന്നാണ് വിശേഷിപ്പിക്കുന്നത്. 'സൗമ' എന്നാൽ ഉപവാസമെന്നും 'റമ്പാ' എന്നാൽ വലിയതെന്നുമാണ് അർത്ഥം. സഭയുടെ ആരാധനക്രമ വത്സരത്തിൽ മൂന്ന് നോമ്പ് (നിനവേ നോമ്പ്), ശ്ലീഹാ നോമ്പ്, എട്ടുനോമ്പ് 25 നോമ്പ് തുടങ്ങി അനേകം നോമ്പുകൾ ഉണ്ടെങ്കിലും, മിശിഹായുടെ ഉത്ഥാനമെന്ന (Easter) മഹാ രഹസ്യത്തിലേക്ക് നമ്മെ നയിക്കുന്നതിനാലും ദൈർഘ്യം കൊണ്ട് വലുതായതിനാലും ഇതിനെ 'വലിയ നോമ്പ്' എന്ന് വിളിക്കുന്നു.

**ചരിത്രപരമായ പശ്ചാത്തലം:** സഭയുടെ ആദ്യ നൂറ്റാണ്ടുകളിൽ ഉത്ഥാന തിരുനാളിന് തൊട്ടുമുമ്പുള്ള ഒന്നോ രണ്ടോ ദിവസങ്ങൾ മാത്രമാണ് ഉപവസിച്ചിരുന്നത്. എ.ഡി. 325-ലെ നിഖ്യാ കൗൺസിലിന് ശേഷമാണ് 40 ദിവസത്തെ നോമ്പ് സാർവത്രിക സഭയിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടത്. മിശിഹാ മരുഭൂമിയിൽ 40 ദിവസം ഉപവസിച്ചതിനെ മാതൃകയാക്കിയാണ് ഈ കാലയളവ് നിശ്ചയിച്ചത്. ആദ്യകാലങ്ങളിൽ മാമോദീസ സ്വീകരിക്കാൻ ഒരുങ്ങുന്നവർക്കുള്ള തീവ്രമായ പരിശീലന കാലഘട്ടം കൂടിയായിരുന്നുഇത്.

**50 നോമ്പ് എന്ന കണക്ക്:** പാശ്ചാത്യ സഭകളിൽ നിന്ന് വ്യത്യസ്തമായി, മാർത്തോമാ നസ്രാണികൾ ഞായറാഴ്ചകളിലും ത്രിദിനങ്ങളിലും ഉപവാസത്തിന്റെ ആത്മീയ ചൈതന്യം കൈവിടാതെ 50 ദിവസവും പൂർണ്ണമായി നോമ്പാചരിച്ചിരുന്നു. ഇതിനാലാണ് ഇത് 'അമ്പതു നോമ്പ്' എന്ന പേരിൽ പ്രശസ്തമായത്.

## മിശിഹാനുകരണം: ജീവിതശൈലിയിലെ മാറ്റം

നോമ്പുകാലം എന്നത് കേവലം ഭൗതികമായ ഭക്ഷണവർജ്ജനത്തിലോ ശാരീരികമായ നിയന്ത്രണങ്ങളിലോ ഒതുങ്ങിനിൽക്കുന്ന ഒന്നല്ല; മറിച്ച്, മിശിഹായുടെ ജീവിതത്തോടും അവിടുത്തെ ദൈവഹിതത്തോടുള്ള സമർപ്പണത്തോടും പരിപൂർണ്ണമായി താദാത്മ്യം പ്രാപിക്കാനുള്ള ആത്മീയ പ്രയാണമാണത്. 'ഞാൻ മിശിഹായെ അനുകരിക്കുന്നതുപോലെ നിങ്ങളും എന്നെ അനുകരിക്കുവിൻ' (1 കോറി. 11:1) എന്ന പൗലോസ് ശ്ലീഹായുടെ വചനത്തെ അന്വർത്ഥമാക്കി, മിശിഹായുടെ ഭാവങ്ങളും ചിന്തകളും സ്വന്തമാക്കാൻ വിശ്വാസികൾ ഈ കാലയളവിൽ പരിശ്രമിക്കുന്നു. ജനുവരി 6-ന് 'രാക്കുളി' പെരുന്നാളിലൂടെ ഈശോയുടെ മാമോദീസയിൽ ആത്മീയമായി പങ്കുചേരുന്നതുപോലെ, വലിയ നോമ്പിലെ പ്രാർത്ഥനകളിലൂടെയും തിരുക്കർമ്മങ്ങളിലൂടെയും മിശിഹായുടെ പീഡാനുഭവ യാത്രയിലെ സഹയാത്രികരായി മാറാനാണ് സഭ നമ്മെ ആഹ്വാനം ചെയ്യുന്നത്. സ്വന്തം ഇഷ്ടങ്ങളെ ബലികഴിച്ച്, കുരിശിന്റെ വഴിയിലൂടെ നടന്ന്, പാപത്തിന് മരിക്കുകയും നീതിക്കായി ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്ന ഒരു ആത്മീയ പരിവർത്തനമാണ് (Metanoia) ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

## നോമ്പും തീർത്ഥാടനവും

സീറോമലബാർ സഭയുടെ പാരമ്പര്യത്തിൽ നോമ്പ് ഒരു 'ആന്തരിക തീർത്ഥാടനമായി' (Internal Pilgrimage) വിശേഷിപ്പിക്കപ്പെടുമ്പോൾ, കുരിശുമലയിലേക്കും മലയാറ്റൂർ പോലുള്ള പുണ്യകേന്ദ്രങ്ങളിലേക്കുമുള്ള യാത്രകൾ ഈ ആത്മീയ പ്രയാണത്തിന്റെ ബാഹ്യമായ അടയാളമായി മാറുന്നു. മാർ അപ്രേമിനെപ്പോലുള്ള പൗരസ്ത്യ സഭാപിതാക്കന്മാരുടെ പഠനമനുസരിച്ച്, ഉപവാസത്തിലൂടെ ആത്മാവിനെ ഒരുക്കുന്ന വിശ്വാസി, തീർത്ഥാടനത്തിലെ കഠിനമായ ശാരീരിക അധ്വാനത്തിലൂടെ മിശിഹായുടെ പീഡാനുഭവങ്ങളോട് താദാത്മ്യപ്പെടുകയാണ് ചെയ്യുന്നത്. ശരീരത്തെ തപസ്സിലൂടെയും മനസ്സിനെ പ്രാർത്ഥനയിലൂടെയും ഒരേപോലെ ദൈവത്തിന് സമർപ്പിക്കുന്ന ഈ പ്രക്രിയയിലൂടെ, നോമ്പിൽ നേടിയെടുക്കുന്ന ആത്മീയ ചൈതന്യം തീർത്ഥാടനമെന്ന പരസ്യമായ വിശ്വാസപ്രഖ്യാപനമായി പരിണമിക്കുന്നു. ചുരുക്കത്തിൽ, പൗരസ്ത്യ പാരമ്പര്യത്തിൽ നോമ്പും തീർത്ഥാടനവും വേർപിരിക്കാനാവാത്ത വിധം ബന്ധിക്കപ്പെട്ടിരിക്കുന്നു; ഒന്ന് ആത്മാവിനെ ഉയിർപ്പിനായി ഒരുക്കുമ്പോൾ മറ്റൊന്ന് ആ ഒരുക്കത്തെ ക്രിസ്തുവിനോടുള്ള ഐക്യദാർഢ്യമായി ലോകത്തിന് മുൻപിൽ സാക്ഷ്യപ്പെടുത്തുന്നു.

## വലിയ നോമ്പിലെ ആരാധനക്രമ ചിന്തകൾ:

സീറോ മലബാർ സഭയുടെ ആരാധനാക്രമ പഞ്ചാംഗമനുസരിച്ച് (Liturgical Calendar), വലിയ നോമ്പിലെ ഓരോ ഞായറാഴ്ചയും മിശിഹായുടെ രക്ഷാകരമായ ഇടപെടലുകളിലൂടെ മനുഷ്യന് ലഭിക്കുന്ന ആത്മീയവും ശാരീരികവുമായ സൗഖ്യത്തിന്റെ വിവിധ ഘട്ടങ്ങളെയാണ് വെളിപ്പെടുത്തുന്നത്. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ ഈ ഞായറാഴ്ചകൾ കേവലം സംഭവവിവരണങ്ങളല്ല, മറിച്ച് പാപമാകുന്ന രോഗത്തിൽ നിന്ന് ഉയിർപ്പിന്റെ പുതുജീവനിലേക്കുള്ള സഭയുടെ പ്രയാണമാണ്.

ഒന്നാം ഞായർ (പേത്തുർത്താ): മിശിഹായുടെ മരുഭൂമിയിലെ പരീക്ഷണം. ആത്മീയ യുദ്ധത്തിന് വിശ്വാസിയെ ഒരുക്കുകയും പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള കരുത്ത് നൽകുകയും ചെയ്യുന്നു. രണ്ടാം ഞായറാഴ്ച സഖേവൂസിന്റെ പരിവർത്തനത്തിലൂടെ ഭൗതികമോഹങ്ങളോടുള്ള ആസക്തിയിൽ നിന്നുള്ള സൗഖ്യവും മാനസാന്തരവും പ്രഖ്യാപിക്കുമ്പോൾ, മൂന്നാം ഞായറാഴ്ച കാപട്യമില്ലാത്ത പ്രാർത്ഥനയെയും ദാനധർമ്മത്തെയും കുറിച്ച് പഠിപ്പിച്ചുകൊണ്ട് ആത്മീയമായ പൊങ്ങച്ചങ്ങളിൽ നിന്നുള്ള സൗഖ്യം മിശിഹാ നൽകുന്നു. നാലാം ഞായറാഴ്ച മത്തായി 5:27-32 വചനങ്ങളിലൂടെ ഹൃദയനൈർമ്മല്യത്തെക്കുറിച്ചും പാവനമായ കുടുംബബന്ധങ്ങളെക്കുറിച്ചും ഓർമ്മിപ്പിച്ച് അധാർമ്മിക ചിന്തകളിൽ നിന്നുള്ള സൗഖ്യം പ്രദാനം ചെയ്യുന്നു. അഞ്ചാം ഞായറാഴ്ച വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ (യോഹന്നാൻ 8:1-11) വിവരണത്തിലൂടെ മറ്റുള്ളവരെ കുറ്റം വിധിക്കുന്ന മനോഭാവത്തിൽ നിന്നുള്ള മോചനവും പാപികളെ സ്വീകരിക്കുന്ന ദൈവകരുണയുടെ ആഴവും വെളിപ്പെടുത്തുന്നു. ആറാം ഞായറാഴ്ച കുരിശിന്റെ വഴിയിലൂടെയുള്ള ആത്മത്യാഗത്തെയും മിശിഹായോടുള്ള താദാത്മ്യപ്പെടലിനെയും കുറിച്ച് പഠിപ്പിച്ച് മരണഭയത്തിൽ നിന്നും ലൗകിക സുരക്ഷിതത്വത്തിൽ നിന്നുമുള്ള ആത്യന്തിക സൗഖ്യത്തിലേക്കുള്ള ക്ഷണം നൽകുന്നു. നോമ്പിന്റെ അവസാന ഞായറായ ഓശാന ഞായറാഴ്ച (Palm Sunday) എളിമയുടെ രാജാവായ മിശിഹായെ ഹൃദയത്തിൽ സ്വീകരിക്കുന്നതിലൂടെ ഈ ആത്മീയ സൗഖ്യത്തിന്റെ പ്രക്രിയ പൂർണ്ണതയിലെത്തുകയും നമ്മെ പീഡാനുഭവ വാരത്തിലേക്കും ഉയിർപ്പിന്റെ മഹത്വത്തിലേക്കും ആനയിക്കുകയും ചെയ്യുന്നു.

## നോമ്പുകാലത്തെ യാമപ്രാർത്ഥനകൾ

പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ, നോമ്പുകാലത്തെ യാമപ്രാർത്ഥനകൾ കേവലം സ്തുതിപ്പുകളല്ല, മറിച്ച് വിശ്വാസിയെ ആന്തരികമായ ഒരു ആത്മീയ പരിവർത്തനത്തിലേക്ക് നയിക്കാനുതകുന്ന ശക്തമായ ഉപാധികളാണ്. ഈ പ്രാർത്ഥനകളുടെ കാതൽ അവയുടെ അനുതാപനിർഭരമായ (Penitential) സ്വഭാവമാണ്; പാപബോധത്തിലൂടെ ദൈവകരുണയ്ക്കായി യാചിക്കുന്ന 'ഹൂസായാ' (Hussaya) അഥവാ പാപമോചന പ്രാർത്ഥനകൾ ഇതിൽ മുഖ്യസ്ഥാനം വഹിക്കുന്നു. പാപങ്ങൾ കഴുകിക്കളയാനും ആത്മാവിനെ ശുദ്ധീകരിക്കാനും ദൈവത്തോട് അപേക്ഷിക്കുന്ന സുദീർഘമായ പ്രാർത്ഥനകളാണിവ. സാധാരണ കാലത്തേക്കാൾ കൂടുതൽ സങ്കീർത്തനങ്ങളും ഭക്തിനിർഭരമായ 'കാറോസൂസകളും' ഉൾക്കൊള്ളുന്ന സവിശേഷമായ ക്രമമാണ് നോമ്പുകാലത്ത് പിന്തുടരുന്നത്. ശാരീരികമായ പൂർണ്ണ സമർപ്പണത്തെയും തപസ്സിനെയും സൂചിപ്പിക്കുന്ന 'മൊറായെ' (വിനയത്തിന്റെ അടയാളമായുള്ള കുമ്പിടീലുകൾ/Prostrations) പൗരസ്ത്യ പാരമ്പര്യത്തിന്റെ തനിമ വിളിച്ചോതുന്നു. മാർ അപ്രേമിനെപ്പോലെയുള്ള സഭാപിതാക്കന്മാരുടെ ഗീതങ്ങളിലൂടെ, മനുഷ്യന്റെ വീഴ്ചയെയും ദൈവത്തിന്റെ കരുണയെയും കുറിച്ചുള്ള ആഴമായ 'തെയോറിയ' (Theoria ആത്മീയ ദർശനം) ഈ പ്രാർത്ഥനകൾ വിശ്വാസിക്ക് നൽകുന്നു. സുറിയാനി പിതാക്കന്മാരുടെ ദർശനത്തിൽ നോമ്പ് ഒരു 'ആത്മീയ ഔഷധം' ആണ്; ഈ ഔഷധം ആത്മാവിനെ ശുദ്ധീകരിച്ച് മിശിഹായുടെ ഉയിർപ്പിന്റെ തേജസ്സിലേക്ക് സമുദായത്തെ മുഴുവൻ ഒരുമിച്ച് ആനയിക്കുന്നു

## സവിശേഷ ദിനങ്ങളും ആചാരങ്ങളും

**1. പെതുർത്താ ഞായർ**

വലിയ നോമ്പിലേക്ക് പ്രവേശിക്കുന്ന ആദ്യ ഞായറാഴ്ചയാണിത്. 'തിരിഞ്ഞുനോട്ടം', 'അവസാനിപ്പിക്കൽ' എന്നൊക്കെയാണ് 'പെതുർത്താ' എന്ന വാക്കിന്റെ അർത്ഥം. സുഭിക്ഷമായ ഭക്ഷണത്തിന്റെയും ആഘോഷങ്ങളുടെയും ദിനങ്ങൾ അവസാനിപ്പിച്ച് ആത്മീയമായ ഒരു പോരാട്ടത്തിന് തുടക്കം കുറിക്കുന്നു എന്നതിനെ ഇത് സൂചിപ്പിക്കുന്നു. രുചികരമല്ലാത്ത ഭക്ഷണം കഴിക്കുന്ന ദിവസം എന്നും ഇതിനു അർത്ഥം കല്പിക്കാറുണ്ട്.

**2. വിഭൂതി തിങ്കൾ: ചരിത്രവും പാരമ്പര്യവും**

സീറോ മലബാർ സഭയുൾപ്പെടുന്ന പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ വലിയ നോമ്പിലെ അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ഔദ്യോഗികമായ തുടക്കം വിഭൂതി തിങ്കളാഴ്ചയാണ്. ഇതിന്റെ ചരിത്രപരമായ പ്രത്യേകതകൾ ഇവയാണ്:

ശുദ്ധിയുള്ള തിങ്കൾ (Clean Monday): പൗരസ്ത്യ സഭകളിൽ (സുറിയാനി, ഗ്രീക്ക് സഭകൾ) ഈ ദിവസത്തെ 'ക്ലീൻ മൺഡേ' Clean Monday) അല്ലെങ്കിൽ 'ശുദ്ധിയുള്ള തിങ്കൾ' എന്നാണ് വിളിക്കുന്നത്. നോമ്പുകാലത്തേക്ക് പ്രവേശിക്കുമ്പോൾ ശരീരവും ആത്മാവും ഭവനവും ശുദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെയാണിത്. പണ്ടുകാലത്ത് നസ്രാണികൾ നോമ്പിന് മുൻപായി തങ്ങളുടെ പാത്രങ്ങളും വീടും കഴുകി വൃത്തിയാക്കി ആത്മീയമായ ഒരു പുതിയ തുടക്കം കുറിച്ചിരുന്നു.

ആരാധനക്രമപരമായ തുടക്കം: ലത്തീൻ സഭയിൽ വിഭൂതി ബുധനാഴ്ച (Ash Wednesday) നോമ്പ് ആരംഭിക്കുമ്പോൾ, പൗരസ്ത്യ സഭകളിൽ വലിയ നോമ്പിലെ ഒന്നാം ഞായറാഴ്ച (പെതുർത്താ) തന്നെ നോമ്പിന്റെ ഒരുക്കം തുടങ്ങുന്നു. എന്നാൽ

ശേഷം പേജ് 7-ൽ

# കണ്ണാടി നോക്കുന്ന സമയം



**വിനായക് നിർമ്മൽ**



കണ്ണാടി നോക്കുന്ന സമയമാണ് നോമ്പ്. എന്തായിരിക്കുന്നുവോ അത് കണ്ടെത്താനും തിരിച്ചറിയാനുമുള്ള കാലം. ആടകളും ആഭരണങ്ങളും അഴിച്ചുവച്ച് സ്നാനഘട്ടത്തിലേക്ക് സുതാര്യതയോടെ ഇറങ്ങിച്ചെല്ലാനുള്ള അവസരം. ഉപവാസം, പ്രാർഥന, ദാനധർമ്മം... നോമ്പനുഷ്ഠാനങ്ങളെ ഇങ്ങനെ പലതരത്തിൽ നാം ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. അതൊന്നും അതിൽത്തന്നെ തെറ്റല്ല. പക്ഷേ അതിനൊപ്പം ഒന്നു കൂടി കൂട്ടിച്ചേർക്കേണ്ടതുണ്ട്. അതാണ് അവനവനെ കണ്ടെത്തുക. സ്വന്തം വീഴ്ചകൾ, പരിമിതികൾ, അതോടൊപ്പം സാധ്യതകളും.

ദൈവത്തോടും മനുഷ്യരോടും ഏതൊക്കെയോ തരത്തിൽ അകന്നുപോയതിന് പ്രായശ്ചിത്തമായി ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധപുനഃസ്ഥാപനം നോമ്പിന്റെ അനിവാര്യതയും അനിഷേധ്യതയുമാകുമ്പോഴും ഓരോ നോമ്പ് വേളയിലും നമുക്ക് നമ്മെത്തന്നെ എത്രത്തോളം കണ്ടെത്താനും തിരുത്താനും കഴിയുന്നുണ്ട് എന്നത് അവഗണിക്കാവുന്ന ചോദ്യമല്ല. നാല്പതുരാവും നാല്പതുപകലും ക്രിസ്തു ഉപവസിച്ചുവെന്ന് പാരമ്പര്യം വിശ്വസിക്കുമ്പോൾ ക്രിസ്തുവിന് ഒരു തരത്തിലുള്ള ബന്ധത്തകർച്ചയും ഉണ്ടായിരുന്നില്ല- ദൈവത്തോടോ മനുഷ്യരോടോ- എന്നു നാം മനസ്സിലാക്കേണ്ടതുണ്ട്. പകരം ആത്മനാ കരുത്താർജ്ജിക്കാനുള്ള അവസരമായിട്ടാണ് ക്രിസ്തു നാല്പതുദിവസത്തെ ഉപവാസത്തെ കണ്ടത്.

അവിടെ സംഭവിച്ചത് ക്രിസ്തുവിന്റെ ആത്മാവിന്റെ പുതുക്കലായിരുന്നു. ചില പിൻവാങ്ങലുകൾ ജീവിതവിജയത്തിന്റെ ഭാഗമാണ്. പുതിയൊരു മുന്നേറ്റത്തിനുള്ള തുടക്കം കുറിക്കുന്നതിന് അവനവനെ അറിയുക അത്രമേൽപ്രധാനപ്പെട്ടതാണ്. ഏകാന്തതയും ധ്യാനവും മറ്റ് ചിലപ്പോൾ തിരസ്ക്കരണവും അവഹേളനവും ഒറ്റപ്പെടലും വരെ നമ്മുക്ക് നമ്മെക്കുറിച്ചുള്ള സാധ്യതകൾ കണ്ടെത്താനുള്ള അവസരമായി മാറാം. വീഴ്ചകൾ തിരിച്ചറിയാനും മനസ്സുവച്ചാൽ പരിഹരിക്കാനുമുള്ള വേളയായി മാറാം.

**നിനക്ക് നിന്നോട് ക്ഷമിക്കാൻ കഴിയുന്നില്ലെങ്കിൽ നിന്നോട് ആരു ക്ഷമിക്കും? നിനക്ക് ആരോട് ക്ഷമിക്കാനാവും? എന്റെ ബലഹീനതയിലാണ് എനിക്ക് തെറ്റുപറ്റിയതെന്ന് തിരിച്ചറിയുമ്പോൾ മാത്രമാണ് നിന്റെ ബലഹീനതകളുടെ പേരിൽ നീയെന്നോട് ചെയ്ത തെറ്റ് നിന്നോടു ക്ഷമിക്കാൻ എനിക്കു കഴിയുകയുള്ളൂ.**

കഴുകന്മാരെക്കുറിച്ച് പറയാറുള്ളതുപോലെ പുതിയ തൂവലുകൾ കിളിർക്കുന്നതിന് വേദനയോടെയാണെങ്കിലും പഴയ തൂവലുകൾ കൊത്തിപ്പറിച്ച് കാറ്റിൽപറത്തിയേ തീരൂ. ഒരു നിറയൗവനം സ്വന്തമാക്കാനായി കുറെക്കാലം നാം പർവതമുകളിൽ ഒറ്റയ്ക്കായിരിക്കേണ്ടതുമുണ്ട്. നോമ്പുകാലം ആവശ്യപ്പെടുന്നതും അതുതന്നെയാണ്. പക്ഷേ പലപ്പോഴും നോമ്പിന്റെ ഈ ആന്തരികാർത്ഥം എങ്ങനെയൊക്കെയോ വിസ്മരിക്കപ്പെട്ടുപോകുകയും ബാഹ്യമായ ചില ആചാരങ്ങളിൽ അതു നിർവചിക്കപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടാണ് നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത് എന്ന് തിരുവചനം ഓർമ്മിപ്പിക്കുന്നത്. വസ്ത്രം കീറാൻ എളുപ്പമാണ്. അതുകൊണ്ടുതന്നെ ചില പ്രത്യേക ഭക്ഷണസാധനങ്ങൾ വേണ്ടെന്ന് വയ്ക്കാൻ അത്ര ബുദ്ധിമുട്ടൊന്നുമില്ല. എന്നാൽ അതിനപ്പുറത്തേക്കു നീളുന്നതാവണം നോമ്പനുഷ്ഠാനങ്ങൾ.

ഒരുപക്ഷേ നമുക്ക് മറ്റൊരാൾ ചെയ്ത തെറ്റ് ക്ഷമിക്കാൻ സാധിച്ചേക്കാം. എന്നാൽ അതിലേറെ ദുഷ്ക്കരമാണ് സ്വന്തം തെറ്റ് സമ്മതിക്കൽ. കാലങ്ങളായി നാം ചെയ്തുകൊണ്ടിരിക്കുന്നത് സ്വയം ന്യായീകരിക്കലാണ്. ചിലപ്പോൾ ശരികളുണ്ടാവാം, അനാവശ്യമായി എല്ലാ കുറ്റങ്ങളുമേറ്റെടുത്ത് ഒരു രക്തസാക്ഷിപരിവേഷം ചമയൽ ആഗ്രഹിക്കുന്നുമുണ്ടാവില്ല. എങ്കിലും സ്വന്തം തെറ്റുകളെ തുറന്നുസമ്മതിക്കാൻ മാത്രം തുറവിയുള്ളവരെ അധികമൊന്നും കണ്ടുകിട്ടാനില്ലാത്ത ലോകമാണ് ഇത്.

ജീവിതത്തിൽ എവിടെയൊക്കെ വീണുപോയിട്ടുള്ള മനുഷ്യരാണ് നാം ഓരോരുത്തരും! ഒരുപക്ഷേ ദൈവത്തിന്റെ അപരിമേയമായ കാരുണ്യംകൊണ്ട് അതൊന്നും വെളിവാകപ്പെട്ടിട്ടില്ല എന്നേയുള്ളൂ. അതുകൊണ്ട് നാം വീഴ്ചയില്ലാത്തവരാകുന്നില്ല. എന്നിട്ടും അതെല്ലാം മറച്ചുവച്ച് വീഴ്ചകൾക്കെല്ലാം മറ്റുള്ളവരെയാണ് നാം കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നത്

അവൻ കാരണം..

അവൾ കാരണം..

അവർ മൂലം.. നമ്മുടെ വിരലുകൾ എപ്പോഴും മറ്റുള്ളവരുടെ നേരെ നീളുന്നു. സ്വയം ന്യായീകരണത്തിന്റെ സുഖവും സംതൃപ്തിയും അങ്ങനെ ആവോളം അറിഞ്ഞവരാണ് നാം ഓരോരുത്തരും. വിശുദ്ധിയുടെ കൂടാരം സ്വയം നാം നമുക്കായി പണിയുന്നു. അവിടെയെല്ലാം എനിക്ക് കുറ്റംവിധിക്കാൻ പലരുമുണ്ടായിരുന്നു. അവരാണ് എന്റെ വീഴ്ചകൾക്കും പതനത്തിനും കാരണമായതെന്ന് ഞാൻ വിധിയെഴുതി. പക്ഷേ വൈകിയാണെങ്കിലും നാം തിരിച്ചറിയേണ്ടതുണ്ട്. എന്റെ കൂടി സമ്മതവും എന്റെ തന്നെ ആഗ്രഹവും എന്റെ ഓരോവീഴ്ചകൾക്കും പിന്നിലുണ്ടായിരുന്നു എന്ന്.. ഞാൻ വീണതിന് ഞാൻ തന്നെയാണ് ഉത്തരവാദിയെന്ന്. ഞാനറിയാതെ എന്റെ ഒരു വീഴ്ചയും -വാക്കാലും പ്രവൃത്തിയാലും ഉപേക്ഷയാലും- സംഭവിച്ചിട്ടില്ലെന്ന്. മറ്റൊരാൾക്കു നേരെ ഞാൻ വിരൽച്ചൂണ്ടുമ്പോൾഅതിലേറെ വിരലുകൾ എനിക്കു നേരെ നീളുന്നുണ്ടെന്ന്. അത്തരമൊരു കണ്ടെത്തലിലാണ് എന്റെ പിഴയ്ക്ക് ശക്തിയുണ്ടാകുന്നത്. അതേറ്റവും ആത്മാർത്ഥമാകുന്നത്. എന്റെ പിഴ... എന്റെ പിഴ എന്റെ വലിയ പിഴ.

അവനവന്റെ വീഴ്ചകൾ കണ്ടെത്താനുള്ള അവസരമായി നോമ്പുകാലത്തെ മാറ്റേണ്ടതുണ്ട്. ഇത്തിരിനേരം എല്ലാത്തിൽ നിന്നും മാറിനില്ക്കുക. ആത്മാവിലേക്കുള്ള മടക്കയാത്രപോലെയുള്ള ഒന്ന്.. ആന്തരികാവയവങ്ങളുടെ പരിശോധനയ്ക്ക് വിധേയമാകുന്നതുപോലെ ഒരു സ്കാനിങ്. സ്വന്തം ജീവിതത്തിന്റെ പിന്നിട്ടുവന്ന വഴികളിലൂടെ ഒരു പ്രയാണം.. അതു നടത്താൻ നാം ഇനിയെങ്കിലും തയ്യാറാകണം. എത്രവർഷമായി ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നു..! അതിനിടയിൽ എനിക്ക് സംഭവിച്ച പാളിച്ചകൾ.. എന്റെ ദൗർബല്യങ്ങൾ... എന്നെ ഒരു വേട്ടനായ് കണക്കെ ഇന്നും പിന്തുടരുന്ന എന്റെ ആസക്തികൾ... ഞാൻ മൂലം മറ്റുള്ളവർ അനുഭവിച്ച കണ്ണീരുകൾ, എന്റെ വാക്കുകൊണ്ട് മറ്റുള്ളവർ തെറ്റിദ്ധരിപ്പിക്കപ്പെട്ടത്, കുറെക്കൂടി സൗമ്യമായി സംസാരിക്കാൻ സാധിച്ചിരുന്നതിലൂടെ മറ്റൊരാൾക്ക് നല്കാൻ കഴിയുമായിരുന്ന സന്തോഷം.. എന്റെ ഒരു ചെറിയ വാക്കാൽ മറ്റുള്ളവരുടെ ജീവിതങ്ങളിന്മേൽ കൊളുത്താൻ കഴിയുമായിരുന്ന വെളിച്ചം... അവനുനേരെ ചെറുവിരൽ മാത്രം അനക്കിയാൽ അവന് കിട്ടുമായിരുന്ന നന്മകൾ... ഇങ്ങനെ എത്രയെത്ര അവസരങ്ങളാണ് നമ്മൾ ഓരോരുത്തരും പാഴാക്കിക്കളഞ്ഞത്. അവന്റെ അവകാശം ഞാൻ നിഷേധിച്ചപ്പോൾ അവന്റെ സമ്പത്ത് ഞാൻ മോഷ്ടിക്കുകയായിരുന്നുവെന്നും സ്നേഹമില്ലാതെ ഞാൻ രതിയിലേർപ്പെട്ടപ്പോൾ അതൊരു വ്യഭിചാരമായിരുന്നുവെന്നുമുള്ള തിരിച്ചറിവുകളും നമുക്കുണ്ടാവേണ്ടതുണ്ട്.

അവസാനമായി മറ്റൊന്നുകൂടി.. മറ്റൊരാൾ നമ്മോട് ചെയ്ത തെറ്റു ക്ഷമിക്കാൻ സാധിച്ചേക്കുമെങ്കിലും പലപ്പോഴും നമുക്ക് നമ്മുടെ തെറ്റുകൾ നമ്മോട് ക്ഷമിക്കാൻ കഴിയാറില്ല. ആദ്യം സൗഖ്യം നല്കേണ്ടതു നമുക്കുതന്നെയാണ്. എന്നോ ഒരിക്കൽസംഭവിച്ചുപോയ ചില തെറ്റുകളുടെ പേരിൽ ആത്മഭാരവും ആത്മനിന്ദയുമായി കഴിയുന്ന എത്രയോ പേരുണ്ട് നമുക്കുചുറ്റിനും.! നിനക്ക് നിന്നോട് ക്ഷമിക്കാൻ കഴിയുന്നില്ലെങ്കിൽ നിന്നോട് ആരു ക്ഷമിക്കും? നിനക്ക് ആരോട് ക്ഷമിക്കാനാവും? എന്റെ ബലഹീനതയിലാണ് എനിക്ക് തെറ്റുപറ്റിയതെന്ന് തിരിച്ചറിയുമ്പോൾ മാത്രമാണ് നിന്റെ ബലഹീനതകളുടെ പേരിൽ നീയെന്നോട് ചെയ്ത തെറ്റ് നിന്നോടു ക്ഷമിക്കാൻ എനിക്കു കഴിയുകയുള്ളൂ.

നോമ്പെന്ന കണ്ണാടിയുമായി ഇത്തിരി ദൂരേയ്ക്ക് മാറിപോവുക. നിന്റെ ഏകാന്തതയിലും ധ്യാനത്തിലും ആ കണ്ണാടി നോക്കുക. നീയെന്തായിരിക്കുന്നുവോ നിന്നെ അതുപോലെ കാണാൻ കഴിയുന്നതിന് കൃപയ്ക്കു വേണ്ടി പ്രാർത്ഥിക്കുക. നിന്റെ കണ്ണീരാൽ കണ്ണാടിയിലെ കാഴ്ചകൾക്ക് കൂടുതൽ തെളിച്ചമുണ്ടാവട്ടെ.! ■

# വിശുദ്ധ ഗ്രിഗറി നസിയാൻസൻ ഭാരതസഭയെക്കുറിച്ച്

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

**റവ. ഡോ. ജയിംസ് പുലിയുറുമ്പിൽ**

329-ൽ ജനിച്ച വിശുദ്ധ ഗ്രിഗറി 361-ൽ വൈദികനായി അഭിഷിക്തനായി. താമസിയാതെ തന്നെ അദ്ദേഹത്തിന്റെ സുഹൃത്തായിരുന്ന വിശുദ്ധ ബേസിൽ ഗ്രിഗറിയെ മെത്രാനായി വാഴിച്ചു. എന്നാൽ അദ്ദേഹം കുറേ വർഷത്തേക്ക് മെത്രാനടുത്ത ജോലി ചെയ്യാതെ ഏകാന്തതയിൽ ജീവിച്ചു. ഗ്രിഗറിയുടെ മാതാപിതാക്കളുടെ മരണശേഷം കോൺസ്റ്റാന്റിനോപ്പിളിലെ ജനങ്ങളുടെ നിർബന്ധം മൂലം 379ൽ അദ്ദേഹം അവരുടെ മെത്രാനായി ശുശ്രൂഷ ആരംഭിച്ചു. പിന്നീട് അദ്ദേഹം നസിയാൻസനിലെ മെത്രാനായി. ഗ്രീക്കുസഭ വിശുദ്ധ നസിയാൻസനെ അവരുടെ ദൈവശാസ്ത്രജ്ഞനായി അംഗീകരിക്കുന്നുണ്ട്.

380-ൽ കോൺസ്റ്റാന്റിനോപ്പിളിൽ അദ്ദേഹം നടത്തിയ ഒരു പ്രസംഗത്തിൽ ആര്യൻ പാഷണ്ഡികൾക്കെതിരെ സംസാരിച്ചു. ആ അവസരത്തിൽ അദ്ദേഹം ഓരോ അപ്പസ്തോലനും സുവിശേഷം അറിയിച്ച രാജ്യങ്ങളെക്കുറിച്ച് സംസാരിച്ചു. ഇന്ത്യയിൽ സുവിശേഷം അറിയിച്ചത് തോമാശ്ലീഹാ ആണെന്നും അദ്ദേഹം വ്യക്തമാക്കി. അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെയാണ്: അപ്പസ്തോലന്മാർ പ്രവർത്തിച്ച രാജ്യങ്ങളിൽ അവർ പരദേശികൾ ആയിരുന്നില്ല. അവിടെയെല്ലാം അവർ സുവിശേഷത്തിന്റെ വെളിച്ചം പ്രസരിപ്പിച്ചു. മരണത്തിന്റെ നിഴലിൽ കഴിഞ്ഞിരുന്നവർക്ക് പ്രകാശം ലഭിച്ചു. പത്രോസ് യൂദയായിലും പൗലോസ് വിജാതീയരുടെ ഇടയിലും ലൂക്കാ അക്കായിയായിലും അന്ത്രയോസ് എപ്പിറസിലും യോഹന്നാൻ എഫസോസിലും തോമസ് ഇന്ത്യയിലും മർക്കോസ് ഇറ്റലിയിലും സുവിശേഷം അറിയിച്ചു.

അവർ പ്രവർത്തിച്ച രാജ്യങ്ങൾ ഒരിക്കലും അവർ സ്വന്തമായി കണക്കാക്കിയില്ല. അവർ ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണ് എന്നുള്ള ചിന്തയാണ് അവരെ ഭരിച്ചത്. ദൈവം ഇസ്രായേൽക്കാരോട് പറഞ്ഞിട്ടുണ്ട് 'രാജ്യം ഏതാണ്, നിങ്ങൾ രാജ്യത്തിന്റേതല്ല'.

വേദപുസ്തകം പഠിപ്പിക്കുന്നത് തന്നെയാണ് ഗ്രീക്ക് തത്വശാസ്ത്രവും പഠിപ്പിക്കുന്നത്. ഒരു മനുഷ്യനും ഈ ഭൂമിയുടെതല്ല, ആർക്കും ഈ ഭൂമിയുടെ മേൽ അവകാശമില്ല, എല്ലാവരും ഇവിടെ പരദേശികളാണ്, യഥാർഥരാജ്യം സ്വർഗ്ഗമാണ്, അതുകൊണ്ട് ഈ ലോകത്തോട് അനുരൂപപെടരുത്, ലോകത്തിന്റെ വശീകരണങ്ങളിൽ പെടാതിരിക്കാൻ ശ്രദ്ധിക്കുക. ഗ്രിഗറി വ്യക്തമായ ഭാഷയിൽ പറയുന്നുണ്ട്, യൂദയാ എങ്ങനെ പത്രോസിന്റെ പ്രേഷിത പ്രവർത്തനരംഗമായിരുന്നോ അതുപോലെയാണ് ഇന്ത്യ തോമസ് അപ്പസ്തോലനും. വിജ്ഞാനത്തിന്റെ കേന്ദ്രമായിരുന്ന ആതൻസ് സർവകലാശാലയിൽ പഠിച്ചിരുന്ന ഗ്രിഗറിക്ക് ഇന്ത്യയെ കുറിച്ച് നല്ല അറിവ് ഉണ്ടായിരുന്നു. അതുകൊണ്ടാണ് അപ്പസ്തോലൻ തോമസിന്റെ പ്രേഷിതരംഗം ഇന്ത്യ ആണെന്ന് വ്യക്തമായും കൃത്യമായും വിശുദ്ധ ഗ്രിഗറി അവതരിപ്പിക്കുന്നത്. ■

# മനസ്സമ്മതത്തിനുമുൻപായി വിവാഹം വിളിച്ചുചൊല്ലാനുള്ള അനുമതി

## സിവിൽ രജിസ്ട്രേഷൻ നടത്തിയ വിവാഹം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നവിധം

CANON LAW

റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ

സീറോമലബാർ സഭാംഗങ്ങളുടെ വിവാഹം ആശീർവദിക്കുന്നതുമായി ബന്ധപ്പെട്ട് സീറോ മലബാർ മെത്രാൻസിനഡിന്റെ രണ്ടു തീരുമാനങ്ങൾ മുൻപു നല്കിയിരുന്നല്ലോ. അവ നടപ്പാക്കുന്നതിൽ നമ്മുടെ രൂപതകളിൽ ഏകോപനമില്ലാതിരുന്നതിനാൽ പലയിടത്തും ആശയക്കുഴപ്പം ഉണ്ടായതായി മനസ്സിലാക്കുന്നു. അതിന്റെ പശ്ചാത്തലത്തിൽ, ഇക്കാര്യത്തിൽ നടപ്പിലാക്കേണ്ട സിനഡു നിർദ്ദേശിച്ച ഏകീകൃത നടപടിക്രമാണ് താഴെക്കൊടുത്തിരിക്കുന്നത്.

**1. മനസ്സമ്മതത്തിനുമുൻപായി വിവാഹം വിളിച്ചുചൊല്ലാൻ അനുമതി നല്കാനുള്ള നടപടിക്രമം**

മനസമ്മതത്തിനുമുൻപു വിവാഹപരസ്യം ആരംഭിക്കുകയും വിവാഹത്തിനുമുൻപു മൂന്നു പ്രാവശ്യം പൂർത്തിയാക്കുകയും ചെയ്യുന്നതിനാണ് അനുമതിനല്കുന്നത്. ഇപ്രകാരം അനുമതി ലഭിക്കുന്നതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ താഴെക്കൊടുക്കുന്നു:

നിശ്ചിത അപേക്ഷാഫോറത്തിലാണ് വിവാഹാർഥികൾ അപേക്ഷ സമർപ്പിക്കേണ്ടത്. ഈ അപേക്ഷാഫോറം എല്ലാ ഇടവകകളിലും ലഭ്യമാകുന്നതാണ്.

ഈ അനുവാദം ആർക്കാണോ ആവശ്യമായിരിക്കുന്നത്, ആ വ്യക്തിയാണ് (ഒന്നാം കക്ഷി) അനുവാദത്തിനുള്ള നടപടിക്രമം ആരംഭിക്കേണ്ടത്. ഇതിനായുള്ള ഫോറം പൂരിപ്പിച്ചു കക്ഷികളുടെയും അവരുടെ മാതാപിതാക്കൾ അല്ലെങ്കിൽ രക്ഷിതാക്കൾ എന്നിവരുടെയും ഒപ്പോടുകൂടെ ഒന്നാം കക്ഷി തന്റെ ഇടവകവികാരിക്ക് (ഒന്നാം വികാരി) സമർപ്പിക്കുന്നു.



**ഇടവക വികാരിമാർ വിവാഹ സർട്ടിഫിക്കറ്റുകൾ നല്കുമ്പോൾ പള്ളിയിൽ കൂദാശാപരമായി നടത്തിയ വിവാഹത്തിന്റെ തീയതി മാത്രമേ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താവൂ എന്നും സിവിൽ രജിസ്ട്രേഷൻ തീയതി ഉൾപ്പെടുത്തിയുള്ള സർട്ടിഫിക്കറ്റ് നല്കാൻ പാടില്ല എന്നും പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. ഈ രീതിയിൽ നടത്തുന്ന കൂദാശാപരമായ വിവാഹങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് കൊടുക്കേണ്ടതുമില്ല.**

അപേക്ഷാഫോറത്തിൽ ഒപ്പിടാനുള്ള ആരെങ്കിലും സ്ഥലത്തില്ലാത്ത സാഹചര്യം വന്നാൽ സമയത്തിന്റെ കുറവുണ്ടെങ്കിൽ അവർക്കു ഒപ്പിടുന്നതിനായി അപേക്ഷ സ്കാൻചെയ്തു അയച്ചുകൊടുക്കുകയും അവർ ഒപ്പിട്ടു സ്കാൻചെയ്തു തിരിച്ചയക്കുന്ന അപേക്ഷ ഒന്നാം കക്ഷി ഒന്നാം വികാരിക്കു നല്കുകയും ചെയ്യുന്നു.

അപേക്ഷ ലഭിച്ചാലുടൻ, ഒന്നാം വികാരി ഫോറം പരിശോധിച്ച് അതിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പൂർണ്ണമാണെന്ന് ഉറപ്പുവരുത്തുകയും വിവാഹം വിളിക്കുചൊല്ലേണ്ട തീയതികൾ അപേക്ഷകരോട് ആലോചിച്ചു നിശ്ചയിക്കുകയും ചെയ്യുന്നു. അതിനുശേഷം, അദ്ദേഹം ഫോറത്തിൽ ഒപ്പിട്ട് പള്ളിയുടെ സീലും വച്ച് ഒന്നാം കക്ഷി വഴി രണ്ടാം കക്ഷിയുടെ വികാരിക്കു (രണ്ടാം വികാരി) കൈമാറേണ്ടതാണ്.

ഒന്നാം വികാരി ഒപ്പിട്ട അപേക്ഷാഫോറം ലഭിക്കുന്നമുറയ്ക്കു രണ്ടാം വികാരി അപേക്ഷാഫോറത്തിൽ തന്റെ സമ്മതം രേഖപ്പെടുത്തി ഒപ്പിട്ടു സീൽവയ്ക്കുന്ന തോടെ അനുവാദം ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നു. രണ്ടാം വികാരി ഈ അനുമതിയുടെ ഒരു പകർപ്പ് ഇടവകരേഖകളിൽ സൂക്ഷിക്കേണ്ടതും അനുമതിയുടെ അസൽ രണ്ടാം കക്ഷി മുഖേന ഒന്നാം വികാരിക്കു നല്കേണ്ടതു മാണ്.

ഈ നടപടികൾ പൂർത്തിയാകുമ്പോൾ അനുമതിപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതികളിൽ വിവാഹത്തിന്റെ വിളിച്ചുചൊല്ലൽ രണ്ട് ഇടവകകളിലും ആരംഭിക്കേണ്ടതാണ്.

**2. സിവിൽ രജിസ്ട്രേഷൻ നടത്തിയതിനുശേഷം പള്ളിയിൽ വിവാഹം നടത്തുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നവിധം**

കുടുംബവിസ ലഭിക്കുന്നതിനായി മാത്രം, ബന്ധപ്പെട്ട രൂപതാധ്യക്ഷന്റെ മുൻകൂർ അനു മതിയോടെ ദൈവാലയത്തിൽ വച്ചു വിവാഹം പരികർമ്മംചെയ്യുന്നതിനു മുൻപ് സിവിൽ രജിസ്ട്രേഷൻ നടത്താൻ 2023 സെപ്റ്റംബർ 21ലെ മേജർ ആർച്ചുബിഷപ്പിന്റെ ഡിക്രി വഴി (Prot. No. 1007/2023) അനുമതി നല്കിയിരുന്നു.

ഇത്തരത്തിൽ ആദ്യം സിവിൽ രജിസ്ട്രേഷൻ നടത്തിയ വിവാഹങ്ങൾ പിന്നിടു പള്ളിയിൽ കൂദാശാപരമായി നടത്തുമ്പോൾ, ഇടവകയിലെ വിവാഹ രജിസ്റ്ററിൽ ഏതു തീയതിയാണ് രേഖപ്പെടുത്തേണ്ടത് (സിവിൽ രജിസ്ട്രഷൻ തീയതിയോ അതോ പള്ളിയിലെ വിവാഹത്തിന്റെ തീയതിയോ) എന്നതിനെക്കുറിച്ചു പലരും വ്യക്തത തേടുകയുണ്ടായി. ഇക്കാര്യത്തിൽ മെത്രാൻസിനഡു വ്യക്തത നല്കിയിരിക്കുന്നത് ഇനി പറയുംപ്രകാരമാണ്. ഇത്തരം എല്ലാ വിവാഹങ്ങളിലും, പള്ളിയിൽ വിവാഹം കൂദാശാപരമായി നടത്തിയ തീയതി മാത്രമാണ് വിവാഹ രജിസ്റ്ററിൽ വിവാഹതീയതിയായി രേഖപ്പെടുത്തേണ്ടത്. മുൻകൂട്ടി നട ത്തിയ സിവിൽ രജിസ്ട്രേഷൻ തീയതി രജിസ്റ്ററിലെ റിമാർക്സ് കോളത്തിൽ മാത്രം രേഖപ്പെടുത്തിയാൽ മതിയാകും.

അതുപോലെതന്നെ, ഇടവക വികാരിമാർ വിവാഹ സർട്ടിഫിക്കറ്റുകൾ നല്കുമ്പോൾ പള്ളിയിൽ കൂദാശാപരമായി നടത്തിയ വിവാഹത്തിന്റെ തീയതി മാത്രമേ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താവൂ എന്നും സിവിൽ രജിസ്ട്രേഷൻ തീയതി ഉൾപ്പെടുത്തിയുള്ള സർട്ടിഫിക്കറ്റ് നല്കാൻ പാടില്ല എന്നും പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. ഈ രീതിയിൽ നടത്തുന്ന കൂദാശാപരമായ വിവാഹങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് കൊടുക്കേണ്ടതുമില്ല.

# ആന്റി സോഷ്യൽ പേഴ്സണാലിറ്റി ഡിസോർഡർ

മെന്റൽ ഹെൽത്ത് കോർണർ

റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ



സാമൂഹ്യവിരുദ്ധ വ്യക്തിത്വ വൈകല്യം (Anti-social Personality Disorder) പുരുഷന്മാരിലാണ് കൂടുതലായി കണ്ടുവരുന്നത്. ചെറുപ്പത്തിലേ കുട്ടികളിൽ അന്തർലീനമായ തെറ്റായ സാമൂഹ്യവിരുദ്ധമായ പ്രവൃത്തി തിരുത്തപ്പെടാത്ത പക്ഷം (Conduct Disorder) അവരെ പതിനെട്ട് വയസ്സ് കഴിയുമ്പോൾ പലപ്പോഴും സാമൂഹ്യവിരുദ്ധമായ പെരുമാറ്റ ശൈലികളിലേക്ക് നയിക്കുന്നു. ഇവർ പലപ്പോഴും മറ്റുള്ളവരുടെ വികാരങ്ങൾക്ക് വിലകൽപ്പിക്കാതെ ക്രൂരമായി പെരുമാറുന്നു. സമൂഹത്തിലെ നിയമങ്ങളെ അവഗണിച്ചുകൊണ്ട് പെരുമാറുന്നു. വ്യക്തിബന്ധങ്ങൾ ദീർഘകാലം നിലനിർത്താൻ പ്രയാസപ്പെടുന്നു. പലപ്പോഴും അനിയന്ത്രിതമായകോപവും ദേഷ്യവും പ്രകടിപ്പിക്കുന്നു. ഇവർക്ക് ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ അവരുടെ ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാകുന്നില്ല. സ്വന്തം ജീവിതപ്രശ്നങ്ങൾക്ക് ഇവർ മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നു. ഇവർ പലപ്പോഴും മറ്റുള്ളവരെ ചതിക്കുകയും അവരുടെ വേദനകണ്ടു സന്തോഷിക്കുകയും ചെയ്യുന്നു. ചിന്ത, വികാരം, പെരുമാറ്റ മാതൃക എന്നിവയിൽ സ്ഥിരമായ വ്യതിയാനം ഉണ്ടാകുന്ന ഒരു വ്യക്തിത്വവൈകല്യമാണ് ആന്റി സോഷ്യൽ പേഴ്സണാലിറ്റി ഡിസോർഡർ.

### കാരണങ്ങൾ

കുട്ടിക്കാലത്തെ ദുരനുഭവങ്ങൾ പലപ്പോഴും ഇത്തരം വൈകല്യങ്ങൾക്ക് കാരണമാകാറുണ്ട്. ഇവരുടെ കുട്ടിക്കാലത്തെ കുടുംബപശ്ചാത്തലം വേണ്ടത്ര ധാർമ്മികത, സ്നേഹം എന്നിവ ലഭിക്കാത്ത അവസ്ഥയിലൂടെ കടന്നുപോയ അവസ്ഥകൾ വ്യക്തിത്വ വൈകല്യത്തിന് കാരണമാകുുണ്ട്. മാതാപിതാക്കളുടെ ഇടയിലെ സംഘർഷങ്ങളും മദ്യപാനശീലവും പലപ്പോഴും കുട്ടികളെ വിനാശകരമായി ബാധിക്കുന്നു. അതുപോലെ തിരിച്ചറിയപ്പെടാതെയും ചികിത്സിക്കപ്പെടാതെയും പോകുന്ന കുട്ടിക്കാലത്തെ പെരുമാറ്റ വൈകല്യങ്ങളും യൗവനാരംഭത്തിൽ ഇത്തരം വ്യക്തിത്വ വൈകല്യത്തിലേക്ക് നയിക്കാം. ജൈവഘടകങ്ങളും, മസ്തിഷ്കത്തിലെ ഇംപൾസ് നിയന്ത്രണവുമായി ബന്ധപ്പെട്ട വ്യതിയാനങ്ങളും ഇത്തരം വൈകല്യങ്ങൾക്ക് കാരണമാകുന്നുണ്ട്.

### ചികിത്സാ സമീപനങ്ങൾ

മനഃശാസ്ത്ര ചികിത്സ (Psychotherapy) ഇവിടെ പ്രധാനമായും ഉപയോഗിക്കുന്നു. കൊഗ്നറ്റീവ് ബിഹേവിയർ തെറാപ്പി (CBT) തെറ്റായ ചിന്താഗതികളും പെരുമാറ്റ രീതികളും തിരിച്ചറിഞ്ഞ് അവ മാറ്റിയെടുക്കാൻ സഹായിക്കുന്നു. ദേഷ്യം നിയന്ത്രിക്കാനും സാമൂഹിക മര്യാദകൾ പാലിക്കാനും ഇതിലൂടെ സാധിക്കും. അതുപോലെ വികാര നിയന്ത്രണത്തിനും ആക്രമണ സ്വഭാവം കുറയ്ക്കാനും ഡയലറ്റിക്കൽ ബിഹേവിയർ തെറാപ്പി (DBT) പ്രയോജനപ്പെടുന്നു. ഇത്തരം പെരുമാറ്റ വൈകല്യങ്ങൾക്ക് ഒപ്പം (comorbidity) അമിതമായ ദേഷ്യവും അക്രമവാസനയും, അതുപോലെ വിഷാദമോ അമിതമായ ഉത്കണ്ഠയോ ഉണ്ടെങ്കിൽ മനോരോഗവിദഗ്ധന്റെ കീഴിൽ ചികിത്സയും ആവശ്യമായിവരുന്നു. ■

# 'കേരളഡാമിയൻ' സ്ഥാപിച്ച സന്യാസിനിസമൂഹം

**കേരളഡാമിയൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ദൈവദാസൻ മോൺ. ജോസഫ് കണ്ടത്തിൽ സ്ഥാപിച്ചതാണ് അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (ASMI) എന്ന സന്യാസിനിസമൂഹം**




എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികനായിരുന്ന മോൺ. ജോസഫ് കണ്ടത്തിൽ മുട്ടം ഫൊറോന ദേവാലയത്തിലെ സഹവികാരിയായി സേവനം അനുഷ്ഠിച്ചിരുന്ന കാലഘട്ടത്തിൽ ചേർത്തലയും സമീപഗ്രാമങ്ങളും സന്ദർശിച്ചപ്പോൾ കണ്ടകാഴ്ചകൾ അദ്ദേഹത്തിന്റെ മനമുരുക്കുന്നതായിരുന്നു. എവിടെയും ദാരിദ്ര്യം.. സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തപ്പെട്ട കുഷ്ഠരോഗികൾ.., പ്രത്യാശ നഷ്ടപ്പെട്ടവർ.. തൊഴിൽരഹിതർ... ഇരുളിൽ കഴിയുന്ന കുടുംബങ്ങളും വ്യക്തികളും. ഈ ജീവിതങ്ങൾക്ക് എങ്ങനെ പ്രകാശം പകരാൻ കഴിയും എന്ന പ്രാർത്ഥനാപൂർവ്വമായ ആലോചനകൾക്ക് ഒടുവിൽ അദ്ദേഹം ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു. അങ്ങനെയാണ് 1942ൽ കുഷ്ഠരോഗികൾക്കായി ഒരു ആശുപത്രിയും 1949 ൽ അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (ASMI) എന്ന സന്യാസിനി സമൂഹവും സ്ഥാപിച്ചത്. അവയുടെ സ്ഥാപനത്തിലൂടെ ജീവിക്കുന്ന സുവിശേഷം ചുറ്റുപാടുകളിലേക്കും പ്രസരിപ്പിക്കുന്ന മനുഷ്യസ്നേഹിയായിത്തീരുകയായിരുന്നു മോൺ. ജോസഫ് കണ്ടത്തിൽ. വിശുദ്ധ ഡാമിയനെപ്പോലെ ജീവിച്ചും കുഷ്ഠരോഗികളെ സേവിച്ചും അവരുടെ മാനവും പ്രത്യാശയും വീണ്ടെടുക്കാൻ അദ്ദേഹം പരിശ്രമിച്ചു. വൈകാതെ ജനങ്ങൾ അദ്ദേഹത്തിന് ഒരു വിശേഷണം നല്കി. കേരള ഡാമിയൻ. വർഷങ്ങൾക്ക് ശേഷം ഇപ്പോഴും അദ്ദേഹം അറിയപ്പെടുന്നത് ആ പേരിൽ തന്നെയാണ്.

1904 ഒക്ടോബർ 27ന് വൈക്കം, ചെമ്പു ദേശത്ത് കണ്ടത്തിൽ കുടുംബത്തിൽ, വർഗീസ് തോമസിന്റെയും ക്ലാരമ്മയുടെയും മകനായിട്ടായിരുന്നു മോൺ. ജോസഫ് കണ്ടത്തലിന്റെ ജനനം. 1933 ൽ മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവിന്റെ കൈവെയ്പ്പിലൂടെ വൈദികനായി അഭിഷിക്തനായി. അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാകുലേറ്റ് (ASMI) എന്ന സന്യാസിനി സമൂഹം ഇന്ന് ഇന്ത്യയിലും കെനിയ, ടാൻസാനിയ, മഡഗാസ്കർ, പാപുവ ന്യൂ ഗിനിയ, ഇറ്റലി, ജർമനി തുടങ്ങിയ രാജ്യങ്ങളിലുമായി ദരിദ്രരുടെയും രോഗികളുടെയും വയോധികരുടെയും ഉപേക്ഷിക്കപ്പെട്ടവരുടെയും ഇടയിൽ സ്ഥാപക പിതാവിന്റെ ദർശനം പങ്കുവച്ചുകൊണ്ട് സുവിശേഷപ്രവർത്തനം നിറവേറ്റുന്നു. ബധിര-മൂക വിദ്യാലയങ്ങൾ, അന്ധവിദ്യാലയങ്ങൾ, മാനസിക വൈകല്യമുള്ള കുട്ടികൾക്കായുള്ള പ്രത്യേക വിദ്യാലയങ്ങൾ, ദരിദ്രരും പ്രാദേശികരുമായ കുട്ടികൾക്കായുള്ള അപ്പർ പ്രൈമറി സ്കൂളുകൾ, ഡിസ്പെൻസറികൾ, കൗൺസലിംഗ് സെന്ററുകൾ, ജനറൽ ആശുപത്രികൾ, വൃദ്ധസദനങ്ങൾ, മറ്റ് നിരവധി സാമൂഹ്യകാരുണ്യ സ്ഥാപനങ്ങൾ എന്നിവയും ഇന്ന് അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റിനുണ്ട്.



രോഗികളുടെ വേദന കേൾക്കുകയും വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട കുട്ടികൾക്ക് പ്രത്യാശയുടെ വാതിൽ തുറക്കുകയും ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആത്മഗൗരവത്തോടെ ജീവിക്കാൻ അവസരം ഒരുക്കുകയും ചെയ്യുന്ന ഈ സ്ഥാപനങ്ങൾ ദൈവദാസന്റെ ദർശനം മനസ്സിലാക്കിയാണ് പ്രവർത്തിക്കുന്നത്. 1969-ൽ വത്തിക്കാൻ അദ്ദേഹത്തിന് നല്കിയ മോൺസിഞ്ഞോർ പദവി അദ്ദേഹത്തിന്റെ സേവനങ്ങൾക്കുള്ള അംഗീകാരമായിരുന്നു. 1991 ഡിസംബർ 12ന് മോൺ. ജോസഫ് കണ്ടത്തിൽ നിത്യനിദ്ര പ്രാപിച്ചു. അദ്ദേഹത്തിന്റെ ഭൗതിക ശരീരം ഗ്രീൻഗാർഡൻസ്, ചേർത്തലയിലെ പരിശുദ്ധ ഹൃദയ ദേവാലയത്തിൽ സംസ്കരിച്ചിരിക്കുന്നു. ഇന്നു ആ സ്ഥലം അനേകർക്ക് പ്രാർഥനയുടെയും ആശ്വാസത്തിന്റെയും പ്രത്യാശയുടെയും കേന്ദ്രമാണ്.

2019 ഒക്ടോബർ 24-ന് സഭ അദ്ദേഹത്തെ ദൈവദാസ പദവിയിലേക്കുയർത്തി. തന്റെ ജീവിതം പാവങ്ങൾക്കും വേദനിക്കുന്നവർക്കുമായി പൂർണ്ണമായി തീറെഴുതി നല്കിയ അദ്ദേഹത്തിന്റെ വിശുദ്ധജീവിതം ഒരുനാൾ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുമെന്ന ദൃഢവിശ്വാസം വിശ്വാസികളുടെ ഹൃദയങ്ങളിലുണ്ട്. ■

## വലിയ നോമ്പ്: ആരാധന ക്രമത്തിലൂടെയുള്ള ഒരു വിശകലനം

4-ാം പേജ് തുടർച്ച

നോമ്പിലെ ഭക്ഷണവർജ്ജനവും ഉപവാസവും കഠിനമായി ആരംഭിക്കുന്നത് തൊട്ടടുത്ത തിങ്കളാഴ്ച മുതലാണ്. അതിനാൽ ഇതിനെ നോമ്പിന്റെ യഥാർത്ഥ കവാടമായി കരുതുന്നു.

**ഭസ്മം പൂശൽ എന്ന ആചാരം:** യഥാർത്ഥ പൗരസ്ത്യ സുറിയാനി ക്രമത്തിൽ ഭസ്മം പൂശുന്ന ചടങ്ങ് ഉണ്ടായിരുന്നില്ല. എന്നാൽ ലത്തീൻ സഭയുമായുള്ള സമ്പർക്കത്തിലൂടെ പതിനാറാം നൂറ്റാണ്ടിനുശേഷം (ഉദയംപേരൂർ സൂനഹദോസിന് ശേഷം) സീറോ മലബാർ സഭയിൽ വിഭൂതി ബുധനിലെ ചടങ്ങുകൾക്ക് സമാനമായി തിങ്കളാഴ്ച ഭസ്മം പൂശുന്ന രീതി പ്രചാരത്തിൽ വന്നു. പഴയ നിയമത്തിലെ പശ്ചാത്താപത്തിന്റെ പ്രതീകമായ ഭസ്മം, 'മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്ക് തന്നെ മടങ്ങും' എന്ന വലിയ സത്യത്തെ ഓർമ്മിപ്പിക്കുന്നു.

**3. ലാസറിന്റെ വെള്ളിയും കൊഴുക്കട്ട ശനിയും**

ഓശാന ഞായറിന് തൊട്ടുമുമ്പുള്ള വെള്ളിയാഴ്ച ലാസറിന്റെ ഉയിർപ്പിച്ചതിനെ അനുസ്മരിക്കുന്നു. അടുത്ത ദിവസമായ ശനിയാഴ്ചയെ 'കൊഴുക്കട്ട ശനി' എന്ന് വിളിക്കുന്നു. ബെഥാനിയായിൽ ഈശോയ്ക്ക് ലഭിച്ച വിരുന്നിന്റെയും മറിയം അവിടുത്തെ പാദങ്ങളിൽ പുരട്ടിയ പരിമളതൈലത്തിന്റെയും ഓർമ്മയ്ക്കായി വീടുകളിൽ കൊഴുക്കട്ടയുണ്ടാക്കി കുരിശുവരച്ച് ഭക്ഷിക്കുന്ന മനോഹരമായ പാരമ്പര്യമാണിത്.

4. പീഡാനുഭവ ആഴ്ച (പീഡാനുഭവ ആഴ്ചയെ സൂചിപ്പിക്കാൻ സുറിയാനിയിൽ ഉപയോഗിക്കുന്ന വാക്ക് കഷ്ടാനുഭവം' അല്ലെങ്കിൽ 'പീഡാനുഭവം എന്നർത്ഥം വരുന്ന 'ഹശാ' (Hasha) എന്നതാണ്. മിശിഹായുടെ കഷ്ടാനുഭവങ്ങളെയും മരണത്തെയും അനുസ്മരിക്കുന്ന ഈ ആഴ്ച സഭയെ സംബന്ധിച്ചിടത്തോളം ഏറ്റവും വിശുദ്ധമായ സമയമാണ്.

**ഓശാന ഞായർ:** ഈശോയുടെ ജെറുസലേം പ്രവേശനം. കുരുത്തോലകൾ ഏന്തിയുള്ള പ്രദക്ഷിണം മിശിഹായെ രാജാവായി സ്വീകരിക്കുന്നതിന്റെ അടയാളമാണ്. മിശിഹാ സമാധാനത്തിന്റെ പ്രതീകമായ കഴുതക്കുട്ടിയുടെ പുറത്തു എഴുന്നള്ളുന്നത് പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രം 'കെൻലനൂസോ' (Kenlanuos) അഥവാ ദൈവത്തിന്റെ 'താഴ്മ' (Condescension) ആയിട്ടാണ് കാണുന്നത്. ലോകത്തെ രക്ഷിക്കാൻ ദൈവം എത്രത്തോളം വിനീതനായി എന്നതിന്റെ അടയാളമാണിത്. പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ചു, ഓശാന പ്രദക്ഷണത്തിൽ കുരുത്തോലകൾക്കൊപ്പം സ്ലീബായും (Sleeba) വഹിക്കുന്നു. മിശിഹായുടെ രാജത്വം കുരിശിലെ ബലിയിലൂടെയാണ് പൂർത്തിയാകുന്നതെന്നും ജറുസലേമിലേക്കുള്ള പ്രവേശനം യഥാർത്ഥത്തിൽ ബലിപീഠത്തിലേക്കുള്ള യാത്രയാണെന്നുമുള്ള യാഥാർഥ്യമാണിത് വിളിച്ചോതുന്നത്.

**പെസഹാ വ്യാഴം:** ഈശോ വിശുദ്ധ കുർബാനയും പൗരോഹിത്യവും സ്ഥാപിച്ചതിനെ സഭ ഈ ദിവസം അതിപ്രധാനമായി ആഘോഷിക്കുന്നു. ഇതിന്റെ ഭാഗമായി കാൽ കഴുകൽ ശുശ്രൂഷ പള്ളികളിൽ നടക്കുന്നു.

വീടുകളിലെ ആചാരം: 'പെസഹാ അപ്പവും' പാലും തയ്യാറാക്കുന്നത് നസ്രാണികളുടെ സവിശേഷതയാണ്. കുരുത്തോല മുറിച്ച് കുരിശിന്റെ ആകൃതിയിൽ വെച്ച ഇന്ദ്രി അപ്പം മുറിച്ചു ഭക്ഷിക്കുന്നത് മിശിഹാ തന്റെ ശരീരം മുറിച്ചു നൽകിയതിനെ സൂചിപ്പിക്കുന്നു.

**പീഡാനുഭവ വെള്ളി:** മിശിഹായുടെ ആത്മബലിയോടുള്ള വിശ്വാസിയുടെ ഹൃദയപൂർവ്വമായ ഐക്യപ്പെടലാണിത്. പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് പീഡാനുഭവ വെള്ളി എന്നത് കേവലം ഒരു ദുഃഖാചരണമല്ല, മറിച്ച് മിശിഹായുടെ മരണത്തിലൂടെ കൈവന്ന 'വിജയത്തിന്റെ' (Victory of the Cross) പ്രഘോഷണം കൂടിയാണ്. പറുദീസയിലെ 'ജീവവൃക്ഷത്തിന്' പകരമായിട്ടാണ് പൗരസ്ത്യ സുറിയാനി പിതാക്കന്മാർ കുരിശിനെ (Sleeba) കാണുന്നത്. പീഡാനുഭവ വെള്ളിയാഴ്ച മരണത്തിന്റെ ഉപകരണമെന്ന നിലയിലല്ല, മറിച്ച് ജീവൻ നൽകുന്ന വൃക്ഷമായാണ് കുരിശിനെ നാം വണങ്ങുന്നത്. മറ്റു പല പാരമ്പര്യങ്ങളും മരണത്തിൽ കേന്ദ്രീകരിക്കുമ്പോൾ, പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രം ഊന്നൽ നൽകുന്നത് മിശിഹാ മരിച്ചവർക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് (Sheol) ആദാമിനെയും ഹവ്വയെയും മോചിപ്പിക്കുന്നതിലാണ്. മരണം അവസാനമല്ല, വിജയത്തിന്റെ തുടക്കമാണെന്ന ചിന്തയാണിത്.

**കൈപ്പുനീർ:** മിശിഹാ കുരിശിൽ കിടക്കുമ്പോൾ അനുഭവിച്ച പീഡകളെ അനുസ്മരിച്ചുകൊണ്ട് വിശ്വാസികൾ പള്ളികളിൽ നിന്ന് കയ്പുനീർ കുടിക്കുന്ന പതിവ് കേരളത്തിലെ നസ്രാണികൾക്കിടയിൽ പണ്ടുമുതലേയുണ്ട്. ഇത് മിശിഹായുടെ കഷ്ടാനുഭവങ്ങളിൽ പങ്കുചേരുന്നതിന്റെ അടയാളമാണ്. ചുക്കും പാവയ്ക്കയും വിനാഗിരിയും ചേർത്തുണ്ടാക്കിയ കൈപ്പുനീർ കുടിക്കുന്നു.

**സ്ലീവാ വന്ദനം & നഗരികാണിക്കൽ:** കുരിശിനെ രക്ഷയുടെ അടയാളമായി വണങ്ങുന്ന സ്ലീവാ വന്ദനവും മിശിഹായുടെ വിലാപയാത്രയെ അനുസ്മരിപ്പിക്കുന്ന പ്രദക്ഷണവും നടക്കുന്നു. ഏശയ്യാ 53-ലെ പ്രവചനങ്ങളും പീഡാനുഭവ വായനകളും ഈ ദിവസം ഭക്തിപൂർവ്വം പാരായണം ചെയ്യുന്നു.

**പീഡാനുഭവ ശനി:** പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ വലിയ ശനിയാഴ്ചയെ 'വിശ്രമത്തിന്റെ ശനി' എന്നാണ് വിളിക്കുന്നത്. ദൈവം സൃഷ്ടികർമ്മം പൂർത്തിയാക്കി ഏഴാം ദിവസം വിശ്രമിച്ചതുപോലെ, രക്ഷാകരമായ തന്റെ ദൗത്യം പൂർത്തിയാക്കി ഈശോ കല്ലറയിൽ വിശ്രമിച്ച ദിവസമാണിത്. ഇത് മരണത്തിന്മേലുള്ള വിജയത്തിന് തൊട്ടുമുമ്പുള്ള ശാന്തതയെ സൂചിപ്പിക്കുന്നു. പീഡാനുഭവ ശനി

ഇപ്പോൾ പീഡാനുഭവശനിയിൽ പ്രത്യേക കുർബാനയും കുർബാനയിൽ പുത്തൻ തീയുടെയും പുത്തൻ വെള്ളത്തിന്റെയും ആശീർവാദവും നമുക്ക് കാണുവാൻ കഴിയും. എന്നാൽ നമ്മുടെ പാരമ്പര്യത്തിൽ പീഡാനുഭവ ശനിക്കായി പ്രത്യേക കർമ്മങ്ങൾ ഇല്ലായിരുന്നു. എന്നാൽ ഉയർപ്പ് തിരുനാളിന്റെ കർമ്മങ്ങൾ ശനിയാഴ്ച വൈകുന്നേരം ആരംഭിച്ചിരുന്നു. ആ കർമ്മത്തിൽ, മാമോദിസ സ്വീകരിക്കാൻ ഒരുങ്ങിയവർ മാമോദിസ സ്വീകരിച്ചിരുന്നു. ഈ മാമോദിസ പരികർമ്മത്തിൽ നിന്നും ഉടലെടുത്തതാണ് പുത്തൻ വെള്ളത്തിന്റെയും പുത്തൻ തീയുടെയും കർമ്മങ്ങൾ. ഇന്ന് നമ്മൾ ഉയർപ്പ് തിരുനാളിന്റെ ഈ കർമ്മങ്ങൾ വിഭജിച്ച് നടത്തുകയാണ് ചെയ്യുന്നത്. നമ്മുടെ മാമോദീസയെക്കുറിച്ച് ചിന്തിക്കുവാനും അത് ഈശോയുടെ മരണത്തിലും ഉത്ഥാനത്തിലും ഉള്ള പങ്കുചേരൽ ആണ് എന്ന് ധ്യാനിക്കുവാനും ഈ കർമ്മം നമ്മെ സഹായിക്കുന്നു.

**ഉപസംഹാരം: അനുതാപത്തിന്റെ ചൈതന്യം**

വലിയ നോമ്പ് എന്നത് കേവലം ബാഹ്യമായ അനുഷ്ഠാനങ്ങളല്ല, മറിച്ച് ഹൃദയത്തിന്റെ പരിവർത്തനമാണ്. പാപങ്ങളെ ഓർത്ത് മനസ്തപിക്കാനും ദൈവത്തിന്റെ കരുണയ്ക്കായി യാചിക്കാനും ഈ കാലം നമ്മെ പഠിപ്പിക്കുന്നു. കണ്ണുനീരോടെ പ്രാർത്ഥിക്കുന്ന സഭയെ മിശിഹാ തന്റെ കരുണയാൽ വിശുദ്ധീകരിക്കുന്നു. ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും വഴി പഴയ മനുഷ്യനെ ഉപേക്ഷിച്ച് ഉത്ഥിതനായ മിശിഹായോടൊപ്പം പുതിയ മനുഷ്യനായി ഉയിർത്തെഴുന്നേൽക്കാൻ ഈ വലിയ നോമ്പ് നമുക്ക് അവസരമൊരുക്കുന്നു. ■

# വിലങ്ങാട് ദുരന്തഭൂമിയിൽനിന്ന് പുനർജനിയിലേക്ക്




കോഴിക്കോട് ജില്ലയിലെ വിലങ്ങാട് മേഖലയിൽ 2024 ജൂലൈ 30ന് ഉണ്ടായ ഉരുൾപൊട്ടൽ ഒരു നാടിന്റെ സ്വപ്നങ്ങളെയും ജീവിത സമ്പാദ്യങ്ങളെയും ഒരു നിമിഷം കൊണ്ട് തകർത്തുകളഞ്ഞിരുന്നു. ദുരന്തത്തിൽ ഒരാൾ മരണപ്പെടുകയും 18 വീടുകൾ പൂർണ്ണമായും തകർന്നടിയുകയും 80ഓളം വീടുകൾ ഭാഗികമായി നശിക്കുകയും ചെയ്തു. റോഡുകളും പാലങ്ങളും വൈദ്യുതി ബന്ധവും തകരാറിലായതോടെ നൂറുകണക്കിന് കുടുംബങ്ങൾ ഒറ്റപ്പെടുകയും ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടുകയും ചെയ്തു. ഈ ദുരന്തസ്മരണകളെ തുടച്ചുനീക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് വിലങ്ങാടിന്റെ മണ്ണിൽ കത്തോലിക്ക സഭയുടെ നേതൃത്വത്തിൽ പുനർജീവനത്തിന്റെ പുതിയ അധ്യായം തുറന്നത്.

വിലങ്ങാടിന്റെ പുനരധിവാസ ചുമതല കത്തോലിക്ക സഭ കേരള സോഷ്യൽ സർവീസ് ഫോറത്തിനെയാണ് ഏല്പിച്ചത്. താമരശ്ശേരി രൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റിയായ സി.ഒ.ഡി (Ce- tnre for Overall Development) വഴിയാണ് ഫോറം പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ദുരിതബാധിതർക്ക് അടിയന്തര സഹായം ലഭ്യമാക്കുന്നതിനായി കാരിത്താസ് ഇന്ത്യ, കാത്തലിക് റിലീഫ് സർവീസസ് (CRS), സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് ലിയോൺ എന്നിവയുമായി സഹകരിച്ച് വീട് നഷ്ടപ്പെട്ടവരും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരുമായ 100 കുടുംബങ്ങൾക്ക് വാഷ് കിറ്റുകൾ വിതരണം ചെയ്തു. കൂടാതെ ഗുണഭോക്താക്കൾക്ക് 7,000 രൂപ വീതം നേരിട്ടുള്ള സാമ്പത്തികസഹായം നൽകി അവരുടെ അടിയന്തര ആവശ്യങ്ങൾ നിറവേറ്റാൻ സഹായിച്ചു.





കെ.സി.ബി.സി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോസ് പുളിക്കൽ, കാരിത്താസ് ഇന്ത്യ ഡയറക്ടർ ഫാ. ആന്റണി ഫെർണാണ്ടസ്, കെ.എസ്.എസ്.എഫ് പ്രതിനിധികൾ എന്നിവർ പ്രദേശം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. സീറോ മലബാർസഭയുടെ മേജർ ആർച്ചു ബിഷപ്പ് മാർ റാഫേൽ തട്ടിലും ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിലും പുനരധിവാസ പ്രവർത്തനങ്ങൾ നേരിട്ട് സന്ദർശിച്ച് അവലോകനം നടത്തി. ആശ്വാസപ്രവർത്തനങ്ങളിൽ ഒതുങ്ങാതെ, വീട് നഷ്ടപ്പെട്ടവർക്ക് സുരക്ഷിത ഭവനം ഒരുക്കുക എന്ന ദൗത്യത്തോടെ 'വിലങ്ങാട് പുനരധിവാസ പദ്ധതി' ആരംഭിച്ചു. കെ.സി.ബി.സി പ്രസിഡന്റും കർദ്ദിനാളുമായ മാർ ബസേലിയോസ് ക്ലീമിസ് ആദ്യ ശിലാസ്ഥാപനം നടത്തി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. കോഴിക്കോട് രൂപത ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ അധ്യക്ഷത വഹിച്ചു.

കെ.സി.ബി.സി, കാരിത്താസ് ഇന്ത്യ, വിവിധ രൂപതകൾ, സന്യാസസഭകൾ, വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ആകെ 70 വീടുകളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ വീടിനും ഏകദേശം 15 ലക്ഷം രൂപയാണ് നിർമ്മാണച്ചെലവ്. ഇതിൽ 41 വീടുകൾക്ക് 10 ലക്ഷം രൂപ വീതം കെ.സി.ബി.സി നേരിട്ട് നൽകുന്നു. ശേഷിക്കുന്ന തുക സി.ഒ.ഡി വിവിധ സഭാ സ്ഥാപനങ്ങളിലും വ്യക്തികളിലും നിന്ന് സമാഹരിക്കുന്നു.

എറണാകുളം-അങ്കമാലി, ഇരിങ്ങാലക്കുട, ഭദ്രാവതി, ഫരീദാബാദ്, കോഴിക്കോട്, ചിക്കാഗോ, മിസിസാഗ രൂപതകൾ; സി.എൻ.ഇ.ഡബ്ല്യു.എ (CNEWA), സി.എം.ഐ (CMI), അപ്പോസ്തോലിക് കാർമൽ, ഹോളി ക്രോസ്, ബഥനി സിസ്റ്റേഴ്സ്, എം.സി.ബി.എസ് (MCBS), കെ.സി.എം.എസ് (KCMS) തുടങ്ങിയ സന്യാസ സമൂഹങ്ങൾ; ദുബായ് സീറോമലബാർ കമ്മ്യൂണിറ്റി, ഇൻഫാം എന്നിവയും ഈ പുണ്യപ്രവർത്തനങ്ങളിൽ പങ്കാളികളായി.

ഇതിനോടകം 60 വീടുകളുടെ വെഞ്ചിരിപ്പും താക്കോൽദാനവും പൂർത്തിയായി. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം 2026 മാർച്ചോടെ പൂർത്തിയാകും. നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രാദേശിക തൊഴിലാളികളെയും സേവനങ്ങളെയും വിനിയോഗിച്ചതിലൂടെ നാട്ടുകാർക്ക് പുതിയ വരുമാന മാർഗങ്ങൾ സൃഷ്ടിക്കപ്പെട്ടു. കൂടാതെ നിർമ്മാണ സാമഗ്രികൾ പ്രാദേശികമായി വാങ്ങിയതിലൂടെ ദുരന്തബാധിത മേഖലയിലെ സാമ്പത്തിക സ്ഥിരത നിലനിർത്താനും സി.ഒ.ഡി ശ്രദ്ധ നൽകി.

വിലങ്ങാട് ഇടവക വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, മഞ്ഞക്കുന്ന് വികാരി ഫാ. ബോബി പൂവത്തിങ്കൽ, സി ഒ ഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, ആൽബിൻ സഖറിയാസ്, സിദ്ധാർത്ഥ് എസ് നാഥ് എന്നിവർ പ്രാദേശിക തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. വീടുകളുടെ വെഞ്ചിരിപ്പ് ചടങ്ങുകളിൽ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ്, ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, ബിഷപ്പ് മാർ സ്റ്റീഫൻ ചിറപ്പണത്ത്, മാർ ജോസ് കല്ലുവേലിൽ, മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, ഡോ. ഹുസൈൻ മടവൂർ എന്നിവരോടൊപ്പം വിവിധ രൂപതകളിലെ വൈദികരും സന്യാസിനികളും തദ്ദേശ ജനപ്രതിനിധികളും പങ്കെടുത്തു. ദുരന്തഭൂമിയിൽ നിന്ന് പ്രത്യാശയുടെ പുത്തൻ അധ്യായം തുറന്നുവെച്ച വിലങ്ങാട് പുനരധിവാസം, കരുണയും കൂട്ടായ്മയും ചേർന്നാൽ ദുരന്തങ്ങൾ പോലും പുതുജീവിതമായി മാറാമെന്നതിന് ശക്തമായ സാക്ഷ്യമാണ്.







കേന്ദ്ര മന്ത്രി ശ്രീ. കിരൺ റിജ്ജു കാക്കനാട് മൗണ്ട് സെന്റ് തോമസിൽ
മേജർ ആർച്ചുബിഷപ്പിനെ സന്ദർശിച്ചപ്പോൾ



കേന്ദ്ര സഹമന്ത്രി ശ്രീ ജോർജ് കുര്യൻ മാർ റാഫേൽ തട്ടിൽ
പിതാവിനെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സന്ദർശിച്ചപ്പോൾ

# ഭാരത കത്തോലിക്കാ മെത്രാൻസമിതിക്ക് പുതിയ ഭാരവാഹികൾ

2026 ഫെബ്രുവരി നാലു മുതൽ 10 വരെ നടന്നുവന്നിരുന്ന സിബിസിഐ മുപ്പത്തിയേഴാമത് ജനറൽ ബോഡി സമ്മേളനം ബംഗളൂരുവിൽ സമാപിച്ചു. സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് മെഡിക്കൽ സയൻസസിൽ വച്ചായിരുന്നു സമ്മേളനം. ഇന്ത്യയിലെ അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ചുബിഷപ്പ് ലെയോപോൾഡോ ജിറേല്ലിയുടെ പ്രധാന കാർമ്മികത്വത്തിൽ ലത്തീൻ, സീറോമലബാർ, സീറോമലങ്കര റീത്തുകളിലായി ഭാരതത്തിലെ 174 കത്തോലിക്കാ രൂപതകളിൽനിന്നുള്ള 210 മെത്രാന്മാർ പങ്കെടുത്ത വിശുദ്ധ കുർബാനയർപ്പണത്തോടെയാണ് സമ്മേളനം ആരംഭിച്ചത്. പൊതുസമ്മേളനം അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ചുബിഷപ്പ് ലെയോപോൾഡോ ജിറേല്ലി ഉദ്ഘാടനം ചെയ്തു. സിബിസിഐ പ്രസിഡന്റ് ആർച്ചുബിഷപ്പ്



ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്
ചെയർമാൻ, ഡയലോഗ് &
ഡെസ്ക് ഫോർ എക്യുമെനിസം

മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷനായിരുന്നു.

സീറോമലബാർസഭാ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, കർദിനാൾമാരായ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ്, മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ, മാർ ജോർജ് കൂവക്കാട്, ഡോ. ഫിലിപ്പ് നേരി ഫെറാവോ, സിബിസിഐ സെക്രട്ടറി ജനറൽ ആർച്ചുബിഷപ്പ് ഡോ. അനിൽ കുട്ടോ, വൈസ് പ്രസിഡന്റ് ബിഷപ്പ് ജോസഫ് മാർ തോമസ്, സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റീസ് കെ. എം. ജോസഫ്, പ്രഫ. ഡി. ഡൊമിനിക് തുടങ്ങിയവർ വിവിധ സമ്മേളനങ്ങളിൽ പ്രസംഗിച്ചു.

'സാക്ഷ്യത്തിൽ ഐക്യപ്പെടുന്നു' എന്നതായിരുന്നു സമ്മേളനത്തിന്റെ മുദ്രാവാക്യം. രാജ്യത്തെ വിവിധ സമൂഹങ്ങൾക്കിടയിൽ ഐക്യം വളർത്തുന്നതിനും നീതിയും സമാധാനവും ഉറപ്പാക്കുന്നതിനുമാകും ഭാരത കത്തോലിക്ക സഭ ശ്രമിക്കുകയെന്നു സമ്മേളനം വ്യക്തമാക്കി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരേ വർധിക്കുന്ന ആക്രമണങ്ങളെയും ഭരണഘടനാ മൂല്യങ്ങൾക്കെതിരായ വെല്ലുവിളികളെ കുറിച്ചുള്ള ആശങ്കകളും സമ്മേളനം ചർച്ച ചെയ്തു. രാജ്യത്തിന്റെ ഐക്യം, ഭരണഘടനാമൂല്യങ്ങൾ എന്നിവയ്ക്കുള്ള സ



കർദിനാൾ
ഡോ. ആന്റണി പൂള



ആർച്ചുബിഷപ്
തോമസ് മാർ
കൂറിലോസ്



ആർച്ചുബിഷപ്
മാർ മാത്യു
മൂലക്കാട്ട്



ആർച്ചുബിഷപ്
ഡോ. അനിൽ കൂട്ടോ



റവ. ഡോ. മാത്യു
കോയിക്കൽ

ഭയുടെ സാക്ഷ്യത്തെ ശക്തിപ്പെടുത്തുന്നതായിരുന്നു നടന്ന ചർച്ചകൾ. ഭാരത മെത്രാൻസംഘത്തിന്റെ സമ്മേളനത്തിൽ വിവിധ മേഖലകളിൽ ക്രൈസ്തവ സാക്ഷ്യവും സംഭാവനകളും നൽകിയ രാജ്യത്തെ പ്രമുഖരായ 16 പേരെ ആദരിച്ചു.

കഴിഞ്ഞ നാലുവർഷങ്ങളായി ഭാരത കത്തോലിക്കാ മെത്രാൻ സമിതിക്കു നേതൃത്വം നൽകിവന്ന ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്തിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്നു മാറുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. സമ്മേളനത്തിന്റെ സമാപനദിനമായ ഫെബ്രുവരി 10 നു നടന്ന ചടങ്ങിലാണു ഭാരവാഹികൾ ചുമതലയേറ്റത്. സി ബി സി ഐ യുടെ പ്രസിഡന്റായി ഹൈദരാബാദ് ആർച്ച്ബിഷപ് കർദിനാൾ ഡോ. ആന്റണി പൂലയും ഒന്നാം വൈസ് പ്രസിഡന്റായി തിരുവല്ല ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസും രണ്ടാം വൈസ് പ്രസിഡന്റായി കോട്ടയം ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ടുമാണ് ചുമതലയേറ്റത്. ഡൽഹി ആർച്ചുബിഷപ് ഡോ. അനിൽ കൂട്ടോ സെക്രട്ടറി ജനറലായും റവ. ഡോ. മാത്യു കോയിക്കൽ ഡെപ്യൂട്ടി സെക്രട്ടറി ജനലറായും തുടരും.

**കമ്മീഷൻ ചെയർമാന്മാർ:**

സിബിസിഐയുടെ ഹെൽത്ത് കെയർ വിഭാഗം ചെയർമാനായി തിരുവനന്തപുരം ലത്തീൻ ആർച്ചുബിഷപ് ഡോ. തോമസ് നെറ്റോയെയും ഡയലോഗ് ആൻഡ് ഡെസ്ക് ഫോർ എക്യുമെനിസം ചെയർമാനായി പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിനെയും ലേബർ ആൻഡ് മൈഗ്രന്റ്സ് ചെയർമാനായി മാർത്താണ്ഡം ബിഷപ് വിൻസെന്റ് മാർ പൗലോസിനെയും തെരഞ്ഞെടുത്തു. ആഗ്ര ആർച്ചുബിഷപ്പ് റൈറ്റ് റവ. റാഫി മഞ്ഞളിയാണു ഡോക്ട്രിൻ കമ്മീഷൻ ചെയർമാൻ. മറ്റു കമ്മീഷനുകളും ചെയർമാന്മാരും: ക്ലർജി, റിലീജിയസ് ആൻഡ് എൻവിഎസ്സി-ബിഷപ് ജോഹന്നസ് ഗൊറാന്ത്‌ല ഒസിഡി, എഡ്യുക്കേഷൻ ആൻഡ് കൾച്ചർ- ആർച്ചുബിഷപ് ഏലിയാസ് ഗോൺസാൽവസ്, പട്ടികജാതിപിന്നാക്ക വിഭാഗം ബിഷപ് ജയറാവു പൊലിമെറ, ആദിവാസി കാര്യം-ബിഷപ് ടെലസ്ഫോർ ബിലംഗ് എസ്‌വിഡി, സോഷ്യൽ കമ്മ്യൂണിക്കേഷൻസ്, നിസ്കോർട്ട്- ബിഷപ് വിജയകുമാർ രയാലര, എൻവയേൺമെന്റ് ആൻഡ് ക്ലൈമറ്റ് ചേഞ്ച്-ബിഷപ് ഐവാൻ പെരേര, ജസ്റ്റീസ് പീസ് ആൻഡ് ഡവലപ്മെന്റ്-ആർച്ചുബിഷപ് പീറ്റർ മച്ചാഡോ, കാരിത്താസ് ഇന്ത്യ-ആർച്ചുബിഷപ് ലീസ് നെലി.

# എ.കെ.സി.സി മിഡിൽ ഈസ്റ്റ് ലീഡേഴ്സ് മീറ്റ്




ബഹ്റൈൻ: സീറോമലബാർ സഭയുടെ ഔദ്യോഗിക സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ ബഹ്റൈനിൽ വച്ച് ഫെബ്രുവരി 26, 27 തിയതികളിൽ മിഡിൽ ഈസ്റ്റ് ലീഡേഴ്സ് മീറ്റ് (Melcon) സംഘടിപ്പിച്ചു. സീറോമലബാർസഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കാലം ആവശ്യപ്പെടുന്നത് കരുണയുടെ ലോകമാണെന്നും അത്തരമൊരു ലോകം സൃഷ്ടിക്കാൻ കരുതലുള്ള നേതാക്കൾ വളർന്നുവരേണ്ടതുണ്ടെന്നും മേജർ ആർച്ചുബിഷപ്പ് തന്റെ ഉദ്ഘാടനസന്ദേശത്തിൽ പറഞ്ഞു. സീറോമലബാർ സഭ സമുദായശക്തികര വർഷം ആചരിക്കുന്നതിന്റെ പശ്ചാതലത്തിൽ മികവുറ്റ അത്മായ നേതാക്കളെ സഭയുടെ എല്ലാമേഖലകളിലും കണ്ടെത്തി വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയും മാർ റാഫേൽ തട്ടിൽ പിതാവ് ചൂണ്ടിക്കാട്ടി. എ.കെ.സി.സി. മിഡിൽ ഈസ്റ്റ് പ്രസിഡന്റ് ഡേവിസ് എടക്കളത്തൂർ അധ്യക്ഷത വഹിച്ച യോഗത്തിൽ, ബിഷപ്പ് ലഗേറ്റും താമരശ്ശേരി രൂപതാധ്യക്ഷനുമായ മാർ റമിജിയോസ് ഇഞ്ചിനാനിയൽ, അപ്പോസ്തോലിക് വിസിറ്റേറ്റർ ഫാ. ജോളി വടക്കൻ എ. കെ. സി.സി. ഗ്ലോബൽ പ്രസിഡണ്ട് രാജീവ് കൊച്ചുപറമ്പിൽ, ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ഫാ. ജിയോ കടവി, വർഗീസ് കാരയ്ക്കൽ, ബെന്നി പുളിയിലക്കര, ജിബി അലക്സ്, ജീവൻ ചാക്കോ, ചാൾസ് ആലുക്ക, പോളി വിതയത്തിൽ എന്നിവർ പ്രസംഗിച്ചു.

# പ്ശീത്ത ബൈബിൾ പഠന ചെയർ ഉദ്ഘാടനം ചെയ്തു



വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് റിലിജിയസ് സ്റ്റഡീസ് ദൈവശാസ്ത്ര വിഭാഗം പ്ശീത്ത ബൈബിൾ പഠനത്തിന് ആരംഭിച്ച ചെയറിന്റെ ഉദ്ഘാടനം മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് നിർവഹിച്ചു. ആദ്യമായാണ് പ്ശീത്ത ബൈബിൾ പഠനത്തിന് പ്രത്യേകമായി ഒരു ചെയർ സ്ഥാപിക്കപ്പെടുന്നത്. ഇതു പുതിയ കാൽവയ്പാണെന്നും യൂണിവേഴ്സിറ്റിയുടെ സാധ്യതകളിലേക്ക് സംരംഭം വളരണമെന്നും മാർ റാഫേൽ തട്ടിൽ പറഞ്ഞു.

പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റിയട്ട് ഓഫ് റിലിജിയസ് സ്റ്റഡീസിന്റെ പുതിയ കെട്ടിട ശിലാസ്ഥാപനവും മേജർ ആർച്ച് ബിഷപ് നിർവഹിച്ചു. പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തി. ബിഷപ് ഡോ.സാമുവൽ മാർ ഐറേനിയോസ് ആശംസ നേർന്നു. മൽപാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ, സെമിനാരി റെക് ടർ റവ.ഡോ. ഡൊമനിക് വെച്ചൂർ, ഡോ. സിസ്റ്റർ സോഫി റോസ് സിഎംസി, ലൂക്ക് തോമസ് മറ്റത്തിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലിജിയസ് സ്റ്റഡീസിന്റെ പ്രസിഡന്റ് റവ.ഡോ. പോളി മണിയാട്ട് സ്വാഗതവും പ്ശീത്ത ബൈബിൾ സ്റ്റഡീസ് ചെയർ ഡയറക്ടർ റവ.ഡോ. സിറിയക് വലിയ കുന്നുംപുറത്ത് നന്ദിയും പറഞ്ഞു.

പ്ശീത്ത ബൈബിൾ സ്റ്റഡീസ് ചെയറിന്റെ പ്രഥമ ഡയറക്ടറായി റവ.ഡോ. സിറിയക് വലിയകുന്നുംപുറത്തെ നിയമിക്കുന്ന ഡിക്രി ഡീൻ റവ.ഡോ. ഡൊമിനിക് മുരിയൻകാവുങ്കൽ വായിക്കുകയും പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റിയട്ട് ഓഫ് റിലിജിയസ് സ്റ്റഡീസ് ചാൻസലർ കൂടിയായ മാർ റാഫേൽ തട്ടിലിനു സമർപ്പിക്കുകയും ചെയ്തു. മേജർ ആർച്ച്ബിഷപ് ഡിക്രി പ്രഥമ ഡയറക്ടർക്കു കൈമാറി. വത്തിക്കാനിലെ സംസ്കാരത്തിനും വിദ്യാഭ്യാസത്തിനും വേണ്ടിയുള്ള കാര്യാലയത്തിന്റെ അനുവാദത്തോടെ സുറിയാനി പാരമ്പര്യം വളർത്താനും ബൈബിൾ. സംബന്ധമായ ഗവേഷണം നടത്താനും സ്ഥാപിതമായ പഠനകേന്ദ്രമാണിത്.

# ആർച്ചുബിഷപ്പ് ജോസഫ് പൗവത്തിൽ ഫൗണ്ടേഷൻ ഉദ്ഘാടനം ചെയ്തു




ചങ്ങനാശേരി: കേരളത്തിന്റെ മത സാമൂഹികസാംസ്കാരിക, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ നിർണായക സ്വാധീനം ചെലുത്തുകയും ആഗോളസഭയുടെ ദർശനങ്ങളിൽ കൃത്യമായ ഇടപെടലുകൾ നടത്തുകയും ചെയ്ത ചങ്ങനാശേരി അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജോസഫ് പൗവത്തിലിന്റെ സ്മരണാർത്ഥം രൂപീകരിച്ച 'ആർച്ചുബിഷപ്പ് ജോസഫ് പൗവത്തിൽ ഫൗണ്ടേഷൻ' (എ.ജെ.പി.എഫ്) കുരിശുംമൂട് മീഡിയ വില്ലേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മുംബൈ മുൻ ആർച്ചുബിഷപ്പ് കർദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ് ഉദ്ഘാടനം ചെയ്തു. സീറോമലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ അധ്യക്ഷത വഹിച്ചു. കർമ്മനിരതമായ പ്രവർത്തനങ്ങളിലൂടെ അമൂല്യമായ സംഭാവനകൾ നൽകിയ മാർ ജോസഫ് പൗവത്തിലിന്റെ നാമം സഭയിലും സമൂഹത്തിലും എന്നെന്നും നിലനിൽക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഫൗണ്ടേഷന്റെ ഔദ്യോഗിക വെബ്സൈറ്റ് ഉദ്ഘാടനവും മേജർ ആർച്ചുബിഷപ്പ് നിർവഹിച്ചു.

സഭയെയും സമൂഹത്തെയും കുറിച്ച് കൃത്യമായ ദർശനവും കാഴ്ചപ്പാടുകളും പുലർത്തി പൊതുനന്മയ്ക്കായി പ്രവർത്തിച്ച സഭാചാര്യനായിരുന്നു മാർ ജോസഫ് പൗവത്തിലെന്ന് കർദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ് അനുസ്മരിച്ചു. പൗവത്തിൽ പിതാവിന്റെ പ്രവർത്തനങ്ങളെയും ആശയങ്ങളെയും സംബന്ധിച്ച ഗവേഷണം, പഠനം, പ്രസിദ്ധീകരണം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഫൗണ്ടേഷന്റെ പ്രധാന ലക്ഷ്യം. കൂടാതെ വിദ്യാഭ്യാസ ന്യൂനപക്ഷ അവകാശ സംരക്ഷണ രംഗങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകുന്നവരെ ആദരിക്കുക, സിവിൽ സർവീസ് വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുക, ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്നവരെ സഹായിക്കുക, ദളിത് വിദ്യാർഥികളുടെ വിദ്യാഭ്യാസതൊഴിൽ പ്രോത്സാഹനം ഉറപ്പാക്കുക തുടങ്ങിയവയും ഫൗണ്ടേഷന്റെ മുഖ്യ കർമ്മപദ്ധതികളിൽ ഉൾപ്പെടുന്നു.

ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത മാർ തോമസ് തറയിൽ അനുഗ്രഹപ്രഭാഷണം നടത്തി. സഭയുടെയും സമൂഹത്തിന്റെയും നിലനിൽപ്പിന് വേണ്ടിയുള്ളതായിരുന്നു പൗവത്തിൽ പിതാവിന്റെ ഓരോ ചിന്തയുമെന്ന് അദ്ദേഹം പറഞ്ഞു. പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് അനുസ്മരണ പ്രഭാഷണം നടത്തി. ആർച്ചുബിഷപ്പ് എമെരിറ്റസ് മാർ ജോസഫ് പെരുന്തോട്ടം, ആർച്ചുബിഷപ്പ് എമിരിറ്റസ് മാർ ജോർജ് വലിയമറ്റം, ആദ്യ ട്രസ്റ്റി ബിഷപ്പ് മാർ തോമസ് പാടിയത്ത്, മാനേജിംഗ് ട്രസ്റ്റി ഡോ. സിറിയക് തോമസ്, ഡോ. ജാൻസി ജയിംസ്, പ്രൊഫ. മുരളി വല്ലഭൻ, ഡോ. പി.ജെ. തോമസ് എന്നിവർ പ്രസംഗിച്ചു.

# കൃത്യമായ നിലപാട് സ്വീകരിക്കാൻ സമുദായം സജ്ജം: മാർ റാഫേൽ തട്ടിൽ



കാക്കനാട്: സാമൂഹികവിഷയങ്ങളിൽ കൃത്യമായ നിലപാട് സ്വീകരിക്കാൻ ക്രൈസ്തവസമുദായം സജ്ജമാണെന്ന് സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കത്തോലിക്ക കോൺഗ്രസ് രാഷ്ട്രീയകാര്യ നേതൃസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വരുന്ന തിരഞ്ഞെടുപ്പിൽ സമുദായ അംഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകുവാൻ രാഷ്ട്രീയ പാർട്ടികൾ തയ്യാറാകണമെന്ന് സമ്മേളനം അംഗീകരിച്ച പ്രമേയം ആവശ്യപ്പെട്ടു. മതസൗഹാർദ്ദവും സാഹോദര്യവും നിലനിർത്തുവാൻ കഠിനമായ ശ്രമങ്ങൾ ഉണ്ടാകണമെന്നും എല്ലാ വിഭാഗം ജനങ്ങൾക്കും നീതി ലഭ്യമാകണമെന്നും പ്രമേയത്തിൽ വ്യക്തമാക്കി. കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ചു. ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ, പി ആർ ഒ ഫാ. ടോം ഓലിക്കരോട്ട്, ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ഡോ. ജോസ്കുട്ടി ഒഴുകയിൽ, പ്രൊഫ. കെ. എം. ഫ്രാൻസിസ്, അഡ്വ. ടോണി പുഞ്ചക്കുന്നേൽ, രാജേഷ് ജോൺ, ബെന്നി ആന്റണി, ട്രീസ ലിസ് സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

# വികസിത തൃശൂർ, സംസ്ഥാനത്തിന് നിർണായകം: മാർ ആൻഡ്രൂസ് താഴത്ത്

തൃശൂർ: കൊച്ചി, കോഴിക്കോട് ഇടനാഴിയിലെ പ്രധാന നഗരമായ തൃശ്ശൂരിന്റെ സമഗ്രവികസനം ലക്ഷ്യം വെച്ച് ഒറ്റക്കെട്ടായി പ്രവർത്തിക്കുവാൻ കോർപ്പറേഷൻ കൗൺസിലർമാരോട് മാർ ആൻഡ്രൂസ് താഴത്ത്. തൃശ്ശൂർ കോർപ്പറേഷന്റെ തിരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർക്ക് അതിരൂപത കേന്ദ്രത്തിൽ നൽകിയ സ്വീകരണത്തിൽ സംസാരിക്കുയായിരുന്നു മാർ താഴത്ത്. നഗരത്തിൽ അത്യാവശ്യമായ റിങ് റോഡുകൾ, സ്വരാജ് റൗണ്ടിന്റെ കവാടങ്ങളായ കിഴക്കേക്കോട്ടയിലും പടിഞ്ഞാറെകോട്ടയിലും ഫ്ലൈ ഓവറുകൾ, വനിതാ സൗഹൃദ നഗരത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ വാണിജ്യ സംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിനെ കൂടുതൽ വളർത്തി ലോകത്തിനു മുമ്പിൽ അവതരിപ്പിക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെ കുറിച്ചാണ് മാർ ആൻഡ്രൂസ് താഴത്ത് കൗൺസിലർമാരുമായി സംവദിച്ചത്. സമൂഹത്തിന്റെ പൊതുനന്മയ്ക്കായി എന്നും നിലകൊള്ളുന്ന തൃശ്ശൂർ അതിരൂപത കോർപ്പറേഷൻ കൗൺസിലിന്റെ എല്ലാ



നല്ല പ്രവർത്തനങ്ങൾക്കും പിന്തുണവാഗ്ദാനം ചെയ്തു. സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, മേയർ ഡോ. നിജി ജസ്റ്റിൻ, ഡെപ്യൂട്ടി മേയർ എ. പ്രസാദ്, കൗൺസിലർമാരായ ഹിരൺ ടി ആർ, രഘുനാഥ് സി മേനോൻ, എംഎൽ റോസി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോഷി വടക്കൻ, കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് ഡോ. ജോബി കാക്കശ്ശേരി എന്നിവർ പ്രസംഗിച്ചു.

# വെള്ളരിക്കുണ്ട് അഭിഷേകാഗ്നി ബൈബിൾ കൺവെൻഷൻ സമാപിച്ചു



വെള്ളരിക്കുണ്ട്: ബഥേൽ നഗറിൽ അഞ്ചുദിനങ്ങളിലായി നടന്ന വെള്ളരിക്കുണ്ട്' അഭിഷേകാഗ്നി' ബൈബിൾ കൺവെൻഷൻ സമാപിച്ചു. 2026 ജനുവരി 30 മുതൽ ഫെബ്രുവരി മൂന്നു വരെ നടന്ന കൺവെൻഷനിൽ കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നിന്നുള്ള പതിനായിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു. അട്ടപ്പാടി സെഹിയോൻ ധ്യാന ടീം ഡയറക്ടർ ഫാ. സേവ്യർ ഖാൻ വട്ടായിൽ കൺവെൻഷൻ നയിച്ചു. തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപതയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെയും സാമുദായിക ശക്തീകരണത്തിന്റെയും ഭാഗമായാണ് കൺവെൻഷൻ സംഘടിപ്പിച്ചത്. മുൻ ആർച്ചുബിഷപ്പുമാരായ മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞരളക്കാട്ട് എന്നിവരും വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ തുടങ്ങിയവരും തുടർന്നുള്ള ദിവസങ്ങളിൽ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. മുപ്പത്തിയഞ്ചോളം വൈദികരുടെ സഹകാർമ്മികത്വത്തിൽ നടന്ന ദിവ്യകാരുണ്യ ആരാധന, കൈവയ്പു പ്രാർഥന, വചനപ്രഘോഷണം എന്നിവ വിശ്വാസികൾക്ക് ആത്മീയ നവോന്മേഷം പകർന്നു. വെള്ളരിക്കുണ്ട് ഇടവകയുടെയും ഫൊറോനയുടെയും പ്രത്യേക സംഘാടകത്വത്തിൽ നടന്ന കൺവെൻഷനിൽ അയൽ ഫൊറോനകളായ മാലോം, തോമാപുരം, പനത്തടി, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നിവിടങ്ങളിൽ നിന്നുള്ള വിശ്വാസികളും സന്യസ്തരും സജീവമായി പങ്കുചേർന്നു.

# രജതജൂബിലി നിറവിൽ കോതമംഗലം ജീവ മിൽക്ക്



ഇടുക്കി എറണാകുളം ജില്ലക ളിലെ ഹൈറേഞ്ച്– ലോ റേഞ്ച് പ്ര ദേശങ്ങളിലെ ഗ്രാമീണ ക്ഷീരകർ ഷകരുടെ ഉന്നമനത്തിനുവേണ്ടി കോതമംഗലംരൂപത തുടക്കം കു റിച്ച ജീവ മിൽക്കിന്റെ രജതജൂബിലി ആഘോഷങ്ങൾ സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെ യ്തു. ഇടുക്കി, എറണാകുളം, കോ ട്ടയം, പത്തനംതിട്ട, ആലപ്പുഴ, തൃ ശൂർ എന്നീ ആറു ജില്ലകളിൽ ജീവ മിൽക്കും ജീവയുടെ മറ്റ് ഉത്പന്ന ങ്ങളും എത്തിച്ചുനല്കുന്നു. ബി ഷപ് മാർ ജോർജ് മഠത്തിക്കണ്ട ത്തിൽ രക്ഷാധികാരിയായിട്ടുള്ള ഹൈറേഞ്ച് ഡവലപ്മെന്റ് സെന്റർ എന്ന ചാരിറ്റബിൾ സൊസൈറ്റി യുടെ കീഴിലാണ് ജീവ പ്രവർത്തി ക്കുന്നത്. മോൺ. ഡോ പയസ് മലേക്കണ്ടത്തിൽ പ്രസിഡന്റായും ഫാ. ജോസ് മൂർക്കാട്ടിൽ എക്സി ക്യൂട്ടീവ് ഡയറക്ടറായും പ്രവർത്തി ക്കുന്നു. 1988 മെയ് 10 ന് മാർ ജോർജ് പുന്നക്കോട്ടിലാണ് പ്ലാന്റ് ഓഫീ സിന്റെ തറക്കല്ലിട്ട് ആശീർവാദകർ മ്മം നിർവഹിച്ചു പ്ലാന്റ് ബിൽഡിംങ് വർക്കിന് തുടക്കംകുറിച്ചത്. ജൂബി ലിയോട് അനുബന്ധിച്ച് ക്ഷീരകർ ഷകർക്കായി സ്പെഷ്യൽ ഇൻസെ ന്റീവുകളും സഹായപദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

# കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമ്മേളനം സമാപിച്ചു



ചങ്ങനാശ്ശേരി: കേരളത്തിലെ 32 രൂപതകളിലെ അധ്യാപകരെ ഉൾ ക്കൊള്ളുന്ന ഔദ്യോഗിക പ്രസ്ഥാ നവും അംഗസംഖ്യകൊണ്ട് സംസ്ഥാ നത്തെ ഏറ്റവും വലിയ അധ്യാപക സംഘടനയുമായ കേരള കാത്ത ലിക് ടീച്ചേഴ്സ് ഗിൽഡിന്റെ ആയി രക്കണക്കിന് അധ്യാപകർ പങ്കെ ടുത്ത വാർഷിക സംസ്ഥാന സമ്മേ ളനം സമാപിച്ചു. ഫെബ്രുവരി 13 വെള്ളിയാഴ്ച വൈകുന്നേരം അഭി വന്ദ്യ മാർ ജോസഫ് പൗവ്വത്തി ലിന്റെ കബറിടത്തിൽ നിന്നും ആരം ഭിച്ച ഛായാചിത്ര പ്രയാണത്തോ ടെയാണ് സമ്മേളന നടപടികൾക്ക് തുടക്കമായത്. കുന്നന്താനം ധ്യാ നകേന്ദ്രത്തിൽ കാത്തലിക് ടീച്ചേ ഴ്സ് ഗിൽഡ് സംസ്ഥാന പ്രസിഡന്റ് ടോം മാത്യു പതാക ഉയർത്തിയ തോടെ പ്രതിനിധി സമ്മേളനത്തി നും വിദ്യാഭ്യാസ സെമിനാറിനും തുടക്കമായി. ചങ്ങനാശ്ശേരി അതി രൂപതാധ്യക്ഷൻ മാർ തോമസ് തറയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ. അജു കെ. നാരാ യണൻ സെമിനാറിന് നേതൃത്വം നൽകി.

സമ്മേളനത്തിന്റെ രണ്ടാം ദിന മായ ഫെബ്രുവരി 14 ശനിയാഴ്ച രാവിലെ ചങ്ങനാശ്ശേരി അതിമെ ത്രാസന മന്ദിരത്തിൽ നിന്നും ആയി രക്കണക്കിന് അധ്യാപകർ പങ്കെടു ത്ത ബൃഹത്തായ അവകാശ സംര ക്ഷണ റാലി നടന്നു. മാവേലിക്കര എം.പി കൊടിക്കുന്നിൽ സുരേഷ് റാലി ഫ്ലാഗ് ഓഫ് ചെയ്തു. എസ്. ബി കോളേജ് കാവുകാട്ട് ഹാളിൽ നടന്ന പൊതുസമ്മേളനം പ്രതി പക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ടോം മാത്യു അധ്യ ക്ഷത വഹിച്ച യോഗത്തിൽ ആർച്ചു ബിഷപ് മാർ തോമസ് തറയിൽ ആമുഖപ്രഭാഷണം നടത്തി. കെ. സി.ബി.സി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി മുഖ്യപ്രഭാഷ ണവും വൈസ് ചെയർമാൻ ബി ഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അനുഗ്രഹപ്രഭാഷണവും നിർവ്വ ഹിച്ചു. ജോബ് മൈക്കിൾ എം.എൽ. എ ഉൾപ്പെടെയുള്ള പ്രമുഖർ സമ്മേ ളനത്തിൽ ആശംസകളർപ്പിച്ച് സം സാരിച്ചു. മികച്ച അധ്യാപകർക്കും വിദ്യാലയങ്ങൾക്കുമുള്ള പുരസ്കാ രവും വിതരണം ചെയ്തു.

# രാജപാത സമരം: കോതമംഗലം ജനസാഗരമായി




കോതമംഗലം: ആലുവ മൂന്നാർ രാജപാത തുറന്നു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആക്ഷൻ കൗ ൺസിലും, കോതമംഗലം നഗരസ ഭയും, കീരംപാറ, കുട്ടമ്പുഴ, മാങ്കുളം പഞ്ചായത്തുകളും ചേർന്ന് നടത്തിയ പ്രതിഷേധമാർച്ച് കോതമംഗലത്തെ ജനസാഗരമാക്കി. ചെറിയപള്ളി താ ഴത്തുനിന്ന് പിഡബ്ല്യൂഡി ഓഫീ സിന് മുന്നിലേക്ക് നടന്ന പ്രതിഷേധ മാർച്ച് ഫാ.ഡോ. തോമസ് ജെ. പറയിടം ഉദ്ഘാടനം ചെയ്തു. രാ വിലെ പെയ്ത ചാറ്റൽമഴയെ വക വയ്ക്കാതെയാണ് സ്ത്രീകളടക്ക മുള്ളവർ പ്രതിഷേധമാർച്ചിൽ അ ണിനിരന്നത്. കോതമംഗലം നഗര സഭ, കീരംപാറ, കുട്ടമ്പുഴ, മാങ്കുളം പഞ്ചായത്തുകളിലെ ജനപ്രതിനി ധികളും ആക്ഷൻ കൗൺസിൽ ഭാ രവാഹികളും, വൈദികരും, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളും ബാ നറിനു കീഴിൽ മുൻനിരയിൽ അ ണിനിരന്നു. നേതൃനിരക്കും മുൻനി രയിലായി ആദിവാസി ഉന്നതിക ളിൽ നിന്നുള്ളവർ തങ്ങളുടെ ത നത് കലാരൂപമായ ആദിവാസി നൃ ത്തചുവടുകളും വാദ്യമേളങ്ങളുമാ യി പങ്കെടുത്തു. കോതമംഗലം, കീ രംപാറ, കുട്ടമ്പുഴ, മാങ്കുളം പ്രദേശ ങ്ങളിൽനിന്നെത്തിയ സ്ത്രീകളും കുട്ടമ്പുഴ, മാങ്കുളം ആദിവാസി ഉ ന്നതികളിൽ നിന്ന് ഉരുമൂപ്പൻമാരു ടെയും കാണിക്കാരൻമാരുടെയും നേതൃത്വത്തിലെത്തിയവരും പ്രതി ഷേധ മാർച്ചിൽ പങ്കെടുത്തു. രാജ പാത വനം വകുപ്പിന്റേതല്ല. തങ്ങ ളുടെതാണെന്ന് സമരക്കാർ ഒന്ന ടങ്കം പ്രഖ്യാപിച്ചു. പിഡബ്ലുഡി ഓ ഫീസിന് മുന്നിൽ നടത്തിയ പ്രതി ഷേധ ധർണ കോതമംഗലം രൂപ താധ്യക്ഷൻ മാർ ജോർജ് മഠത്തി കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സർക്കാർ ഇച്ഛാശക്തി യോടെ പഴയ ആലുവമൂന്നാർ രാജ പാത തുറക്കണമെന്ന് ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ആവശ്യപ്പെട്ടു. റോഡ് സഞ്ചാരയോ ഗ്യമാക്കിയാൽ സംസ്ഥാനത്തിന് ആകെ ഉപകാരപ്രദമാണ്. അനന്ത മായ ടൂറിസം സാധ്യതക്കാണ് ഇത് വഴിയൊരുക്കും. വിവിധ പഞ്ചായ ത്തുകളിലെ ആയിരക്കണക്കിന് ജനങ്ങൾക്കും, കർഷകർക്കും, വി വിധ ഗോത്രവർഗ ഉന്നതികളിൽ താമസിക്കുന്നവർക്കും ഏറെ പ്ര യോജനം കിട്ടുന്ന റോഡ് തുറക്കാൻ അടിയന്തരമായി തയ്യാറാവണം. അദ്ദേഹം ആവശ്യപ്പെട്ടു. മുൻ എം എൽഎ എ.കെ മണി മുഖ്യപ്രഭാ ഷണം നടത്തി. ഫാ. ജോസ് ചരപ്പ റമ്പിൽ, ഫാ. ജോർജ് കൊല്ലംപറ മ്പിൽ, കോതമംഗലം മുൻസിപ്പൽ ചെയർപേഴ്സൺ ഭാനുമതി രാജു, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെസി സാജു, ലീഗൽ അഡ്വൈ സർ എ.സി ദേവസ്യ, ഷാജി പയ്യാ നിക്കൽ, ഷിബു തെക്കുംപുറം, കെ. കെ ശിവൻ, അജി നാരായണൻ, കുട്ടൻ ഗോപാലൻ, ജോഷി പൊട്ട ക്കൽ, സാജു ജോസ്, കീരംപാറ പഞ്ചായത്ത് മുൻ പ്രസിഡന്റ് മാമ ച്ചൻ ജോസഫ് തുടങ്ങിയവർ പ്രസം ഗിച്ചു. ഫാ. അഡ്വ. റോബിൻ പടി ഞ്ഞാറെക്കുറ്റ്, ആദർശ് പണിക്കർ, പി.എക്സ്. പോൾ, ജോമി തെക്കേ ക്കര, റാണിക്കുട്ടി ജോർജ്, ജന പ്രതിനിധികൾ, വൈദികർ എന്നി വർ നേതൃത്വം നൽകി.

# മാർ മാത്യു അറയ്ക്കലിന് ആശംസകളർപ്പിച്ച് കാഞ്ഞിരപ്പള്ളി രൂപത



കാഞ്ഞിരപ്പള്ളി: കാഞ്ഞിരപ്പള്ളി രൂപതയുടെ തൃതീയ ഇടയനായി മഹനീയമായ മേൽപ്പട്ട ശുശ്രൂഷ നിർവഹിച്ച മാർ മാത്യു അറയ്ക്ക ലിന് രൂപതയുടെ സ്നേഹാദരവു കൾ. ജൂബിലിയോട് അനുബന്ധിച്ച് കത്തീഡ്രൽ മഹാജൂബിലി ഹാളിൽ ഒത്തു ചേർന്ന പ്രതിനിധി സമ്മേള നത്തിൽ വിവിധ തലങ്ങളിൽ നി ന്നുള്ളവർ ഒത്തുചേർന്നു.

മാർ ജോസ് പുളിക്കലിന്റെ അധ്യ ക്ഷതയിൽ ചേർന്ന അനുമോദന സമ്മേളനത്തിൽ ചങ്ങനാശ്ശേരി അ തിരൂപത മെത്രാപ്പോലീത്ത മാർ തോമസ് തറയിൽ, പാല രൂപതാധ്യ ക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, കാഞ്ഞിരപ്പള്ളി അമല കർമ്മലീത്ത സന്യാസിനി സമൂഹം പ്രൊവിൻ ഷ്യൽ സുപ്പീരിയർ സി. വിനയ ഗ്രേസ്, ഭാരത കത്തോലിക്ക മെത്രാൻ സ മിതി ലെയ്റ്റി കൗൺസിൽ സെക്ര ട്ടറി ഷെവ. അഡ്വ. വി.സി. സെബാ സ്റ്റ്യൻ എന്നിവർ ആശംസകളർപ്പി ച്ച് സംസാരിച്ചു. ആഴമേറിയ ആധ്യാ ത്മികതയിൽ വേരൂന്നി തുറവിയുള്ള മനസ്സോടും ഉന്നതമായ ദർശനത്തോ ടും കൂടി മേൽപ്പട്ട ശുശ്രൂഷ നിർവ ഹിച്ച മാർ മാത്യു അറയ്ക്കലിന്റെ ശുശ്രൂഷകളെ ആദരവോടും നന്ദി യോടും കൂടി സ്മരിക്കുന്നുവെന്ന് മാർ ജോസ് പുളിക്കൽ പറഞ്ഞു. സഭയോട് ചേർന്ന് സഭയ്ക്കും സമു ദായത്തിനും സമൂഹത്തിനും വേണ്ടി ശുശ്രൂഷ ചെയ്ത മാർ മാത്യു അറ യ്ക്കൽ പിതാവിന്റെ ശുശ്രൂഷകളെ കൃതജ്ഞതാപൂർവം സ്മരിക്കുന്നു വെന്ന് മാർ തോമസ് തറയിലും ആടുകൾ ചിതറിപ്പോകാതിരിക്കു ന്നതിന് ജാഗ്രതയുള്ള ധീരനായ ഇടയനായി അറയ്ക്കൽ പിതാവ് മുന്നേ നടന്നുവെന്ന് മാർ ജോസഫ് കല്ലറങ്ങാട്ടും പറഞ്ഞു.

കെ. സി. വേണുഗോപാൽ എം. പി., കോതമംഗലം രൂപത മുൻ മേല ധ്യക്ഷൻ മാർ ജോർജ് പുന്നക്കോ ട്ടിൽ തുടങ്ങിയവർ ആശംസകളർ പ്പിച്ച് സംസാരിച്ചു.

# ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്: സർക്കാർ നടപടിയെ സ്വാഗതം ചെയ്തു സീറോമലബാർസഭ



തിരുവനന്തപുരം: ക്രിസ്ത്യൻ ജനവിഭാഗങ്ങൾ നേരിടുന്ന വിവിധപ്രശ്നങ്ങൾ പഠിക്കാൻ സർക്കാർ നിയോഗിച്ച ജസ്റ്റിസ് ജെ ബി കോശി കമ്മിഷൻ റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധീകരിച്ചു. ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തുവിട്ട സർക്കാരിന്റെ നടപടിയെ സ്വാഗതം ചെയ്യുന്നതായും കൂടുതലായ പ്രതികരണങ്ങൾ റിപ്പോർട്ട് വിശദമായി പഠിച്ചശേഷം നൽകുന്നതാണെന്നും സീറോമലബാർ സഭ. ക്രൈസ്തവ സമൂഹത്തിന്റെ ദീർഘകാലമായുള്ള ആവശ്യത്തെത്തുടർന്ന് 2020 ഒക്ടോബറിലാണ് സംസ്ഥാന സർക്കാർ ഈ പഠന കമ്മീഷനെ നിയോഗിക്കാൻ തീരുമാനിച്ചത്. തുടർന്ന് 2021 ഫെബ്രുവരിയിലാണ് റിട്ട. ഹൈക്കോടതി ചീഫ് ജസ്റ്റിസ് ജെ. ബി. കോശി അധ്യക്ഷനായും റിട്ട. ഡി. ജി.പി ജേക്കബ് പുന്നൂസ്, റിട്ട.ഐ.എ.എസ് ഉദ്യോഗസ്ഥൻ ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് എന്നിവർ അംഗങ്ങളായും കമ്മീഷൻ പ്രവർത്തനം ആരംഭിച്ചത്. രണ്ടുവർഷത്തിലേറെ നീണ്ട വിശദമായ പഠനങ്ങൾക്കും തെളിവെടുപ്പുകൾക്കും ശേഷം 2023 മെയ് മാസത്തിലാണ് കമ്മീഷൻ തങ്ങളുടെ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത്. 2026 ഫെബ്രുവരി 28 നു കമ്മിഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് വിളിച്ച വിവിധ ക്രിസ്ത്യൻ സഭാപ്രതിനിധികളുടെ യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് റിപ്പോർട്ട് പ്രസിദ്ധീകരിക്കാനുള്ള തീരുമാനം പ്രഖ്യാപിച്ചത്. കമ്മീഷൻ റിപ്പോർട്ടിലെ ഇതുവരെ നടപ്പിലാക്കിയ ശുപാർശകൾ യോഗത്തിൽ വിശദീകരിച്ചു. നടപ്പിലാക്കിയ കാര്യങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്നും മുഖ്യമന്ത്രി ഉറപ്പുനൽകി.

കേന്ദ്ര സംസ്ഥാനനയങ്ങളും വിവിധ നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചാൽ മാത്രം നടപ്പിലാക്കാൻ കഴിയുന്നവയും കൂടുതൽ ആഴത്തിൽ പരിശോധന ആവശ്യമായവയുമാണ് കമ്മീഷൻ റിപ്പോർട്ടിൽ നടപ്പാക്കാൻ അവശേഷിക്കുന്നതെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു. കൂടാതെ പരിഹാരം കാണേണ്ട വിവിധ വിഭാഗങ്ങളുടെ പ്രശ്നം രേഖാമൂലം നൽകണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. പ്രസിദ്ധീകരിച്ച വിവരങ്ങളെപ്പറ്റിയും ഇനി നടപ്പാക്കാൻ ഉള്ളവയെപ്പറ്റിയും സർക്കാരുമായി ചർച്ച ചെയ്യാൻ ഒരു മേൽനോട്ട സമിതിയെ നിയോഗിക്കണമെന്ന് ചർച്ചയിൽ ആവശ്യം ഉയർന്നു. ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ടിനെ പറ്റി ചർച്ചയിൽ ഉയർന്ന് വന്ന അഭിപ്രായങ്ങളും എഴുതി തരുന്ന വിവരങ്ങളും സർക്കാർ വിശദമായി പഠിച്ച ശേഷം വീണ്ടും യോഗം ചേരാമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

ന്യൂനപക്ഷ വകുപ്പ് മന്ത്രി വി അബ്ദുറഹ്മാൻ, നിയമ വകുപ്പ് മന്ത്രി പി രാജീവ്, ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ, പ്രിൻസിപ്പൽ സെക്രട്ടറി ശർമിള മേരി ജോസഫ്, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ കെ. എം എബ്രഹാം തുടങ്ങിയവരും ക്രൈസ്തവ സമൂഹത്തെ പ്രതിനിധീകരിച്ച് വിവിധ സഭാ മേലധ്യക്ഷന്മാരും സഭാ പ്രതിനിധികളും സീറോമലബാർ സഭയെ പ്രതിനിധീകരിച്ച് അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് ചുമതലപ്പെടുത്തിയതനുസരിച്ച് ഫാ. ജെയിംസ് കൊക്കാവയലിൽ, റവ ഡോ. ജോൺ തെക്കേക്കര, പ്രൊഫ. ജോസുകുട്ടി ഒഴുകയിൽ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

# ഷെവ. പ്രഫ. ജെ ഫിലിപ്പ്; മാനേജ്മെന്റ് പഠനരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന വ്യക്തി: മാർ റാഫേൽ തട്ടിൽ



ബാംഗ്ലൂർ: മാനേജ്മെന്റ് വിദ്യാഭ്യാസരംഗത്തെ ശ്രേഷ്ഠ വ്യക്തിത്വം ഷെവ. പ്രഫ. ജെ. ഫിലിപ്പിന്റെ നിര്യാണത്തിൽ സീറോമലബാർസഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ അനുശോചിച്ചു. 2026 ഫെബ്രുവരി 21ന് ആയിരുന്നു ഷെവ. ജെ. ഫിലിപ്പ് ബാംഗ്ലൂരിൽ നിര്യാതനായത്. ഭാരതത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് മാനേജ്മെന്റ് പഠനരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന വ്യക്തിത്വമായിരുന്നു പ്രഫ. ജെ. ഫിലിപ്പ്. ചങ്ങനാശേരി അതിരൂപതയിലെ പുന്നക്കുന്നത്തുശേരി ഇടവകയിൽ നിന്ന് വളർന്ന് ആഗോളതലത്തിൽ ശ്രദ്ധേയനായപ്പോഴും തന്റെ വിശ്വാസത്തെയും സഭാപരമായ വേരുകളെയും അദ്ദേഹം മുറുകെപ്പിടിച്ചു. മേജർ ആർച്ചുബിഷപ്പ് അനുസ്മരിച്ചു. പരേതന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർഥിക്കുന്നതായും വിയോഗത്തിൽ വേദനിക്കുന്ന കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായും മാർ റാഫേൽ തട്ടിൽ പറഞ്ഞു.

മാനേജ്മന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏറ്റവും മികച്ചവയിലൊന്നായ എക്സ്. ഐ. എം. ഇയുടെ സ്ഥാപകൻ, എക്സ്.എൽ.ആർ.ഐ (XLRI) ഡീൻ എന്നീ നിലകളിൽ നിസ്തുലമായ സംഭാവനകൾ നൽകിയ ഷെവലിയർ പ്രഫ. ജെ ഫിലിപ്പ് ക്രൈസ്തവ മൂല്യങ്ങൾ എങ്ങനെ വിദ്യാഭ്യാസദർശനത്തിൽ സമന്വയിപ്പിക്കാമെന്ന് സ്വന്തം ജീവിതത്തിലൂടെ ലോകത്തിന് കാണിച്ചുകൊടുത്ത വ്യക്തിയാണ്. ബാംഗ്ളൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റിന്റെ മുൻ ഡയറക്ടർ, ഇന്ത്യൻ മാനേജുമെൻ അസോസിയേഷൻ ദേശീയ സ്ഥാപക പ്രസിഡന്റ് തുടങ്ങിയ നിരവധി രംഗങ്ങളിൽ ദേശീയവും അന്തർദേശീയവുമായ ശ്രദ്ധനേടിയ XIME (Xavier Institute of Management and Entrepreneurship) ബാംഗ്ലൂർ, കൊച്ചി, ചെന്നൈ എന്നിവയുടെ സ്ഥാപകനാണ്. ചങ്ങനാശേരി അതിരൂപതയുമായി സഹകരിച്ച് ഏറ്റുമാനൂർ പള്ളിക്കുന്നിൽ XIME ഇന്റർനാഷണൽ സ്കൂളും ഇദ്ദേഹം ആരംഭിച്ചു. സഭാ സാമൂഹികരംഗത്ത് നിസ്തുല സംഭാവനകൾ നൽകിയ അദ്ദേഹത്തെ ലെയോ പതിനാലാമൻ മാർപാപ്പ ഷെവലിയർ പദവി നൽകി ആദരിച്ചിരുന്നു. ചങ്ങനാശേരി അതിരൂപത നൽകുന്ന പരമോന്നത ബഹുമതിയായ എക്സലൻസ് അവാർഡിനും അദ്ദേഹം അർഹനായിട്ടുണ്ട്.

ബാംഗ്ലൂർ സെന്റ് ആന്റണീസ് ചർച്ചിൽ നടന്ന സംസ്കാരശുശ്രൂഷകൾക്ക് ചങ്ങനാശ്ശേരി ആർച്ചുബിഷപ് മാർ തോമസ് തറയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. 85 ഹൊസൂർ റോഡിലെ സെന്റ് പാട്രിക് സെമിത്തേരിയിലാണ് മൃതദേഹം സംസ്കരിച്ചത്. ശിഷ്യരും സഹപ്രവർത്തകരുമടക്കം വൻജനാവലി അന്ത്യോപചാരമർപ്പിക്കാൻ എത്തിയിരുന്നു.

# സമുദായ ശക്തീകരണ വർഷം; പാലക്കാട് രൂപതാതല ഉദ്ഘാടനം



പാലക്കാട്: 'സമുദായ ശക്തീകരണ വർഷം 2026'ന്റെ പാലക്കാട് രൂപതാതല ഉദ്ഘാടനം ഫെബ്രുവരി 28 ന് മുണ്ടൂർ യുവക്ഷേത്ര കോളേജിൽ ജസ്റ്റിസ് ജെ.ബി. കോശി നിർവ്വഹിച്ചു. സീറോമലബാർസഭയുടെ നിരന്തരമായ ആവശ്യപ്രകാരമാണ് ക്രിസ്ത്യൻ സമൂഹത്തിന്റെ പിന്നോക്കാവസ്ഥ പഠിക്കാൻ സർക്കാർ നടപടി സ്വീകരിച്ചതെന്ന് ഓർമിപ്പിച്ച അദ്ദേഹം മലയോര മേഖലയിലെ ജനങ്ങൾ ഇന്ന് നേരിടുന്നത് മനുഷ്യർക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് അഭിപ്രായപ്പെട്ടു. മരത്തിൽ ഉണ്ടാകുന്നത് അണ്ണാനും കുരങ്ങും കൊണ്ടുപോകുന്നു, മണ്ണിൽ നട്ടത് കാട്ടുപന്നി നശിപ്പിക്കുന്നു, ഇത് അന്വേഷിക്കാൻ ഇറങ്ങുന്ന മനുഷ്യനെ വന്യമൃഗങ്ങൾ കൊണ്ടുപോകുന്നു എന്നതാണ് ഇന്നത്തെ ദാരുണാവസ്ഥ. ഈ കമ്മീഷൻ റിപ്പോർട്ട് ഇതര സമുദായങ്ങൾക്ക് എതിരല്ലെന്നും മറിച്ച് തീരദേശത്തെയും മലയോരത്തെയും മനുഷ്യരുടെ ജീവൽപ്രശ്നങ്ങൾ പരിഹരിക്കാനാണ് ശ്രമിക്കുന്നത്. സഭയുടെയും വിവിധ സംഘടനകളുടെയും സഹകരണമാണ് കൃത്യമായ റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി.

ചടങ്ങിൽ അധ്യക്ഷത വഹിച്ച പാലക്കാട് രൂപതാ ബിഷപ് മാർ പീറ്റർ കൊച്ചുപുരക്കൽ, മാറുന്ന സാഹചര്യത്തിൽ സീറോമലബാർ സമൂഹം ഒരു ആഗോളസമൂഹമായി വളരുകയാണെന്ന് നിരീക്ഷിച്ചു. കേരളത്തിലെ സാമൂഹികസാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങൾ കുടിയേറ്റത്തെ ത്വരിതപ്പെടുത്തുന്നു. നമ്മുടെ സമൂഹം ആരുടെയും ഔദാര്യത്തിന് വേണ്ടി യാചിക്കുന്നവരല്ലെന്നും ഭരണഘടനാപരമായ അവകാശങ്ങൾ മാത്രമാണ് ആവശ്യപ്പെടുന്നതെന്നും അദ്ദേഹം അധ്യക്ഷപ്രസംഗത്തിൽപറഞ്ഞു. രൂപതയിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ കർമ്മപദ്ധതികളുടെ മാർഗരേഖ അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ പരിചയപ്പെടുത്തി. ജസ്റ്റിസ് ജെ.ബി. കോശി പ്രവർത്തന മാർഗരേഖ പ്രകാശനം ചെയ്തു. ഫാ. അരുൺ കലമറ്റത്തിൽ വിഷയാവതരണം നടത്തി. സമുദായത്തെ ആത്മീയമായും സാമൂഹികമായും ഉയർത്തുന്നതിനായുള്ള വിപുലമായ പരിപാടികളാണ് വരും മാസങ്ങളിൽ രൂപതയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഫാ. ആന്റണി പുത്തനങ്ങാടി, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റ് ട്രീസ ലിസ് സെബാസ്റ്റ്യൻ, അഡ്വ. ബോബി ബാസ്റ്റ്യൻ, സോളി തോമസ്, ജിബിൻ പയസ്, മെൽവിൻ പി. അനിൽ, എബിൻ കണിവയലിൽ എന്നിവർ പ്രസംഗിച്ചു. രൂപതാ വികാരി ജനറാൾ മോൺ. ജീജോ ചാലക്കൽ, കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ എന്നിവർ നേതൃത്വം നൽകി.

# ദൈവദാസൻ തെയോഫിൻ ഇനി ധന്യൻ



വത്തിക്കാൻ സിറ്റി: ജീവിതകാലത്തു തന്നെ 'പുണ്യാളനച്ച'നെന്നും തീക്ഷ്ണതയും പ്രവർത്തനങ്ങളും കൊണ്ട് കേരള ഫ്രാൻസിസ് സേവ്യറെന്നും അറിയപ്പെട്ട കപ്പൂച്ചിൻ വൈദികൻ തെയോഫിൻ അച്ചനെ ധന്യൻ പദവിയിലേക്ക് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ ഉയർത്തി. ഇത് സംബന്ധിച്ച ഡിക്രി, വിശുദ്ധരുടെ നാമകരണ കാര്യങ്ങൾക്കായുള്ള ഡിക്കാസ്റ്ററി ഫെബ്രുവരി 21 ന് പാപ്പായുടെ അംഗീകാരത്തോടെ പ്രസിദ്ധപ്പെടുത്തി. തെയോഫിൻ അച്ചനെ കൂടാതെ, ലെബനൻകാരനായ ബെക്കാര അബു മൊറാദിനെയും ഫ്രാൻസുകാരനായ ഗബ്രിയേലേ മരിയെയും വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കും, ഇറ്റാലിയൻകാരായ ഫ്രാഞ്ചെസ്കോ ലൊമ്പാർദി, ഫൗസ്തോ ജെയ് എന്നിവരെ ധന്യരുടെ ഗണത്തിലേക്കും ഉയർത്തി.

തെയോഫിനച്ചൻ 1913 ജൂലൈ 20 ന് കോട്ടപ്പുറത്താണ് ജനിച്ചത്. മൈക്കൽ എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ച അദ്ദേഹം 1929-ൽ വരാപ്പുഴ അതിരൂപതയുടെ മൈനർ രൂപതാ സെമിനാരിയിൽ ചേർന്നു. പിന്നീട് അദ്ദേഹം കപ്പൂച്ചിൻ സഭയിലേക്ക് ആകർഷിക്കപ്പെടുകയായിരുന്നു. 1933 ഒക്ടോബർ 31 ന് കപ്പൂച്ചിൻ സഭയിൽ ചേർന്ന് തെയോഫിൻ എന്ന നാമം സ്വീകരിച്ചു. 1941 ഏപ്രിൽ 20 ന് വൈദികനായി.

ഏറ്റവും ആദരണീയനായ കപ്പൂച്ചിൻ പ്രസംഗകരിൽ ഒരാളായി കണക്കാക്കപ്പെട്ടിരുന്ന അദ്ദേഹം ദാരിദ്ര്യാരൂപിയിൽ ജീവിക്കാൻ എപ്പോഴും പരിശ്രമിച്ചിരുന്നു. 1968 ഏപ്രിൽ 4 ന് തെയോഫിനച്ചൻ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. 2005 ജനുവരി 10 ന് ദൈവദാസനായി പ്രഖ്യാപിച്ചു. വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കും തുടർന്നു വിശുദ്ധ പദവിയിലേക്കും ഉയർത്താനുള്ള രണ്ടു ഘട്ടങ്ങളാണ് അവശേഷിക്കുന്നത്.

# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

## ഫെബ്രുവരി 02 മുതൽ 28 വരെ

- **02 തിങ്കൾ:** വടവാതൂർ സെ. തോമസ് അപ്പസ്തോലിക് സെമിനാരിയിൽ രാവിലെ വി. കുർബാനയർപ്പിച്ചു.
  വടവാതൂർ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസിൽ പ്ശീത്ത ചെയർ ഉദ്ഘാടനം ചെയ്തു.
- **03–10 :** ബാംഗ്ലൂരിൽ നടന്ന ഭാരത കത്തോലിക്കാ മെത്രാൻസമിതിയുടെ പ്ലീനറി സമ്മേളനത്തിൽ പങ്കെടുത്തു.
- **08 ഞായർ:** സി ബി സി ഐ പ്ലീനറി സമ്മേളനത്തിൽ പങ്കെടുത്ത മെത്രാന്മാരോടൊപ്പം സീറോമലബാർ ക്രമത്തിൽ അർപ്പിച്ച വി. കുർബാനയിൽ കാർമികത്വം വഹിച്ചു.
- **10 ബുധൻ:** നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയുടെ 24-മത് കോളേജ് ഡേ ഉദ്ഘാടനം ചെയ്ത് ഓട്ടോണമസ് സ്റ്റാറ്റസ് പ്രഖ്യാപനം നടത്തി.
- **15 ഞായർ:** എറണാകുളം-അങ്കമാലി അതിരൂപതയിൽ മൂന്നാംപറമ്പ് സെ. മേരീസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.
- **16 തിങ്കൾ:** കാക്കനാട് മൗണ്ട് സെന്റ് തോമസിലെ ചാപ്പലിൽ വിഭൂതി തിരുകർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു വി. കുർബാനയർപ്പിച്ചു.
  എറണാകുളം-അങ്കമാലി അതിരൂപതയിലെ ആനപ്പാറ ഫാത്തിമ മാതാ ദൈവാലയത്തിൽ ബഹു. ജോസഫ് പാലാട്ടിയച്ചന്റെ മൃതസംസ്കാര ശുശ്രുഷയുടെ സമാപന ശുശ്രുഷകളിൽ കാർമികത്വം വഹിച്ചു.
- **19 വ്യാഴം:** എറണാകുളം-അങ്കമാലി അതിരൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആലുവയിലെ ചൈൽഡ് ഡെവലപ്മെന്റ് സെന്റർ ഉദ്ഘാടനം ചെയ്തു.
  കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കത്തോലിക്കാ കോൺഗ്രസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ഉദ്ഘാടനം ചെയ്തു.
- **20 ശനി:** ചങ്ങനാശേരി മീഡിയാ വില്ലേജിൽ ആർച്ചുബിഷപ് ജോസഫ് പൗവത്തിൽ ഫൗണ്ടേഷന്റെ ഉദ്ഘാടനസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.
- **23 ചൊവ്വ:** കേന്ദ്ര ന്യൂനപക്ഷ വകുപ്പ് മന്ത്രി ശ്രീ കിരൺ റിജ്ജുവിനെ സഭാകാര്യാലയത്തിൽ സ്വീകരിച്ചു.
- **26 വ്യാഴം:** കത്തോലിക്കാ കോൺഗ്രസിന്റെ മിഡിൽ ഈസ്റ്റ് ഭാരവാഹികളുടെ സമ്മേളനം ബഹറിനിലെ മനാമയിൽ ഉദ്ഘാടനം ചെയ്തു.
- **27 വെള്ളി:** ബഹറിനിലെ അവർ ലേഡി ഓഫ് അറേബ്യ കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.
- **28 ശനി:** കേന്ദ്ര സഹ മന്ത്രി ശ്രീ ജോർജ് കുര്യനെ സഭാകാര്യാലയത്തിൽ സ്വീകരിച്ചു.



**കാതോലിക്ക കോൺഗ്രസ് മിഡ്ഡിൽ ഈസ്റ്റ് ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാമിന്റെ ഭാഗമായി മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ബഹ്റെയ്ൻ ഔർ ലേഡി ഓഫ് അറേബ്യ കത്തിഡ്രലിൽ വിശുദ്ധ കുർബാന അർപ്പിച്ചു . കത്തോലിക്ക കോൺഗ്രസ് ബിഷപ്പ് ഡെലഗേറ്റ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ, ഗൾഫ് മേഖലയിലെ അപോസ്റ്റോലിക് വിസിറ്റർ റവ ഡോ ജോളി വടക്കൻ എന്നിവർ സഹകാർമികരായിരുന്നു**

# മുംബൈ മാരത്തണിൽ ശ്രദ്ധേയനേട്ടവുമായി കാരുണ്യ ട്രസ്റ്റ്




മുംബൈ: കല്യാൺ അതിരൂപതയ്ക്കു കീഴിലുള്ള സന്നദ്ധ സേവനവിഭാഗമായ കാരുണ്യ ട്രസ്റ്റ്, 2026 ജനുവരി 18 ന് നടന്ന റ്റാറ്റ മുംബൈ മാരത്തണിന്റെ 21-ാം പതിപ്പിൽ, 1,000 ത്തിലധികം ഡോണേഴ്സിന്റെയും 80ൽ അധികം ഓൺലൈൻ ഫണ്ട് റെയ്സേഴ്സിന്റെയും 300ൽ അധികം ഓട്ടക്കാരുടെയും പിന്തുണയോടെ സജീവമായി പങ്കെടുത്തു. കാരുണ്യ ട്രസ്റ്റിനെ പ്രതിനിധീകരിച്ച് 14 പേർ ഫുൾ മാരത്തണിലും 17 പേർ ഹാഫ് മാരത്തണിലും 45 പേർ ഓപ്പൺ 10 കിലോമീറ്റർ വിഭാഗത്തിലും പങ്കെടുത്തു. കല്യാൺ അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, കാരുണ്യ ട്രസ്റ്റിന്റെ ഡയറക്ടർ ഫാ. ലിജോ വെള്ളിയാംകണ്ടത്തിൽ, അതിരൂപതയുടെ ഫൈനാൻസ് ഓഫീസർ ഫാ. ജോർജ് വട്ടമറ്റത്തിൽ എന്നിവരുൾപ്പടെ 234 പേർ ഡ്രീം റണ്ണേഴ്സ് വിഭാഗത്തിലും പങ്കാളികളായി.

2012 മുതൽ കാരുണ്യ ട്രസ്റ്റ് മുംബൈ മാരത്തണുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചുവരുന്നു. ഈ വേദി ഉപയോഗിച്ച് കാരുണ്യ ട്രസ്റ്റ് സാമൂഹികപ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണവും അതോടൊപ്പം സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരിക്കുന്നവരുടെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുള്ള പരിശ്രമവും ബോധവൽക്കരണവും നടത്തിവരികയാണ്. മുംബൈ ചേരികളിൽ താമസിക്കുന്ന 40 കുട്ടികൾ മാരത്തണിൽ കാരുണ്യ ട്രസ്റ്റിനെ പ്രതിനിധീകരിച്ച് പങ്കെടുത്തത് എല്ലാവരെയും ഉൾക്കൊള്ളുന്ന കാരുണ്യ ട്രസ്റ്റിന്റെ സമീപനത്തെ വ്യക്തമായി അടയാളപ്പെടുത്തി. മഹാരാഷ്ട്രയിലെ വിവിധ പ്രദേശങ്ങളിലായി നടപ്പാക്കുന്ന കരുണ്യ ട്രസ്റ്റിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് മുംബൈ മാരത്തൺ ഒരു പ്രധാന ധനസമാഹരണ അവസരമാണ്. മുംബൈയും താനെയും ഉൾപ്പെടെയുള്ള ജില്ലകളിൽ പ്രവർത്തിക്കുന്ന കാരുണ്യ ട്രസ്റ്റ്, ആക്രി പെറുക്കുന്നവർ, എച്ച്ഐവി/എയ്ഡ്സ് ബാധിതർ, ആദിവാസി സമൂഹങ്ങൾ, സ്ത്രീകൾ എന്നിവരുടെ ക്ഷേമത്തിനായി സമഗ്ര വികസന പദ്ധതികൾ നടപ്പാക്കി വരുന്നു.

# മാർ വാലാഹ് അക്കാദമിയിൽ സുറിയാനി ഭാഷാ പഠന കോഴ്സ് ഏപ്രിൽ 13 മുതൽ



കാക്കനാട്: സുറിയാനിഭാഷയുടെ പൈതൃകം സംരക്ഷിക്കുന്നതിനും പുതിയ തലമുറയ്ക്ക് ഈ ഭാഷ പരിചയപ്പെടുത്തുന്നതിനുമായി കാക്കനാട് മൗണ്ട് സെന്റ് തോമസിലെ മാർ വാലാഹ് സുറിയാനി അക്കാദമി അടിസ്ഥാന കോഴ്സ് സംഘടിപ്പിക്കുന്നു. ക്രൈസ്തവ പൈതൃകത്തിലും ചരിത്രത്തിലും സുറിയാനി ഭാഷയ്ക്ക് സമാനതകളില്ലാത്ത സ്ഥാനമാണുള്ളത്. ഈശോമിശിഹാ സംസാരിച്ചിരുന്ന അരമായ (Aramaic) ഭാഷയുടെ ഉപരൂപമാണ് സുറിയാനി. അതിനാൽ തന്നെ സുവിശേഷ സത്യങ്ങളെ അതിന്റെ മൂലരൂപത്തിൽ മനസ്സിലാക്കാൻ ഈ ഭാഷാ പഠനം സഹായിക്കുന്നു. കേരളത്തിലെ മാർത്തോമ്മാ നസ്രാണികളുടെ പ്രാർഥനകളും ഗീതങ്ങളും നൂറ്റാണ്ടുകളായി സുറിയാനി ഭാഷയിലാണ് നിലനിന്നിരുന്നത്. നമ്മുടെ ആരാധനാക്രമത്തിന്റെ ആഴം അറിയാൻ ഈ ഭാഷ അത്യന്താപേക്ഷിതമാണ്. മധ്യപൂർവ്വ ദേശങ്ങളുമായുള്ള കേരളത്തിന്റെ പുരാതന ബന്ധത്തിന്റെ അടയാളമാണ് സുറിയാനി. മലയാളഭാഷയിൽ കലർന്നിട്ടുള്ള അനേകം സുറിയാനി പദങ്ങൾ നമ്മുടെ സാംസ്കാരിക വിനിമയത്തിന്റെ തെളിവാണ്. സുറിയാനി ഭാഷയുടെ ആരാധനാക്രമപരവും സാംസ്കാരികവുമായ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് സുറിയാനി പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപിതമായതാണ് മാർ വാലാഹ് സുറിയാനി അക്കാദമി.

2026 ഏപ്രിൽ 13 മുതൽ 18 വരെ തീയതികളിലാണ് ക്ലാസുകൾ. രാവിലെ 9:30 മുതൽ വൈകുന്നേരം 4:00 വരെ നീണ്ടുനിൽക്കുന്ന തീവ്രപരിശീലന പരിപാടിയിൽ സുറിയാനി ഭാഷാ വ്യാകരണം, ഉച്ചാരണ രീതികൾ, ആരാധനാക്രമ സംഗീതം എന്നിവയ്ക്ക് പ്രത്യേക മുൻഗണന നൽകും. താമസിച്ചു പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഭക്ഷണവും താമസവും ഉൾപ്പെടെ ദിവസം 350 രൂപയും ഡേസ് കോളേഴ്സിന് ദിവസം 200 രൂപയുമാണ് ഫീസ്. താല്പര്യമുള്ളവർ lrcmarwlah@gmail.com എന്ന ഇമെയിൽ വഴിയോ +91 9497324768 എന്ന വാട്സ്ആപ്പ് നമ്പറിലോ ഉടൻ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: റവ. ഡോ. ജോബിൻ കാഞ്ഞിരത്തിങ്കൽ (9497324768, 9562753358)

CATHOLIC SYRO-MALABAR EPARCHY OF GREAT BRITAIN
DEEP CALLS UNTO DEEP
10
YEARS OF BLESSING

# അനുഗ്രഹത്തിന്റെ പത്തുവർഷങ്ങൾ: ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതയുടെ ഒരു പതിറ്റാണ്ട്




രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥ



മാർ യൗസേപ്പ് സ്രാമ്പിക്കൽ മെത്രാൻ

## ചരിത്രപരമായ തുടക്കം

ഗ്രേറ്റ് ബ്രിട്ടനിലെ പതിനായിരക്കണക്കിനു സീറോ മലബാർ കത്തോലിക്കരുടെ ചൈതന്യവത്തായ ആത്മീയഭവനമാണ് ഇന്ന് ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപത (Eparchy of Great Britain). ഇംഗ്ലണ്ട്, സ്കോട്ട്ലൻഡ്, വെയിൽസ് എന്നിവിടങ്ങളിലെ സീറോ മലബാർ സമൂഹത്തിന്റെ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം, സംസ്കാരം, അജപാലനം എന്നിവയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് 2016 ജൂലൈ 16-നു പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് പാപ്പായാണ് ഈ രൂപത സ്ഥാപിച്ച് ഉത്തരവിട്ടത്. വിശ്വാസികളിൽ വലിയ സന്തോഷവും പ്രത്യാശയും ഉണർത്തിക്കൊണ്ട് 2016 ജൂലൈ 28-ന് ഈ തീരുമാനം പരസ്യപ്പെടുത്തി. 2016 ഒക്ടോബർ 9-നു പ്രസ്റ്റണിലെ നോർത്ത് എൻഡ് സ്റ്റേഡിയത്തിൽവെച്ചായിരുന്നു രൂപതയുടെ ഔദ്യോഗിക ഉദ്ഘാടനം. പതിനായിരത്തിലധികം വിശ്വാസികൾ പങ്കെടുത്ത ആ ചരിത്രമുഹൂർത്തത്തിൽ, സീറോ മലബാർ സഭയിലെ വിവിധ രൂപതകളിലെ മെത്രാന്മാരും യു.കെ.യിലെ മറ്റു രൂപതകളിലെ ബിഷപ്പുമാരും പ്രമുഖ രാഷ്ട്രീയ നേതാക്കളും വൈദികരും സന്ന്യാസിനികളും സാക്ഷികളായി. സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ് മാർ ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ മാർ യൗസേപ്പ് സ്രാമ്പിക്കൽ രൂപതയുടെ പ്രഥമ മെത്രാനായി അഭിഷിക്തനാവുകയും സ്ഥാനാരോഹണം ചെയ്യുകയും ചെയ്തു. ഇതിനു തലേദിവസം, പ്രെസ്റ്റണിലുള്ള സെന്റ് അൽഫോൻസ ഓഫ് ദി ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ കത്തീഡ്രൽ ആശീർവ്വദിക്കപ്പെടുകയും സമൂഹത്തിന്റെ ആത്മീയകേന്ദ്രമായി മാറുകയും ചെയ്തു. തന്റെ മെത്രാഭിഷേകത്തിനു മുന്നോടിയായി, മാർ യൗസേപ്പ് സ്രാമ്പിക്കൽ അബർഡീൻ മുതൽ എക്സിറ്റർ വരെ 15 ദിവസങ്ങൾ നീണ്ടുനിന്ന വിപുലമായ ഒരു അജപാലനസന്ദർശനം രൂപത മുഴുവൻ നടത്തിയിരുന്നു. ഈ യാത്രയിൽ അദ്ദേഹം വിവിധ വിശുദ്ധ കുർബാന കേന്ദ്രങ്ങൾ സന്ദർശിക്കുകയും സീറോ മലബാർ വൈദികരെയും വിശ്വാസികളെയും കൂടാതെ, ഗ്രേറ്റ് ബ്രിട്ടനിലെ ലത്തീൻ രൂപതകളിലെ മെത്രാന്മാരെയും വൈദികരെയും നേരിൽ കാണുകയും ചെയ്തു. ഉദ്ഘാടനത്തെത്തുടർന്ന് ഒക്ടോബർ 11-നു രൂപതയുടെ ദൗത്യനിർവ്വഹണത്തിനു ഭരണപരമായ അടിത്തറ പാകിക്കൊണ്ട് 'കൂരിയ' (Curia) രൂപീകരിച്ചു.





മാർ യൗസേപ്പ് പാസ്റ്ററൽ ഹൗസ്

എപ്പാർക്കിയൽ കൂരിയ



വെരി റവ ഡോ ആന്റണി ചുണ്ടെലിക്കാട്ട് (പ്രോട്ടോ സിഞ്ചെല്ലൂസ്)

റവ ഡോ മാത്യു പിണക്കാട്ട് (ചാൻസിലർ)

റവ ഫാ ജോ മാത്യു മൂലേച്ചേരി വി സി (ഫിനാൻസ് ഓഫീസർ)

റവ ഫാ ഫാൻസ്വാ പത്തിൽ (വൈസ് ചാൻസിലർ)


## ശക്തമായ അടിത്തറ പാകൽ


രൂപതയുടെ സംഘടനാസംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2017 ജൂൺ 22-നു ചാരിറ്റി കമ്മീഷനിൽ ഒരു CIO ആയി ഔദ്യോഗികമായി രജിസ്റ്റർ ചെയ്തു. ഈ രജിസ്ട്രേഷൻ രൂപതയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുകയും അജപാലന-സാമ്പത്തിക-ഭരണപരമായ ഉത്തരവാദിത്തങ്ങൾ കൃത്യമായി ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കാൻ സഹായിക്കുകയും ചെയ്തു. ചാരിറ്റി സംവിധാനങ്ങൾ പൂർണ്ണമായി സജ്ജമായതിനു പിന്നാലെ പ്രെസ്റ്റണിൽ രൂപതയുടെ മൈനർ സെമിനാരി ഉദ്ഘാടനം ചെയ്യപ്പെട്ടു. രൂപത സ്ഥാപിതമായതിനു തൊട്ടുപിന്നാലെതന്നെ വ്യാപിച്ചുകിടക്കുന്ന വിവിധ വിശ്വാസിസമൂഹങ്ങളെ ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ആ സമയത്ത് ഗ്രേറ്റ് ബ്രിട്ടനിലുടനീളം 173 വിശുദ്ധ കുർബാനകേന്ദ്രങ്ങൾ സജീവമായിരുന്നു. 2018 മാർച്ച് 19-ലെ രൂപതാധ്യക്ഷന്റെ സർക്കുലർ പ്രകാരം ഈ കേന്ദ്രങ്ങളെ ഔദ്യോഗികമായി ഇടവകകൾ (Parishes), മിഷനുകൾ (Missions), പ്രൊപ്പോസ്ഡ് മിഷനുകൾ (Proposed Missions) എന്നിങ്ങനെ തരംതിരിക്കുകയും രൂപതയെ എട്ടു റീജിയണുകളായി വിഭജിക്കുകയും ചെയ്തു. 2018 മേയ് 12-നു ലിവർപൂളിൽ സ്വന്തമായി കെട്ടിടമുള്ള രൂപതയുടെ ആദ്യ ഇടവക ആശീർവ്വദിക്കപ്പെട്ടത് രൂപതയുടെ ചരിത്രത്തിലെ മറ്റൊരു സുപ്രധാന നാഴികക്കല്ലാണ്. ഇതു ബ്രിട്ടനിലെ സീറോ മലബാർ സമൂഹത്തിന്റെ വളർച്ചയുടെയും തനിമയുടെയും അടയാളമായി മാറി.

## അജപാലനദർശനവും ആസൂത്രിതമായ വളർച്ചയും

രൂപതയുടെ ആദ്യ ദശകത്തിലെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ദീർഘവീക്ഷണത്തോടെയുള്ള അജപാലന ആസൂത്രണമാണ്. 'സജീവ ശിലകൾ' (Living Stones) എന്നു പേരിട്ട 2017 മുതൽ 2022 വരെയുള്ള ആദ്യ പഞ്ചവത്സര അജപാലനപദ്ധതി 2017 നവംബർ 26-ന് ആരംഭിച്ചു. രൂപതാ സംവിധാനങ്ങൾ കെട്ടിപ്പടുക്കുന്നതിനും വിശ്വാസപരിശീലനം (Catechesis) ശക്തിപ്പെടുത്തുന്നതിനും വിശ്വാസികൾക്കിടയിൽ ഏകീകൃതമായ ഒരു സ്വത്വം വളർത്തുന്നതിനുമാണ് ഈ പദ്ധതി മുൻഗണന നല്കിയത്. ഈ അഞ്ചു വർഷങ്ങൾ യഥാക്രമം കുട്ടികളുടെ വർഷം, യുവജനവർഷം, കുടുംബവർഷം, കുടുംബയൂണിറ്റ് വർഷം, ഇടവക വർഷം എന്നിങ്ങനെയാണ് ആചരിച്ചത്.

'പരിശുദ്ധൻ പരിശുദ്ധർക്ക്' (The Holy to the Holy Ones) എന്ന പ്രമേയത്തിൽ 2022 മുതൽ 2027 വരെയുള്ള രണ്ടാമത്തെ പഞ്ചവത്സര അജപാലനപദ്ധതി 2022 നവംബർ 27-ന് ആരംഭിച്ചു. മാർത്തോമ്മാനസ്രാണികളുടെ പാരമ്പര്യം ആഴപ്പെടുത്തുന്നതിനും പരിശീലനപരിപാടികൾ (Formation programmes) മെച്ചപ്പെടുത്തുന്നതിനും അൽമായ നേതൃത്വത്തെ ശാക്തീകരിക്കുന്നതിനുമാണ് ഇതിൽ ഊന്നൽ നല്കുന്നത്. കത്തോലിക്കാസഭയിലെ



St Alphonsa of the Immaculate Conception Cathedral, Preston

ഒരു സ്വയംഭരണാധികാരമുള്ള *(Sui iuris)* സഭയെ നിർവ്വചിക്കുന്ന അഞ്ചു പ്രധാന ഘടകങ്ങൾക്കായി ഈ വർഷങ്ങൾ സമർപ്പിച്ചിരിക്കുന്നു: ആരാധനക്രമവർഷം (Year of Liturgy), ദൈവശാസ്ത്രവർഷം (Year of Theology), ആത്മീയതാവർഷം (Year of Spirituality), ശിക്ഷണക്രമവർഷം (Year of Discipline), സംസ്കാരവർഷം (Year of Culture).



Solemn blessing of the Mar Yawsep Pastoral House: Mar Joseph Srampickal and Priests with His Beatitude Mar Raphael Thattil

രണ്ടാം പഞ്ചവത്സര അജപാലനപദ്ധതിയുടെ ഭാഗമായി ആരംഭിച്ച 'ഉർഹാ ഫാമിലി ക്വിസ്' (*Urha* Family Quiz), കുടുംബങ്ങൾക്കു സീറോ മലബാർ സഭയുടെ പൗരസ്ത്യ സുറിയാനി പൈതൃകത്തെക്കുറിച്ച് ഒരുമിച്ചു പഠിക്കാനും അറിവ് ആഴപ്പെടുത്താനും അവസരമൊരുക്കുന്നു. ഓരോ വർഷത്തെയും ക്വിസ് ആ വർഷത്തെ പ്രത്യേക പ്രമേയത്തെ ആസ്പദമാക്കിയുള്ളതാണ്. ക്വിസ് മത്സരത്തിനപ്പുറം ഇതിനായി തയ്യാറാക്കുന്ന പഠനസാമഗ്രികൾ കാലാതീതമായ ഒരു വലിയ വിജ്ഞാനശേഖരമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതു ഭാവിയിൽ രൂപതയുടെ മൊത്തത്തിലുള്ള സഭാപരമായ രൂപീകരണത്തിന് വലിയൊരു മുതൽക്കൂട്ടാകും. ഈ രണ്ടു പഞ്ചവത്സര അജപാലനപദ്ധതികളും കൃത്യമായ ലക്ഷ്യബോധത്തോടെ രൂപതയെ വളർത്തുന്നു.

വൈദികരും ഡീക്കന്മാരും സമർപ്പിതരും അൽമായ പ്രതിനിധികളും ഒത്തുചേർന്ന 2017 നവംബറിലും 2022 മേയ് മാസത്തിലും നടന്ന രണ്ടു വലിയ രൂപതാ സംഗമങ്ങൾ രൂപതയുടെ ദൗത്യത്തെ വിലയിരുത്തുന്നതിനും ഭാവികാര്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സഹായിച്ചു. രൂപതയുടെ അജപാലന മുൻഗണനകൾ നിശ്ചയിക്കുന്നതിൽ ഈ സംഗമങ്ങൾ നിർണ്ണായക പങ്കുവഹിച്ചു. രൂപതയിലെ ഏറ്റവും പുതിയ വാർത്തകളും വിവരങ്ങളും വിശ്വാസികളിലേക്ക് എത്തിക്കുന്നതിനായി 2021-ൽ 'ദനഹാ' എന്ന ആഴ്ചതോറുമുള്ള ഇ-വാർത്താ ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചു തുടങ്ങി.



Consultative Meeting of the Eparchial Pastoral Council held at Leicester in May 2025

## രൂപതാ നേതൃത്വത്തിന്റെയും സംവിധാനങ്ങളുടെയും ശാക്തീകരണം

ഫലപ്രദമായ അജപാലന ഭരണം ഉറപ്പാക്കുന്നതിനായി 2020 ഓഗസ്റ്റ് 7-നു രൂപതയുടെ അഡ്ഹോക്ക് പാസ്റ്ററൽ കൗൺസിൽ (Ad hoc Pastoral Council) നിലവിൽവന്നു. അതിവേഗത്തിലുള്ള വളർച്ചയുടെ ഘട്ടത്തിൽ ഈ കൗൺസിൽ വിലപ്പെട്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി. തുടർന്ന്, 2024 ഏപ്രിൽ 27-നു പൂർണ്ണരൂപത്തിലുള്ള രൂപതാ പാസ്റ്ററൽ കൗൺസിൽ ഔദ്യോഗികമായി സ്ഥാപിതമായി. സഭയുടെ കൂട്ടായ നേതൃത്വത്തിലും അൽമായ പങ്കാളിത്തത്തിലും ഇതൊരു സുപ്രധാന നാഴികക്കല്ലായി മാറി. രൂപതയുടെ ഭരണപരവും അജപാലനപരവുമായ സംവിധാനങ്ങൾ കൂടുതൽ കരുത്തുറ്റതാക്കാൻ 2023 ഓഗസ്റ്റ് 9-നു പുറപ്പെടുവിച്ച രൂപതാധ്യക്ഷന്റെ സർക്കുലർ വഴി 'റീജിയണൽ കൗൺസിലുകൾ' (Regional Councils) രൂപീകരിച്ചു.

നിലവിൽ രൂപതയുടെ കീഴിൽ 20 കമ്മീഷനുകളും 7 ഫോറങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിശ്വാസപരിശീലനം (Catechesis), ആരാധനക്രമം, യുവജനശുശ്രൂഷ, കുടുംബ അപ്പോസ്തലേറ്റ്, സുവിശേഷവത്കരണം, സാമൂഹികസേവനം തുടങ്ങിയ വിവിധ മേഖലകൾക്കായി ഇവ ഓരോന്നും പ്രത്യേകം സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഈ സംവിധാനങ്ങൾവഴി അജപാലന ശുശ്രൂഷകൾ രൂപതയുടെ എല്ലാ കോണുകളിലും എത്തുന്നുവെന്ന് ഉറപ്പാക്കുന്നു.

## അടിസ്ഥാനസൗകര്യങ്ങളുടെ വികസനം


രൂപതയുടെ അടിസ്ഥാന സൗകര്യങ്ങളുടെ വളർച്ചയുടെയും അജപാലനവികസനത്തിന്റെയും ഒരു പ്രധാന നാഴികക്കല്ലായിരുന്നു 2024 ജൂലൈ 25-നു ബർമിംഗ്ഹാമിലെ മേരിവെയ്ലിൽ 'മാർ യൗസേപ്പ് പാസ്റ്ററൽ ഹൗസ്' വാങ്ങിയത്. 2024 സെപ്തംബർ 16-നു സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ഈ ഭവനം ആശീർവ്വദിച്ചു. വിശ്വാസികളുടെ രൂപീകരണം, ധ്യാനങ്ങൾ, പരിശീലനപരിപാടികൾ, ഭരണപരമായ ഏകോപനം എന്നിവയുടെ കേന്ദ്രമായിട്ടാണ് പാസ്റ്ററൽ ഹൗസ് വിഭാവനം ചെയ്തിരിക്കുന്നത്. രൂപതയ്ക്കു സ്വന്തമായി ഒരു അജപാലനകേന്ദ്രം വേണമെന്ന ദീർഘകാലത്തെ സ്വപ്നമാണ് ഇതിലൂടെ യാഥാർത്ഥ്യമായത്.

വിൻസെൻഷ്യൻ വൈദികരുടെ മേരിമാതാ പ്രവിശ്യയുടെ ഉദാരമനസ്കതയാൽ ഡാർലിംഗ്ടണിലെ കാർമ്മൽ ഡിവൈൻ റിട്രീറ്റ് സെന്റർ 2026-ൽ രൂപതയുടെ ഭാഗമായി മാറി. വിശ്വാസികളുടെ ആത്മീയരൂപീകരണത്തിനും മ്ശിഹായെ അറിയാൻ ആഗ്രഹിക്കുന്നവർക്കും ഈ കേന്ദ്രം വലിയ അനുഗ്രഹമായിരിക്കും.

## സജീവമായി വളരുന്ന രൂപത

കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഗ്രേറ്റ് ബ്രിട്ടനിലെ ഏറ്റവും ചൈതന്യവത്തായ കത്തോലിക്കാ സമൂഹങ്ങളിലൊന്നായി ഈ രൂപത വളർന്നു. വിശ്വാസികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവു പരിഗണിച്ച് 2023 മാർച്ച് 31-ലെ രൂപതാധ്യക്ഷന്റെ സർക്കുലർ പ്രകാരം രൂപതയിലെ 8 റീജിയണുകളെ 12 റീജിയണുകളായി പുനഃക്രമീകരിച്ചു. ഇന്നു രൂപതയ്ക്ക് 8 ഇടവകകളും 71 മിഷനുകളും 27 പ്രൊപ്പോസ്ഡ് മിഷനുകളുമുണ്ട്. എൺപതനായിരത്തിലധികം (80,000) വിശ്വാസികളാണ് ഇന്നു രൂപതയിലുള്ളത്. 80 വൈദികർ അടങ്ങുന്ന പ്രെസ്ബിത്തേരിയം വിശുദ്ധ കുർബാന, മറ്റു കൂദാശകൾ, വിശ്വാസപരിശീലനം എന്നിവ രൂപതയുടെ എല്ലാ ഭാഗങ്ങളിലും ലഭ്യമാക്കുന്നു. 2023 ഡിസംബർ 9-നു നടന്ന ഡീക്കൻ മൈക്കിൾ (ടോണി) കോച്ചേരിയുടെ മ്ശംശാന പട്ടം രൂപതയുടെ ചരിത്രത്തിലെ മറ്റൊരു പ്രധാന സംഭവമാണ്. നിലവിൽ രൂപതയ്ക്കു മൂന്ന് മേജർ സെമിനാരിക്കാരും രണ്ടു മൈനർ സെമിനാരിക്കാരുമുണ്ട്.

എയ്ൽസ്ഫോർഡ്, വാൽസിംഗ്ഹാം എന്നിവിടങ്ങളിലേക്കും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും നടത്തുന്ന വാർഷികതീർത്ഥാടനങ്ങൾ മാർത്തോമ്മാശ്ലീഹായിൽനിന്നു കൈമാറിവന്ന സമ്പന്നമായ പാരമ്പര്യങ്ങളുടെ സജീവസാക്ഷ്യമാണ്. രൂപതയിലെ ഭക്തസംഘടനകളിൽ എല്ലാ പ്രായത്തിലുമുള്ള വിശ്വാസികൾ സജീവമായി പങ്കെടുക്കുന്നു. വിശ്വാസപരിശീലകരുടെ പരിശീലനപരിപാടികൾ (Teachers' Training) മാതൃകാപരമാണ്. 2400-ൽ അധികം അധ്യാപകരും 17,000-ത്തിലധികം വിദ്യാർത്ഥികളും ഉൾപ്പെടുന്നതാണ് രൂപതയുടെ ഇന്നത്തെ വിശ്വാസപരിശീലന സംവിധാനം. വലിയനോമ്പുകാലത്ത് ബൈബിൾ അപ്പോസ്തലേറ്റ് നടത്തുന്ന 'സുവാറ ബൈബിൾ ക്വിസിൽ' ഈ വർഷം 2500 പേർ പങ്കെടുത്തു.






Thaiboosa: Annual Eparchial Women's Forum gathering (2025)

നമ്മുടെ കർത്താവായ ഈശോമിശിഹായിൽ ശരണപ്പെട്ടുകൊണ്ട് മാർ യൗസേപ്പ് സ്രാമ്പിക്കൽ ഇതുവരെ മലയാളത്തിലും ഇംഗ്ലീഷിലുമായി 22 ഇടയലേഖനങ്ങളും 130 സർക്കുലറുകളും പുറപ്പെടുവിച്ചു. രൂപതയുടെ വളർച്ച കേവലം എണ്ണത്തിലല്ല, മറിച്ച് വിശ്വാസത്തിലും ഐക്യത്തിലും മാർത്തോമ്മാമാർഗ്ഗത്തിന്റെ തനിമയിലുമാണ് പ്രതിഫലിക്കുന്നത്. ആരാധനക്രമജീവിതം, സുവിശേഷവത്കരണം, നുഹ്റ *(Nuhra)* യൂത്ത് റിട്രീറ്റ് ടീമുകൾ ഉൾപ്പെടെയുള്ള യുവജന പ്രവർത്തനങ്ങൾ, സജീവമായ കുടുംബയൂണിറ്റുകൾ, ബൈബിൾ-കുടുംബ അപ്പോസ്തലേറ്റുകൾ എന്നിവയിലൂടെ ഈ രൂപത നസ്രാണി പൈതൃകം കാത്തുസൂക്ഷിക്കുന്നു. ഇംഗ്ലണ്ട് ആൻഡ് വെയിൽസ് ബിഷപ്പ് കോൺഫറൻസിലെ അംഗം എന്ന നിലയിൽ മാർ യൗസേപ്പ് സ്രാമ്പിക്കൽ ഗ്രേറ്റ് ബ്രിട്ടനിലെ കത്തോലിക്കാസഭയുടെ പൊതുവായ പ്രവർത്തനങ്ങളിലും സുവിശേഷവത്കരണത്തിലും പ്രധാന പങ്കുവഹിക്കുന്നു. അൽമായ നേതാക്കളുടെ സേവനം രൂപതയിൽ സമാനതകളില്ലാത്തതാണ്. എല്ലാ കമ്മീഷനുകളിലും ഫോറങ്ങളിലും അൽമായ നേതൃത്വമാണ് പ്രധാന ചാലകശക്തി.

## കൃതജ്ഞതയുടെയും പ്രത്യാശയുടെയും ദശകം

അനുഗ്രഹപൂർണ്ണമായ പത്തുവർഷങ്ങൾ പിന്നിടുമ്പോൾ അത്യന്തം കൃതജ്ഞതയോടും നവമായ സമർപ്പണത്തോടും കൂടിയാണ് രൂപത മുന്നോട്ടു നോക്കുന്നത്. 2016 മുതൽ ഇന്നുവരെയുള്ള രൂപതയുടെ സജീവമായ ഈ യാത്ര ദൈവപരിപാലനയുടെയും വൈദികരുടെയും സമർപ്പിതരുടെയും നിസ്വാർത്ഥസേവനത്തിന്റെയും അൽമായ നേതാക്കളുടെ സജീവമായ നേതൃത്വത്തിന്റെയും വിശ്വാസികളുടെ അചഞ്ചലമായ പ്രതിബദ്ധതയുടെയും സാക്ഷ്യപത്രമാണ്. വരാനിരിക്കുന്ന ദശകം വളർച്ചയുടെയും ആഴമേറിയ സുവിശേഷവത്കരണത്തിന്റെയും മിശിഹായിലുള്ള വിശ്വാസത്തിനു കരുത്തുറ്റ സാക്ഷ്യം നൽകുന്നതിന്റെയും കാലമായിരിക്കുമെന്നു രൂപത പ്രത്യാശിക്കുന്നു.



Echoing the Marthoma Nasrani Tradition and Culture: Oshana Sunday at Our Lady of Perpetual Help Mission, Stoke-on-Trent

# ലോകസമാധാനത്തിനായി പ്രാർഥനാഹ്വാനം





പശ്ചിമേഷ്യയിൽ ആരംഭിച്ച യുദ്ധം അതീവഗുരുതരമായി തുടരുന്ന പശ്ചാത്തലത്തിൽ 2026 മാർച്ച് ആറ് വെള്ളിയാഴ്ച സീറോമലബാർസഭയിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ അഭ്യർത്ഥനപ്രകാരം പ്രാർഥനാദിനമായി ആചരിച്ചു. യുദ്ധത്തിന്റെ ഇരകളാക്കപ്പെട്ട എല്ലാവരോടും സീറോമലബാർസഭയുടെ പ്രാർഥനാപൂർണമായ പിന്തുണ അറിയിച്ച മേജർ ആർച്ചുബിഷപ്പ്, പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പായുടെ ആഹ്വാനം രാഷ്ട്രനേതാക്കൾ തുറന്ന മനസ്സോടെ സ്വീകരിക്കപ്പെടുന്നതിനും അതുവഴി പശ്ചിമേഷ്യയിൽ ശാന്തിയും സമാധാനവും സംജാതമാകുന്നതിനുവേണ്ടിയും പ്രാർഥിക്കാൻ എല്ലാവരെയും പ്രസ്താവനയിൽ സ്നേഹപൂർവം ആഹ്വാനംചെയ്തു.

മധ്യപൂർവ്വേഷ്യയെ ഭീതിയിലാഴ്ത്തിയ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ സമാധാനത്തിനായി പ്രാർഥിക്കുന്നതിനു ലെയോ പതിനാലാമൻ മാർപാപ്പ ആഹ്വാനം ചെയ്തു. പരസ്പരഭീഷണികളിലൂടെയോ നാശം, വേദന, മരണം എന്നിവ വിതയ്ക്കുന്ന ആയുധങ്ങളിലൂടെയോ അല്ല സ്ഥിരതയും സമാധാനവും കെട്ടിപ്പടുക്കുന്നതെന്നും മറിച്ച് ന്യായയുക്തവും ആധികാരികവും ഉത്തരവാദിത്തമുള്ളതുമായ സംഭാഷണത്തിലൂടെ മാത്രമാണ് അത് സാധ്യമാകുന്നതെന്നും പാപ്പ പറഞ്ഞു. വലിയ അനുപാതത്തിലുള്ള ദുരന്തത്തിന്റെ സാധ്യത അഭിമുഖീകരിക്കുമ്പോൾ അത് പരിഹരിക്കാനാവാത്ത വിടവായി മാറുന്നതിനു മുമ്പ്, തടയാനുള്ള ധാർമ്മികഉത്തരവാദിത്തം ഏറ്റെടുക്കാൻ രാജ്യങ്ങളോടും സഖ്യകക്ഷികളോടും പാപ്പ ആഹ്വാനം ചെയ്തു. പാക്കിസ്ഥാനിലും അഫ്ഗാനിസ്ഥാനിലും സമീപദിവസങ്ങളിൽ ഉടലെടുത്ത യുദ്ധസാഹചര്യങ്ങളെ പരാമർശിച്ച പാപ്പ സംഭാഷണത്തിലേക്കുള്ള അടിയന്തര തിരിച്ചുവരവിനായി ഇരു രാജ്യങ്ങളെയും ക്ഷണിക്കുവെന്നും കൂട്ടിച്ചേർത്തു.

# ലെയോ പതിനാലാമൻ മാർപാപ്പയുടെ അപ്പസ്തോലിക യാത്രകൾ



പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ അൾജീരിയ, കാമറൂൺ, അംഗോള, ഇക്വറ്റോറിയൽ ഗിനി, സ്പെയിൻ, മൊണാക്കോ എന്നീ രാജ്യങ്ങളിലേക്ക് അപ്പസ്തോലിക യാത്ര നടത്തുമെന്ന് പരിശുദ്ധ സിംഹാസനത്തിന്റെ പ്രെസ് ഓഫീസ് ഫെബ്രുവരി 25 ബുധനാഴ്ച പുറത്തുവിട്ട പത്രക്കുറിപ്പിലൂടെ അറിയിച്ചു.

ഈ വർഷത്തെ അപ്പസ്തോലിക യാത്രകളിൽ ഏറ്റവും ആദ്യത്തേത്, മൊണാക്കോ രാജ്യത്തേക്കുള്ള ഒരു ദിവസം മാത്രം നീണ്ടുനിൽക്കുന്നതായിരിക്കും. വലിയ ആഴ്ചയ്ക്ക് മുൻപായി, മാർച്ച് 28-ന് നടക്കുന്ന ഈ യാത്ര, ഫ്രാൻസിസ് പാപ്പായ്ക്കും തുടർന്ന് ലിയോ പതിനാലാമൻ പാപ്പായ്ക്കും രാജ്യത്തെ രാഷ്ട്രീയനേതൃത്വം നൽകിയ ക്ഷണത്തിന് മറുപടിയായാണ് നടക്കുക. കത്തോലിക്കാ വിശ്വാസം രാജ്യത്തിന്റെ ഔദ്യോഗികമതമായുള്ള യൂറോപ്യൻ രാജ്യമാണ് മൊണാക്കോ. ലോകത്തിലെ ഏറ്റവും ചെറിയ രാജ്യങ്ങളിൽ രണ്ടാമതാണ് മൊണോാക്കോ.

2026 ലെ മാർപാപ്പയുടെ അപ്പസ്തോലികയാത്രകളിൽ ഏറ്റവും ദൈർഘ്യമേറിയത്, അൾജീരിയ, കാമറൂൺ, അംഗോള, ഇക്വറ്റോറിയൽ ഗിനി എന്നീ ആഫ്രിക്കൻ രാജ്യങ്ങളിലേക്കുള്ള പത്തു ദിവസങ്ങൾ നീളുന്ന യാത്രയാണ്. ഏപ്രിൽ 13 മുതൽ 23 വരെ തീയതികളിലായിരിക്കും ഇത് നടക്കുക. അൾജീരിയയിലെ അൾജീരി, അന്നാബ എന്നിവിടങ്ങളും, കാമറൂണിൽ യൗണ്ടേ, ബമേണ്ട, ദൂവാല എന്നിവിടങ്ങളും, അംഗോളയിൽ ലുവാണ്ട, മുക്സിമ, സൗരിമോ എന്നിവിടങ്ങളും, ഇക്വറ്റോറിയൽ ഗിനിയിൽ മലാബോ, മോങ്കോമോ, ബാത്ത എന്നിവിടങ്ങളും പരിശുദ്ധ പിതാവ് സന്ദർശിക്കും.

2026ലെ മൂന്നാമത് അപ്പസ്തോലിക യാത്ര സ്പെയിനിലേക്കുള്ളതാണ്. ജൂൺ ആറ് മുതൽ പന്ത്രണ്ട് വരെ തീയതികളിലായി നടക്കുന്ന ഈ യാത്രയിൽ പാപ്പാ ആദ്യമെത്തുന്നത് തലസ്ഥാനമായ മാഡ്രിഡിലായിരിക്കും. സ്പെയിനിലേക്കുള്ള യാത്രയുടെ ഭാഗമായി കാനറി ദ്വീപുകളും പരിശുദ്ധ പിതാവ് സന്ദർശിക്കും. കാനറി ദ്വീപുകൾ യൂറോപ്പിലേക്കുള്ള കുടിയേറ്റവുമായി ബന്ധപ്പെട്ട് ഏറെ പ്രശസ്തമാണ്. വർഷം തോറും ആയിരക്കണക്കിന് കപ്പലുകളിലാണ് ആഫ്രിക്കൻ പ്രദേശങ്ങളിൽനിന്നുള്ള കുടിയേറ്റക്കാർ ഇവിടേക്ക് എത്തുന്നത് ഫ്രാൻസിസ് പാപ്പായുടെ ആഗ്രഹപൂർത്തീകരണം കൂടിയാകുന്ന ഈ സന്ദർശനത്തിൽ തെനെറീഫ്, ഗ്രാൻഡ് കാനറി എന്നിവിടങ്ങളും പാപ്പ സന്ദർശിക്കും.

# വിശ്വാസപ്പെരുമയുടെ നാനൂറ് വർഷങ്ങൾ

വത്തിക്കാൻ സിറ്റി: ലോകക്രൈസ്തവരുടെ ആത്മീയസിരാകേന്ദ്രമായ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ നാനൂറാം വാർഷികാഘോഷങ്ങൾക്ക് വത്തിക്കാൻ തുടക്കം കുറിക്കുന്നു. കത്തോലിക്കാ സഭയുടെ ഏറ്റവും പ്രധാനപ്പെട്ട തീർഥാടനകേന്ദ്രവും വാസ്തുശില്പ കലയുടെ വിസ്മയവുമായ ഈ ബസിലിക്കയുടെ പ്രതിഷ്ഠാകർമ്മത്തിന്റെ 400-ാം വാർഷികമാണ് 2026 ൽ ആചരിക്കുന്നത്. 120 വർഷത്തോളം നീണ്ടുനിന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കൊടുവിൽ 1626 നവംബർ 18-നാണ് അർബൻ എട്ടാമൻ മാർപാപ്പ നിലവിലുള്ള ബസിലിക്കയുടെ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചത്.

വിശുദ്ധ പത്രോസ് അപ്പസ്തോലന്റെ കബറിടത്തിന് മുകളിലാണ് ഈ ബൃഹത്തായ ദേവാലയം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ ചക്രവർത്തി പണികഴിപ്പിച്ച പഴയ ദേവാലയം കാലപ്പഴക്കത്താൽ ബലക്ഷയം നേരിട്ടപ്പോഴാണ് പുതിയ ബസിലിക്ക നിർമ്മിക്കാൻ സഭ തീരുമാനിച്ചത്. 1506-ൽ ജൂലിയസ് രണ്ടാമൻ മാർപാപ്പയുടെ കാലത്ത് നിർമ്മാണം ആരംഭിച്ച ബസിലിക്ക ഡോണാറ്റോ ബ്രാമാന്റെ, മൈക്കലാഞ്ചലോ, കാർലോ മദെർനോ, ജിയാൻ ലോറെൻസോ ബർണിനി തുടങ്ങിയ ലോകപ്രശസ്ത വാസ്തുശില്പികളുടെയും കലാകാരന്മാരുടെയും കരവിരുതിലാണ് പൂർത്തിയായത്.

ലോകത്തിലെ ഏറ്റവും വലിയ ദേവാലയങ്ങളിൽ ഒന്നായ സെന്റ് പീറ്റേഴ്സ് ബസിലിക്കയ്ക്ക് 2,27,000 ചതുരശ്ര അടി വിസ്തീർണ്ണമുണ്ട്. 60,000 പേരെ ഉൾക്കൊള്ളാൻ ശേഷിയുമുണ്ട്. വാസ്തുവിദ്യയിൽ ഇതിന്റെ മകുടം (Dome) ലോകപ്രശസ്തമാണ്. മൈക്കലാഞ്ചലോ രൂപകൽപ്പന ചെയ്ത ഈ മകുടത്തിന് തറനിരപ്പിൽ നിന്ന് 136 മീറ്ററിലധികം ഉയരമുണ്ട്. ബസിലിക്കയ്ക്കുള്ളിലെ മൈക്കലാഞ്ചലോയുടെ 'പിയാത്ത' (Pieta) എന്ന വിഖ്യാ ശില്പവും ബർണിനിയുടെ വെങ്കല നിർമ്മിതമായ 'ബാൽഡാക്കിനോ'യും (Baldacchino) സന്ദർശകരെ ആകർഷിക്കുന്ന വിസ്മയങ്ങളാണ്.

നാനൂറാം വാർഷികത്തോടനുബന്ധിച്ച് ലെയോ പതിനാലാമൻ മാർപാപ്പയുടെ മുഖ്യകാർമ്മികത്വത്തിൽ പ്രത്യേക ദിവ്യബലികളും ആരാധനാക്രമ ശുശ്രൂഷകളും വത്തിക്കാനിൽ നടക്കും. ബസിലിക്കയുടെ നിർമ്മാണ ചരിത്രവും സഭയുടെ ആത്മീയ പാരമ്പര്യവും വ്യക്തമാക്കുന്ന പ്രദർശനങ്ങൾ വത്തിക്കാൻ മ്യൂസിയത്തോടനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്. വാർഷികത്തിന് മുന്നോടിയായി ബസിലിക്കയിലെ പൗരാണിക ശില്പങ്ങളും ചിത്രങ്ങളും മിനുക്കിയെടുക്കുന്ന വിപുലമായ നവീകരണ പ്രവർത്തനങ്ങൾ വത്തിക്കാൻ പൂർത്തിയാക്കിയിട്ടുണ്ട്. കത്തോലിക്കാസഭയുടെ ചരിത്രത്തിലെ ഈ സുപ്രധാന നാഴികക്കല്ല് ആഘോഷിക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ലക്ഷക്കണക്കിന് തീർഥാടകർ വത്തിക്കാനിലേക്ക് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.



# പൗരസ്ത്യസഭകളുടെ കാനോൻ നിയമ പരിഷ്കാരത്തിനായുള്ള കമ്മീഷൻ സ്ഥാപിതമായി



വത്തിക്കാൻ സിറ്റി: പൗരസ്ത്യ സഭകൾക്കായുള്ള കാനോനിക നിയമവുമായി ബന്ധപ്പെട്ട വിശകലനങ്ങൾക്കും പരിഷ്കരണത്തിനുമായി പുതിയ ഒരു കാനോനിക കമ്മീഷൻ സ്ഥാപിച്ച് മെത്രാന്മാരുടെ സിനഡിന്റെ ജനറൽ സെക്രട്ടേറിയറ്റ്. ലത്തീൻ സഭയുടെ കാനോനികനിയമങ്ങളുമായി ബന്ധപ്പെട്ട് 2023 ഡിസംബറിൽ സ്ഥാപിക്കപ്പെട്ട കാനോനിക കമ്മീഷനോട് സഹകരിച്ചുകൊണ്ടായിരിക്കും പുതിയ കമ്മീഷന്റെ പ്രവർത്തനങ്ങൾ. വിവിധ പൗരസ്ത്യ കാതോലിക്കാ സഭാനേതൃത്വങ്ങളുടെ അഭ്യർത്ഥനയുടെയും നാളിതുവരെ നടന്ന സിനഡാത്മക പ്രവർത്തനങ്ങളുടെയും വെളിച്ചത്തിൽ, പൗരസ്ത്യ കാനോനിക നിയമം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ട ഈ കമ്മീഷന്റെ ആദ്യ സമ്മേളനം സിനഡിന്റെ ജനറൽ സെക്രട്ടേറിയറ്റിൽ ഫെബ്രുവരി 20ന് നടന്നു.

പൗരസ്ത്യ കാനോനികനിയമങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് 2024ൽ ഫ്രാൻസിസ് പാപ്പാ സ്ഥാപിച്ച ഒന്നാം പഠനഗ്രൂപ്പുമായി സഹകരിച്ച് പൗരസ്ത്യ കത്തോലിക്കാസഭകളും ലത്തീൻസഭയും തമ്മിലുള്ള ബന്ധത്തിലെ ചില പ്രത്യേക കാര്യങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു പ്രത്യേക കമ്മീഷൻ വേണമെന്ന ബോധ്യത്തിലാണ് പുതിയ ഈ കമ്മീഷൻ സ്ഥാപിക്കപ്പെട്ടതെന്ന് സിനഡിന്റെ സെക്രട്ടറി ജനറൽ കർദിനാൾ മാരിയോ ഗ്രെഹ് അറിയിച്ചു. വത്തിക്കാനിലെ വിവിധ ഡികാസ്റ്ററികളുടെ സഹകരണം ഉറപ്പാക്കിക്കൊണ്ടുള്ള പുതിയ കമ്മീഷന്റെ പ്രവർത്തനത്തിൽ, നിയമനിർമ്മാണത്തിനും വിശദീകരണത്തിനും വേണ്ടിയുള്ള ഡികാസ്റ്ററി, പൗരസ്ത്യസഭകൾക്കായുള്ള ഡികാസ്റ്ററി എന്നിവയുടെ വിദഗ്ദോപദേശക സമിതിയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട കാനോനിക നിയമവിദഗ്ധരും പങ്കെടുക്കും.

സിനഡൽ പ്രക്രിയയിൽ, പ്രത്യേകിച്ച് സംഗ്രഹറിപ്പോർട്ടിലും (2023) ബിഷപ്പുമാരുടെ സിനഡിന്റെ പതിനാറാം സാധാരണ പൊതുസമ്മേളനത്തിന്റെ അന്തിമ രേഖയിലും (2024) ഉയർന്നുവന്ന നിർദ്ദേശങ്ങൾ 'നടപ്പിലാക്കാനുള്ള കമ്മീഷനാണ് ഇത്.. സിനഡാത്മക പ്രവർത്തനങ്ങളുടെ ശൈലിയിൽ തങ്ങളുടേതായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും 2026 ഏപ്രിൽ 15ന് മുൻപായി സിനഡിന്റെ ജനറൽ സെക്രട്ടറിയേറ്റിന് നൽകാൻ, വ്യക്തിഗത (സുയി യൂറിസ്) സഭകളോടും മെത്രാൻസമിതികളോടും, പുതിയ കമ്മീഷന്റെ സ്ഥാപനവും പ്രവർത്തനവും സംബന്ധിച്ച് പുറത്തിറക്കിയ പത്രക്കുറിപ്പിലൂടെ കർദിനാൾ ഗ്രെഹ് അഭ്യർത്ഥിച്ചു.